No/303/2021/SRG/LSGD(CC)(7)

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.03.2022 ന കൂടിയ യോഗത്തിന്റെ നടപടി കുറിപ്പ്.**

യോഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ഓൺലൈനായി ആരംഭിച്ചു. ബഹു തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചു. പങ്കെടുത്തവരുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

1. **തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2021-22-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം**

11.03.22 വരെയുള്ള ആകെ പദ്ധതി ചെലവ് 61.98 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 64.35 ശതമാനം വരും. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് ആലപ്പുഴ ജില്ലയിലും (67.87 ശതമാനം) ഏറ്റവും കുറവ് ഇടുക്കി ജില്ലയിലുമാണ് (56.66 ശതമാനം). 154.44 കോടി രൂപയുടെ 6006 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ 195.76 കോടി രൂപയുടെ 8278 ബില്ലുകളാണ് ട്രഷറിയിൽ പെന്റിംഗ് ആയി ഉള്ളത്.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനം | ജനറൽ | SCP | TSP | CFC | Total |
|---|---|---|---|---|---|---|
| 1 | **ഗ്രാമ പഞ്ചായത്ത്** | 80.47 | 72.99 | 70.28 | 31.99 | 66.67 |
| 2 | **ബ്ലോക്ക് പഞ്ചായത്ത്** | 73.95 | 67.56 | 62.81 | 33.56 | 62.82 |
| 3 | **ജില്ലാ പഞ്ചായത്ത്** | 60.52 | 46.69 | 54.44 | 25.91 | 49.02 |
| 4 | **മുനിസിപ്പാലിറ്റി** | 88.41 | 48.97 | 27.00 | 30.19 | 57.92 |
| 5 | **കോർപ്പറേഷൻ** | 60.23 | 41.88 | 12.61 | - | 57.92 |
| 6 | **ആകെ** | 75.43 | 63.22 | 62.24 | 31.07 | 61.98 |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| | | |
|---|---|---|
| 1 | ആലപ്പുഴ | 67.87 |
| 2 | കൊല്ലം | 67 |
| 3 | തൃശ്ശൂർ | 65.43 |
| 4 | പത്തനംതിട്ട | 62.59 |
| 5 | കണ്ണൂർ | 62.3 |
| 6 | തിരുവനന്തപുരം | 62.23 |
| 7 | കോട്ടയം | 62.15 |
| 8 | വയനാട് | 61.88 |
| 9 | എറണാകുളം | 61.15 |
| 10 | മലപ്പുറം | 60.02 |
| 11 | കോഴിക്കോട് | 59.52 |
| 12 | പാലക്കാട് | 58.88 |
| 13 | കാസർഗോഡ് | 57.11 |
| 14 | ഇടുക്കി | 56.66 |

## തദ്ദേശഭരണസ്ഥാപനം തിരിച്ച് പെന്റിംഗ് ബില്ലുകളുടെ എണ്ണവും തുകയും

| തദ്ദേശഭരണ സ്ഥാപനം | ബില്ലുകളുടെ എണ്ണം | തുക(കോടി) |
|---|---|---|
| 1) ഗ്രാമപഞ്ചായത്ത് | 5627 | 76.13 |
| 2) ബ്ലോക്ക് പഞ്ചായത്ത് | 1183 | 14.53 |
| 3) ജില്ലാ പഞ്ചായത്ത് | 535 | 15.87 |
| 4) മുനിസിപ്പാലിറ്റി | 706 | 78.29 |
| 5) കോർപ്പറേഷൻ | 227 | 10.92 |
| **ആകെ** | **8278** | **195.74** |

**പുതിയ പ്രോജക്ടുകളുടേയും സ്പിൽ ഓവർ പ്രോജക്ടുകളുടേയും തരം തിരിച്ചുള്ള ചെലവ് താഴെ ചേർക്കുന്നു.**

| തദ്ദേശഭരണ സ്ഥാപനം | പദ്ധതി ചെലവ് (ശതമാനം) | | | | | |
|---|---|---|---|---|---|---|
| | പുതിയ പ്രോജക്ട് | കഴിഞ്ഞ CCക്കു ശേഷമുള്ള വർദ്ധനവ് | സ്പിൽ ഓവർ പ്രോജക്ട് | കഴിഞ്ഞ CCക്കു ശേഷമുള്ള വർദ്ധനവ് | ആകെ | കഴിഞ്ഞ CCക്കു ശേഷമുള്ള വർദ്ധനവ് |
| 1) ഗ്രാമപഞ്ചായത്ത് | 58.24 | 11.6 | 8.43 | 1.21 | 66.67 | 12.81 |
| 2) ബ്ലോക്ക് പഞ്ചായത്ത് | 54.79 | 13.48 | 8.03 | 1.13 | 62.82 | 14.61 |
| 3) ജില്ലാ പഞ്ചായത്ത് | 40.33 | 12.17 | 8.69 | 1.89 | 49.02 | 14.06 |
| 4) മുനിസിപ്പാലിറ്റി | 46.78 | 10.47 | 11.13 | 1.87 | 57.92 | 12.35 |
| 5) കോർപ്പറേഷൻ | 45.40 | 25.12 | 11.96 | 2.63 | 57.36 | 27.75 |
| **ആകെ** | **52.91** | **13.55** | **9.08** | **1.44** | **61.98** | **14.98** |

## മുൻ വർഷങ്ങളിൽ ഫെബ്രുവരി 28, മാർച്ച് 31 തീയതികളിലെ പദ്ധതി ചെലവ് (ശതമാനം)

| | ഫെബ്രുവരി 28 | മാർച്ച് 31 |
|---|---|---|
| **2014-15** | 39.89 | 68.21 |
| **2015-16** | 37.78 | 73.61 |
| **2016-17** | 29.51 | 67.08 |
| **2017-18** | 54.38 | 85.44 |
| **2018-19** | 64.02 | 84.66 |
| **2019-20** | 46.17 | 54.13 |
| **2020-21** | 62.11 | 95.17 |
| **2021-22** | **56.23** | **61.98 (11.03.2022 വരെ)** |

1) വകുപ്പുതലം/ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവിന്റെ വിവരം (ക്യാരി ഓവർ വിഹിതം ഉൾപ്പെടെ)

| ക്രമ നമ്പർ | വകുപ്പ് തല / നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് | വകയിരുത്തൽ (തുക കോടി) | ചെലവ് (തുക കോടി) | ശതമാനം |
|---|---|---|---|---|
| 1 | ഹോമിയോ | 4.03 | 3.42 | 84.80 |
| 2 | ആയുർവേദം | 20.16 | 15.91 | 78.90 |
| 3 | സാമൂഹ്യ നീതി / വനിതാ ശിശുവികസനം | 576.12 | 443.86 | 77.04 |
| 4 | ക്ഷീരവികസനം | 87.85 | 66.21 | 75.38 |
| 5 | കൃഷി | 363.89 | 261.89 | 71.97 |
| 6 | ആരോഗ്യം | 220.46 | 156.37 | 70.93 |
| 7 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, വി.ഇ.ഒ തുടങ്ങിയവർ | 1469.24 | 966.94 | 65.81 |
| 8 | വിദ്യാഭ്യാസം | 134.73 | 81.54 | 60.52 |
| 9 | മൃഗസംരക്ഷണം | 267.19 | 169.43 | 63.41 |
| 10 | ഗ്രാമ- ജില്ലാ പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി തുടങ്ങിയവർ | 1161.16 | 708.84 | 61.05 |
| 11 | പട്ടികജാതി വികസന വകുപ്പിലെ ഉദ്യോഗസ്ഥർ | 199.52 | 116.75 | 58.52 |
| 12 | പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ | 17.81 | 10.05 | 56.41 |
| 13 | നഗരസഭയിലെ സെക്രട്ടറി, നഗരസഭയിലെ മറ്റ് ഉദ്യോഗസ്ഥർ | 831.88 | 416.77 | 50.10 |
| 14 | ഖാദി, ഗ്രാമ വ്യവസായം | 0.90 | 0.42 | 47.35 |
| 15 | വ്യവസായം | 39.74 | 11.92 | 30.00 |
| 16 | ഫിഷറീസ് | 35.33 | 9.77 | 27.65 |
| 17 | തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം | 2693.63 | 569.54 | 21.14 |
| 18 | മണ്ണ് സംരക്ഷണം | 12.87 | 1.52 | 11.81 |
| | ആകെ | 8136.52 | 4011.19 | 49.30 |

2) ഏറ്റവും കുറവ് പദ്ധതിചെലവു വരുത്തിയ 10 ഗ്രാമപഞ്ചായത്തുകൾ (താഴെ നിന്നുള്ള ക്രമത്തിൽ)

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | ജില്ല | പദ്ധതി ചെലവ് (ശതമാനം) |
|---|---|---|---|
| 1 | നെല്ലിയാമ്പതി | പാലക്കാട് | 19.54 |
| 2 | ഇടമലക്കുടി | ഇടുക്കി | 24.44 |
| 3 | കുട്ടമ്പുഴ | എറണാകുളം | 25.35 |
| 4 | ഷോളയൂർ | പാലക്കാട് | 38.44 |

| | | | |
|---|---|---|---|
| 5 | കുമ്പള | കാസർകോഡ് | 38.74 |
| 6 | ആതിരപ്പള്ളി | തൃശ്ശൂർ | 38.84 |
| 7 | പാറക്കടവ് | എറണാകുളം | 39.06 |
| 8 | മുതുകുളം | ആലപ്പുഴ | 40.37 |
| 9 | പുതൂർ | പാലക്കാട് | 40.48 |
| 10 | മഞ്ചേശ്വരം | കാസർകോഡ് | 40.81 |

**3) ഏറ്റവും കുറവ് പദ്ധതിചെലവു വരുത്തിയ 10 ബ്ലോക്ക് പഞ്ചായത്തുകൾ (താഴെ നിന്നുള്ള ക്രമത്തിൽ)**

| ക്രമ നമ്പർ | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | ജില്ല | പദ്ധതി ചെലവ് (ശതമാനം) |
|---|---|---|---|
| 1 | മണ്ണാർക്കാട് | പാലക്കാട് | 28.20 |
| 2 | മഞ്ചേശ്വരം | കാസർകോഡ് | 34.26 |
| 3 | അഴുത | ഇടുക്കി | 37.50 |
| 4 | നിലമ്പൂർ | മലപ്പുറം | 40.62 |
| 5 | കാളികാവ് | മലപ്പുറം | 41.64 |
| 6 | വണ്ടൂർ | മലപ്പുറം | 42.67 |
| 7 | അട്ടപ്പാടി | പാലക്കാട് | 42.87 |
| 8 | വടകര | കോഴിക്കോട് | 43.41 |
| 9 | വാഴക്കുളം | എറണാകുളം | 43.95 |
| 10 | ദേവികുളം | ഇടുക്കി | 46.91 |

**4) ഏറ്റവും കുറവ് പദ്ധതിചെലവു വരുത്തിയ 10 മുനിസിപ്പാലിറ്റികൾ (താഴെ നിന്നുള്ള ക്രമത്തിൽ)**

| ക്രമ നമ്പർ | മുനിസിപ്പാലിറ്റിയുടെ പേര് | ജില്ല | പദ്ധതി ചെലവ് (ശതമാനം) |
|---|---|---|---|
| 1 | നീലേശ്വരം | കാസർകോഡ് | 35.51 |
| 2 | പാനൂർ | കണ്ണൂർ | 35.82 |
| 3 | മണ്ണാർകാട് | പാലക്കാട് | 37.47 |
| 4 | മലപ്പുറം | മലപ്പുറം | 37.70 |
| 5 | ചങ്ങനാശ്ശേരി | കോട്ടയം | 43.73 |
| 6 | ശ്രീകണ്ഠപുരം | കണ്ണൂർ | 46.38 |
| 7 | കാസർകോഡ് | കാസർകോഡ് | 46.91 |
| 8 | മാനന്തവാടി | വയനാട് | 47.17 |
| 9 | കാഞ്ഞങ്ങാട് | കാസർകോഡ് | 47.67 |
| 10 | വടകര | കോഴിക്കോട് | 48.45 |

5) ജില്ലാ പഞ്ചായത്തുകളുടെ പദ്ധതികളുടെ ചെലവ് (താഴെ നിന്നുള്ള ക്രമത്തിൽ)

| ക്രമ നമ്പർ | ജില്ലാ പഞ്ചായത്തിന്റെ പേര് | പദ്ധതി ചെലവ് (ശതമാനം) % |
|---|---|---|
| 1 | ഇടുക്കി | 33.44 |
| 2 | പത്തനംതിട്ട | 41.47 |
| 3 | കോട്ടയം | 42.92 |
| 4 | കോഴിക്കോട് | 44.73 |
| 5 | ആലപ്പുഴ | 47.05 |
| 6 | മലപ്പുറം | 47.58 |
| 7 | കാസർകോഡ് | 50.65 |
| 8 | പാലക്കാട് | 51.51 |
| 9 | തിരുവനന്തപുരം | 51.72 |
| 10 | എറണാകുളം | 51.73 |
| 11 | കൊല്ലം | 51.97 |
| 12 | തൃശ്ശൂർ | 52.72 |
| 13 | കണ്ണൂർ | 54.52 |
| 14 | വയനാട് | 61.08 |

6) കോർപ്പറേഷനുകളുടെ പദ്ധതികളുടെ ചെലവ് (താഴെ നിന്നുള്ള ക്രമത്തിൽ)

| ക്രമ നമ്പർ | കോർപ്പറേഷന്റെ പേര് | പദ്ധതി ചെലവ് (ശതമാനം) |
|---|---|---|
| 1 | തൃശ്ശൂർ | 51.61 |
| 2 | കോഴിക്കോട് | 52.33 |
| 3 | തിരുവനന്തപുരം | 54.16 |
| 4 | കൊല്ലം | 62.45 |
| 5 | കണ്ണൂർ | 63.84 |
| 6 | കൊച്ചി | 68.20 |

7) ഏറ്റവും കൂടുതൽ പദ്ധതിചെലവു വരുത്തിയ 10 ഗ്രാമപഞ്ചായത്തുകൾ

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | ജില്ല | പദ്ധതി ചെലവ് (ശതമാനം) |
|---|---|---|---|
| 1 | നെടുമുടി | ആലപ്പുഴ | 100+ |
| 2 | കോട്ടങ്ങൽ | പത്തനംതിട്ട | 100+ |
| 3 | അഞ്ചുതെങ്ങ് | തിരുവനന്തപുരം | 99.43 |
| 4 | കൂതാളി | കോഴിക്കോട് | 99.43 |
| 5 | പൂമംഗലം | തൃശ്ശൂർ | 98.17 |
| 6 | തുറവൂർ | ആലപ്പുഴ | 96.29 |
| 7 | സേനാപതി | ഇടുക്കി | 95.38 |
| 8 | വാമനപുരം | തിരുവനന്തപുരം | 94.83 |
| 9 | കിടങ്ങൂർ | കോട്ടയം | 94.25 |
| 10 | കാർത്തികപ്പള്ളി | ആലപ്പുഴ | 94.08 |

8) ഏറ്റവും കൂടുതൽ പദ്ധതിചെലവു വരുത്തിയ 10 ബ്ലോക്ക് പഞ്ചായത്തുകൾ

| ക്രമ നമ്പർ | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | ജില്ല | പദ്ധതി ചെലവ് (ശതമാനം) |
|---|---|---|---|
| 1 | ചെങ്ങന്നൂർ | ആലപ്പുഴ | 90.59 |
| 2 | ഇളംദേശം | ഇടുക്കി | 85.21 |
| 3 | ഇലന്തൂർ | പത്തനംതിട്ട | 83.28 |
| 4 | പന്തളം | പത്തനംതിട്ട | 82.18 |
| 5 | പാനൂർ | കണ്ണൂർ | 81.82 |
| 6 | പറക്കോട് | പത്തനംതിട്ട | 81.82 |
| 7 | വാഴൂർ | കോട്ടയം | 79.89 |
| 8 | ചൊവ്വന്നൂർ | തൃശ്ശൂർ | 79.25 |
| 9 | പട്ടണക്കാട് | ആലപ്പുഴ | 79.03 |
| 10 | പാമ്പാക്കുട | എറണാകുളം | 78.74 |

9) ഏറ്റവും കൂടുതൽ പദ്ധതിചെലവു വരുത്തിയ 10 മുനിസിപ്പാലിറ്റികൾ

| ക്രമ നമ്പർ | മുനിസിപ്പാലിറ്റിയുടെ പേര് | ജില്ല | പദ്ധതി ചെലവ് (ശതമാനം) |
|---|---|---|---|
| 1 | ചാവക്കാട് | തൃശ്ശൂർ | 78.09 |
| 2 | മാവേലിക്കര | ആലപ്പുഴ | 76.44 |
| 3 | ഗുരുവായൂർ | തൃശ്ശൂർ | 76 |
| 4 | ആന്തൂർ | കണ്ണൂർ | 75.52 |
| 5 | പത്തനംതിട്ട | പത്തനംതിട്ട | 75.13 |
| 6 | കൊടുങ്ങല്ലൂർ | തൃശ്ശൂർ | 73.81 |
| 7 | കോതമംഗലം | എറണാകുളം | 72.82 |
| 8 | കുന്നംകുളം | തൃശ്ശൂർ | 70.74 |
| 9 | ഷൊർണ്ണൂർ | പാലക്കാട് | 70.39 |
| 10 | ഒറ്റപ്പാലം | പാലക്കാട് | 70.25 |

2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

## 2.1. 14.09.2021 -ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ.

### 2.1. ഖണ്ഡിക 3.7

തദ്ദേശഭരണസ്ഥാപനങ്ങൾ KSEB, KWA, GWD നിർമ്മിതികേന്ദ്ര പോലുള്ള സ്ഥാപനങ്ങൾ വഴി വിവിധ പ്രവർത്തികൾ ചെയ്യുന്നുണ്ട്. ഈ ഏജൻസികൾക്ക് തുക മുൻകൂറായി ഡിപ്പോസിറ്റ് ചെയ്താണ് പ്രവർത്തി നടപ്പാക്കുന്നത്. എന്നാൽ തുക ഡിപ്പോസിറ്റ് ചെയ്തു കഴിഞ്ഞ് പലപ്പോഴും വർഷങ്ങൾ കഴിഞ്ഞാണ് പ്രവർത്തി പൂർത്തിയാക്കുന്നത്.

2017-18 മുതൽ പൂർത്തിയാക്കാത്ത ഡിപ്പോസിറ്റ് പ്രവർത്തികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് ജില്ലാ പ്ലാനിംഗ് ഓഫീസർമാർ നൽകിയ റിപ്പോർട്ട് ക്രോഡീകരിച്ച് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്  വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് നൽകിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു. KSEB, KWA, GWD എന്നീ സ്ഥാപനമേധാവികളുടെ കൂടി സാന്നിധ്യത്തിൽ ഇത് യോഗം അവലോകനം ചെയ്തു.

ജില്ലകളിൽ നിന്നു ലഭിച്ച പ്രകാരമുള്ള വിശദാംശം താഴെ പറയും പ്രകാരമാണ്.

**പൂർത്തിയാക്കാത്ത ഡിപ്പോസിറ്റ് വർക്കുകളുടെ വിവരം – സംക്ഷിപ്തം**

| വകുപ്പിന്റെ പേര് | വർഷം | | | | | | | | | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | 2016-17 വരെ | | 2017-18 | | 2018-19 | | 2019-20 | | 2020-21 | | | |
| | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) |
| KSEB | 188 | 595.95 | 220 | 5216.59 | 207 | 1094.88 | 311 | 1080.77 | 399 | 2144.96 | 1325 | 10133.15 |
| KWA | 244 | 1778.98 | 239 | 2482.78 | 353 | 4131.74 | 352 | 2199.87 | 834 | 7075.21 | 2022 | 17668.59 |
| GWD | 56 | 395.91 | 71 | 323.18 | 118 | 466.38 | 112 | 520.46 | 280 | 1058.26 | 637 | 2764.20 |
| NIRMITHI KENDRA | 2 | 48.00 | 4 | 120.00 | 1 | 32.00 | 16 | 364.00 | 14 | 265.80 | 37 | 829.80 |
| Other Agencies | 22 | 141.59 | 29 | 1430.09 | 36 | 2396.59 | 52 | 1168.29 | 128 | 3049.89 | 267 | 8186.45 |
| **ആകെ** | 512 | 2960.43 | 563 | 9572.65 | 715 | 8121.59 | 843 | 5333.40 | 1655 | 13594.12 | 4288 | 39582.19 |

ജില്ലകളിൽ നിന്നും ലഭിച്ച വിവരങ്ങളും KWA, KSEB, GWD  എന്നീ സ്ഥാപനങ്ങളുടെ മേധാവികൾ യോഗത്തിൽ അവതരിപ്പിച്ച വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്ന് യോഗം വിലയിരുത്തിയ പ്രകാരം കൃത്യമായ വിവരങ്ങൾ ശേഖരിക്കാൻ ഈ സ്ഥാപനങ്ങളുടെ മേധാവികളെ ചുമതലപ്പെടുത്തി. അതിനായി ആവശ്യമായ സഹായങ്ങൾ ചെയ്യാൻ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവരെ ചുമതലപ്പെടുത്തി. ഇതിന്റെ വിശദാംശം ശേഖരിച്ച് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നീ വകുപ്പുമേധാവികൾ നൽകി. ഇത്  KWA, KSEB, GWD മേധാവികൾക്കും നൽകിയിട്ടുണ്ടെന്ന് യോഗത്തിൽ വകുപ്പു മേധാവികൾ അറിയിച്ചു. നൽകിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

## ബ്ലോക്ക് പഞ്ചായത്തുകളിലെ പൂർത്തിയാകാത്ത ഡിപ്പോസിറ്റ് പ്രവൃത്തികളുടെ വിവരം

## (ഗ്രാമവികസന കമ്മീഷണർ നൽകിയ പ്രകാരം)

(തുക ലക്ഷം)

| | 2016-17 | | 2017-18 | | 2018-19 | | 2019-20 | | 2020-21 | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| KSEB | 91 | 149.72 | 34 | 114.12 | 37 | 145.36 | 57 | 170.02 | 57 | 190.17 | 278 | 7693.93 |
| KWA | 198 | 793.25 | 117 | 768.70 | 137 | 704.41 | 122 | 664.73 | 218 | 1121.77 | 792 | 4062.87 |
| GWD | 6 | 60.39 | 13 | 160.65 | 29 | 194.07 | 41 | 223.63 | 58 | 244.78 | 147 | 883.52 |
| Nirmithi Kendra | 4 | 55.27 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 4 | 56.27 |
| Other Agencies | 5 | 28.04 | 7 | 142.37 | 6 | 26.25 | 10 | 51.96 | 17 | 99.92 | 45 | 348.58 |
| **ആകെ** | **304** | **1086.67** | **171** | **1185.84** | **207** | **1070.09** | **230** | **1110.37** | **350** | **1656.64** | **1264** | **6109.66** |

## നഗരസഭകളിലെ പൂർത്തിയാകാത്ത പ്രവൃത്തികളുടെ വിവരം

## (നഗരകാര്യ ഡയറക്ടർ നൽകിയ പ്രകാരം)

(തുക ലക്ഷം)

| | 2016-17 | | 2017-18 | | 2018-19 | | 2019-20 | | 2020-21 | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| KWA | 110 | 413.27 | 106 | 689.65 | 112 | 634.14 | 134 | 1244.5 | 207 | 4511.49 | 661 | 7161.21 |
| GWD | 12 | 62.20 | 30 | 156.06 | 21 | 91.14 | 18 | 69.32 | 25 | 103.75 | 101 | 362.13 |
| Nirmithi Kendra | 1 | 100 | 1 | 74 | 0 | 0 | 1 | 7.45 | 0 | 0 | 1 | 7.45 |
| KSEB | 60 | 368.17 | 82 | 496.57 | 83 | 249.25 | 83 | 529.09 | 147 | 553.29 | 407 | 2048.43 |
| Other Agencies | 4 | 281.21 | 12 | 63.99 | 11 | 175.57 | 13 | 114.4 | 22 | 376.36 | 55 | 403.42 |
| **ആകെ** | **187** | **1224.86** | **231** | **1480.28** | **227** | **1150.10** | **249** | **1961.77** | **401** | **5544.89** | **1225** | **9982.64** |

## ഗ്രാമപഞ്ചായത്തുകളിലേയും ജില്ലാപഞ്ചായത്തുകളിലേയും പൂർത്തിയാകാത്ത പ്രവൃത്തികളുടെ വിവരം
## (പഞ്ചായത്ത് ഡയറക്ടർ നൽകിയ പ്രകാരം)
## (2020-21 വർഷത്തെ ഒഴികെ)

**(തുക ലക്ഷം)**

| | 2016-17 | | 2017-18 | | 2018-19 | | 2019-20 | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| KSEB | 117 | 600.67 | 177 | 793.85 | 216 | 676.03 | 220 | 838.47 | 790 | 2909.03 |
| KWA | 194 | 1044.7 | 173 | 967.06 | 226 | 1041.33 | 200 | 1027.17 | 793 | 3519.53 |
| GWD | 40 | 155.52 | 61 | 286.62 | 52 | 288.99 | 68 | 666.857 | 221 | 1397.98 |
| Nirmithi Kendra | 3 | 11.22 | 1 | 2.5 | 1 | 2 | 2 | 29 | 7 | 44.73 |
| Other Agencies | 14 | 128.9 | 16 | 72.13 | 10 | 89.08 | 26 | 95.08 | 65 | 385.12 |
| **ആകെ** | **428** | **1941.01** | **428** | **2122.18** | **505** | **2097.43** | **516** | **2656.58** | **1876** | **8256.46** |

ഇത് KWA, KSEB യിലെ ഡിവിഷനിൽ നിന്നു ലഭിച്ച വിവരങ്ങളുമായി ഒത്തു നോക്കി അന്തിമ വിവരങ്ങൾ നൽകാൻ KWA, KSEB മേധാവികളെ ചുമതലപ്പെടുത്തി. തദ്ദേശഭരണ സ്ഥാപനം തിരിച്ച വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ KWAക്കും KSEB ക്കും നൽകണം. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കുമുമ്പ് കൃത്യമായി വിവരങ്ങൾ KWA, KSEB മേധാവികൾ നൽകണം.

മാർച്ചിന് മുൻപ് തീർക്കുന്ന വർക്കുകളുടെ Utilisation Certificate ശേഖരിച്ചു വരുന്നതിനായി KWA പ്രതിനിധി അറിയിച്ചു. ഡെപ്പോസിറ്റ് വർക്കുകൾക്ക് നിരക്ക് വർദ്ധിപ്പിക്കുന്നതും പലിശ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാത്ത പ്രവണതയും പരിശോധിക്കാൻ ബഹു. മന്ത്രി നിർദ്ദേശിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസന കമ്മീഷണർ**
**5) മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി**
**6) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിസിറ്റി ബോർഡ്**

**2.2 – 02.12.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.2 ഖണ്ഡിക 3.2**

തദ്ദേശഭരണസ്ഥാപനങ്ങൾ KWA, KSEB, GWD തുടങ്ങിയ ഏജൻസികൾ മുഖേന പ്രോജക്ടുകൾ ഡിപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നുണ്ട്. ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുന്നതിന് KWAയും KSEBയും കാലതാമസം വരുത്താറുണ്ട്. ഇതു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നഷ്ടം വരുത്തും. അതിനാൽ ഇങ്ങനെയുള്ള ഡിപ്പോസിറ്റ് പ്രവർത്തികൾ പൂർത്തിയാക്കാൻ കാലതാമസം വരുകയാണെങ്കിൽ പലിശ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നൽകുകയോ പലിശ തുക കൂടി ഡിപ്പോസിറ്റ് തുകയുടെ കൂടെ ചേർക്കുകയോ ചെയ്യണം. ഈ ഏജൻസികൾ ബാങ്കുകളിൽ ഡെപ്പോസിറ്റ് ചെയ്യുന്ന തുകയ്ക്ക് കിട്ടുന്ന പലിശ എത്രയാണോ ആ തുകയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടത്. ഇതിനായി KWA, KSEB തുടങ്ങിയ ഏജൻസികൾ പ്രത്യേകമായി കണക്ക് സൂക്ഷിക്കണം. ഇതിന്മേൽ സ്വീകരിച്ച നടപടി KWA MD, KSEB ചീഫ് എഞ്ചിനീയർ എന്നിവർ ഇതുവരെ നൽകിയില്ല. ഇത് അടിയന്തിരമായി തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നൽകണം. ജലവിഭവ വകുപ്പിൽ നിന്നും ഊർജ്ജവകുപ്പിൽ നിന്നും അഭിപ്രായം ലഭ്യമാക്കി തുടർനടപടി സ്വീകരിക്കണം.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി**
**3) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിസിറ്റി ബോർഡ്**

**2.3) 11.01.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.3 ഖണ്ഡിക 3.5**

ഡി.ഡി.ഒ കോഡ് ലഭിക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ ലിസ്റ്റ് ശേഖരിച്ച് ധനവകുപ്പിനു നൽകാൻ പഞ്ചായത്തു ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവരെ ചുമതലപ്പെടുത്തിയ പ്രകാരം വിവരങ്ങൾ ധനവകുപ്പിനു നൽകി എന്ന് വകുപ്പുമേധാവികൾ യോഗത്തിൽ അറിയിച്ചിരുന്നു.

ധനവകുപ്പിനു നൽകിയ ലിസ്റ്റിൽ ഇനി ഡി.ഡി.ഒ കോഡ് ലഭിക്കാനുള്ളവരുടെ വിവരം വകുപ്പു മേധാവികൾ നൽകി. ഗ്രാമവികസന കമ്മീഷണർ നൽകിയ ലിസ്റ്റിൽ ഇനി രണ്ടു പേർക്കു കൂടി ഡി.ഡി.ഒ കോഡ് ലഭിക്കാനുണ്ട്. പഞ്ചായത്ത് ഡയറക്ടർ നൽകിയ ലിസ്റ്റിൽ ഇനി 86 പേർക്കും നഗരകാര്യ ഡയറക്ടർ നൽകിയ ലിസ്റ്റിൽ ഇനി 60 പേർക്കും ഡി.ഡി.ഒ കോഡ് ലഭിക്കാനുണ്ട്. ഇത് കാലതാമസം കൂടാതെ നൽകാൻ നടപടി സ്വീകരിക്കണമെന്ന് ധനവകുപ്പിനോട് ആവശ്യപ്പെട്ടു. ഇനി ഡി.ഡി.ഒ കോഡ്

ലഭിക്കാനുള്ളവരുടെ ലിസ്റ്റ് തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കു ഉടനെ തന്നെ നൽകണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.ആർ.എ / ഇ.പി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസന കമ്മീഷണർ**
**5) ധനവകുപ്പ്**

**2.3 ഖണ്ഡിക 4.5**

**<u>മലപ്പുറം ജില്ലാ പഞ്ചായത്ത്</u>**

**<u>മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.11.2021 ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്തു സെക്രട്ടറിയുടെ 05.11.2021 ലെ J2-4800/- 15-ാം നമ്പർ കത്തും (SRG 711 /21 - CC /530/21)</u>**

*പ്രോ.നം: 1635/21* — *അടങ്കൽ - 15,85,557/- രൂപ (വികസനഫണ്ട് - ജനറൽ)*

*പേര് : വിജയഭേരി പദ്ധതി 2018-19*

എസ്.എസ്.എൽ.സി, പ്ലസ്ടു വിദ്യാർത്ഥികളുടെ പരീക്ഷാ പരിശീലനത്തിനായി ജില്ലാ പഞ്ചായത്ത് 2020-21 വർഷം വിജയ ഭേരി എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ഇതിൽ അദ്ധ്യാപകരുടെ പരിശീലനത്തിന്റെ ഭാഗമായി 6,58,670/- രൂപയുടെ അച്ചടി ജോലികൾ ക്വട്ടേഷൻ വിളിച്ചു ചെയ്തു. ഇ-ടെണ്ടർ മുഖേന ചെയ്യേണ്ട പ്രവർത്തിയാണ് ഇത്. കൊവിഡ് സാഹചര്യത്തിലാണ് ഇപ്രകാരം ചെയ്തതെന്നറിയിച്ചിട്ടുണ്ട്. ഇ-ടെണ്ടറിനു പകരം ക്വട്ടേഷൻ വിളിച്ച് പ്രവൃത്തി ചെയ്തതിന് സാധൂകരണം നൽകണമെന്നതും പ്രിന്റ് ചെയ്തതിന്റെ ബിൽ തുകയായ 6,58,670/- രൂപ പ്രസ്സിനു നൽകാൻ അനുമതി നൽകണമെന്നതും സംബന്ധിച്ച്.

കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം ഇത് പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്** – കൊവിഡ്-19 രണ്ടാം തരംഗം ആയതിനാൽ ലോക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഓഫീസും സ്ഥാപനങ്ങളും പൂർണ്ണമായും പ്രവർത്തിക്കാതിരുന്നതിനാലാണ് ടെണ്ടർ നടപടി സ്വീകരിക്കാൻ തടസ്സമുണ്ടായത്. കുട്ടികളുടെ പഠനം മുടങ്ങാതിരിക്കാനും പരീക്ഷയ്ക്ക് സജ്ജരാക്കേണ്ടതിനാലും ഉള്ള പ്രത്യേക സാഹചര്യത്തിലാണ് ക്വട്ടേഷൻ വിളിച്ച് ഈ പദ്ധതിക്ക് ആവശ്യമായ പ്രവർത്തികൾ ചെയ്യേണ്ടി വന്നത് എന്ന് കോഓർഡിനേറ്റും നിർവഹണ ഉദ്യോഗസ്ഥനും വിശദീകരണം നൽകിയിട്ടുണ്ട്. ടെണ്ടറിനു പകരം ക്വട്ടേഷൻ വിളിച്ചത് മാപ്പാക്കി പ്രിന്റിംഗ് ജോലികൾ ചെയ്ത നടപടിക്ക് സാധൂകരണം നൽകാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു.

**തീരുമാനം: -** **1)** പ്രിന്റിംഗ് ജോലികൾ ചെയ്ത നടപടിക്ക് സാധൂകരണം നൽകുന്നു. ഇതിന്റെ തുക നൽകാവുന്നതാണ്.

2) ടെണ്ടറിനു പകരം ക്വട്ടേഷനിലൂടെ പ്രവൃത്തി ഏല്പിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. നിർവ്വഹണ ഉദ്യോഗസ്ഥനോട് വിശദീകരണം തേടാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

**2.3 ഖണ്ഡിക 4.22**

**മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.11.2021 ലെ കത്ത്** (SRG 798/21 – CC /590/21)

ഗ്രാമപഞ്ചായത്തു വക ശ്മശാനത്തിൽ ഗ്യാസിഫയർ സ്ഥാപിക്കുന്നതിനായി 2013-14 ൽ ഒരു പ്രോജക്ട് ഏറ്റെടുത്തിരുന്നു. ക്രിമിറ്റോറിയം കെട്ടിടം, ഗ്യാസ് ചൂള പ്രവർത്തിപ്പിക്കാനുള്ള അനുബന്ധ ഉപകരണങ്ങൾ ഉൾപ്പെടെ ടെണ്ടർ നടപടിയിലൂടെ കോസ്റ്റ് ഫോർഡിനെയാണ് ഏല്പിച്ചത്. ആകെ എസ്റ്റിമേറ്റ് തുക 39,55,000/- രൂപ. നിർമ്മാണ പുരോഗതിയനുസരിച്ച് മൂന്നു ഗഡുക്കളായി 22,82,000/- രൂപ കോസ്റ്റ് ഫോർഡിന് നൽകി. കെട്ടിടംപണി 90 ശതമാനം പൂർത്തീകരിച്ചു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നവീകരിച്ച സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ പുതുക്കണമെന്നും പുതുക്കിയ എസ്റ്റിമേറ്റ് 55,80,000/- രൂപയാണെന്നും കോസ്റ്റ് ഫോർഡ് അറിയിച്ചിട്ടുണ്ട്. സ്പിൽ ഓവറായി ഇപ്പോൾ ഈ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടില്ല. കോസ്റ്റ് ഫോർഡിനു നൽകിയ തുക കുറച്ച് പുതുക്കിയ എസ്റ്റിമേറ്റ പ്രകാരം ബാക്കി തുകയായ 32,98,000/- രൂപ കൂടി ഉൾപ്പെടുത്തി പ്രോജക്ട് സ്പിൽ ഓവറായി എടുക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്. ഇതിനായി സി.എഫ്.സി റ്റൈഡ് ഗ്രാന്റ് ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

ഏഴ് വർഷത്തിലധികം കാലതാമസമുണ്ടായിട്ടുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. എഗ്രിമെന്റ് കാലാവധി, ഇതുവരെ നടന്ന നിർമ്മാണ പ്രവർത്തികൾ, അവ ഏത് വർഷമാണ് നടത്തിയത് തുടങ്ങിയവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്** – കോസ്റ്റ് ഫോർഡ് മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി ലഭ്യമാക്കി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രവൃത്തിയിന്മേൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും യാതൊരുവിധ സാങ്കേതിക പരിശോധനയും ഇതേവരെ നടത്തിയിട്ടില്ല. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഈ പ്രവൃത്തിക്ക് സെക്രട്ടറി തന്നെയാണ് നേരിട്ട് പേയ്മെന്റ് നടത്തിയത്. മാത്രമല്ല ശ്മശാന നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭ്യമാക്കേണ്ട അനുമതി പത്രങ്ങളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല.

2014 ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം 39,55,000/- രൂപയുടെ സാങ്കേതിക അനുമതി ലഭ്യമായിട്ടുള്ള ടി പ്രവൃത്തിക്ക് 55,80,000/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റാണ് നിലവിൽ കോസ്റ്റ് ഫോർഡ് സമർപ്പിച്ചിട്ടുള്ളത്. ഇതിൽ ഗ്യാസ് ഫർണ്ണസിന് മാത്രം 12,00,000/- രൂപയുടെ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചിരുന്നുവെങ്കിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ട സാഹചര്യം ഒഴിവാക്കാമായിരുന്നു.

**തീരുമാനം: -** കോസ്റ്റ് ഫോർഡ് മേധാവികൾ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ ഉൾപ്പെട്ടുത്തി ഒരു യോഗം വിളിക്കാൻ പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ശ്മശാന നിർമ്മാണം പൂർത്തിയാക്കാൻ സ്വീകരിക്കേണ്ട നടപടികൾ, ആരുടെ ഭാഗത്താണ് വീഴ്ച പറ്റിയത്, കോസ്റ്റ് ഫോർഡിന് ഇതിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമോ തുടങ്ങിയവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് പ്രിൻസിപ്പൽ ഡയറക്ടർ നൽകണം. ഇതിന്റെ അടിസ്ഥാനത്തിൽ അടുത്ത യോഗത്തിൽ പരിഗണിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്**

**2.3 ഖണ്ഡിക 4.54**

**കണ്ണൂർ ജില്ലാ പഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 07.10.2021 ലെ** M- 3265/11-ാം **നമ്പർ കത്ത്**
(**SRG** 44/ 22)

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ സുവർണ്ണധാര കുടിവെള്ള പദ്ധതിയുടെ ഭാഗമായി 2011- 12 വർഷം ആരംഭിച്ച് നടപ്പിലാക്കിയതാണ് കാട്ടാമ്പള്ളിച്ചിറ കുടിവെള്ള പദ്ധതി (പ്രോ.നം. 302/12 അടങ്കൽ 9,20,000/- രൂപ വികസനഫണ്ട് 8,28,000/- രൂപ + ഗുണഭോക്തൃ വിഹിതം 92,000/- രൂപ). പ്രവർത്തി ചെയ്യിപ്പിച്ചത് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (**SEUF**) – കണ്ണൂർ മുഖേനയാണ്. ഈ പദ്ധതിയിൽ രണ്ടു വാട്ടർ ടാങ്ക് ഉണ്ട്. അതിൽ ഒന്ന് കല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ ഇരിഞ്ഞാവ് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സ്ഥലത്താണ്. ഇതിനായി ആരോഗ്യ വകുപ്പിന്റെ അനുമതി ലഭിക്കാൻ വൈകിയതിനാൽ 2018 ലാണ് പ്രവർത്തി പൂർത്തീകരിച്ചത്. **SEUF** നുവേണ്ടി ഗുണഭോക്തൃ സമിതിയാണ് പ്രവർത്തി ചെയ്തത്. 2013 ലെ ഡി.എസ്.ആർ പ്രകാരമുള്ള തുകയാണ് **SEUF** ന് അനുവദിച്ചത്. അതിനാൽ കൺവീനർക്കു നഷ്ടമുണ്ടായി. ഈ സാഹചര്യത്തിൽ 2016 ൽ നിലനിന്നിരുന്ന ഡി.എസ്.ആർ അനുസരിച്ച് റേറ്റ് പുതുക്കി അധിക തുക അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ

പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്ന പ്രകാരം റിപ്പോർട്ട് നൽകി.

2016 ന് മുമ്പ് കരാറിൽ ഏർപ്പെട്ട പ്രവർത്തി ആയതിനാൽ 2016 ൽ നിലവിൽവന്ന ഡി.എസ്.ആർ അനുവദിക്കാവുന്നതല്ല എന്ന് 11.01.2022 ലെ യോഗത്തിൽ ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു.

ഗുണഭോക്തൃ സമിതിയാണ് പ്രവൃത്തി ചെയ്തതെന്നും 2018 ലാണ് പൂർത്തീകരിച്ച തെന്നും 11.01.2022 ലെ യോഗം വിലയിരുത്തി. പദ്ധതി പ്രവർത്തനക്ഷമമാണോ, ആയതിന്റെ നിരക്ക് കാലാനുസൃതമാണോ എന്നത് ഉൾപ്പെടെ വിശദമായ റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയറെ യോഗം വീണ്ടും ചുമതലപ്പെടുത്തിയിരുന്നു.

ഇതനുസരിച്ച് ചീഫ് എഞ്ചിനീയർ വീണ്ടും റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്** – പദ്ധതി പ്രവർത്തനക്ഷമമാണ്. 2011-12 ലെ നിരക്ക് പ്രകാരം സാങ്കേതികാനുമതി നൽകി കരാർ വച്ച് പ്രവൃത്തി പൂർത്തീകരിച്ചതായതിനാൽ പുതിയ നിരക്ക് ബാധകമാക്കാവുന്നതല്ല എന്ന് അറിയിച്ചു.

**തീരുമാനം: -** ആരോഗ്യവകുപ്പിന്റെ അനുമതി ലഭിക്കാൻ വൈകിയതിനാലാണ് നിർമ്മാണം പൂർത്തിയാക്കാൻ താമസിച്ചതെന്ന് യോഗം വിലയിരുത്തി. ഇതു ഗുണഭോക്തൃ സമിതി കൺവീനറിന്റെ വീഴ്ചയല്ല എന്നതിനാൽ 2016-ലെ ഡി.എസ്. ആർ പ്രകാരം റേറ്റ് പുതുക്കി അധിക തുക നൽകാൻ പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 2.4) 10.02.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.4. ഖണ്ഡിക 3.8

ജലജീവൻ പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകൾ 15 ശതമാനം വിഹിതം നൽകണം. ചില ഗ്രാമപഞ്ചായത്തുകൾ 5.00 കോടി രൂപയിലധികം നൽകേണ്ടതുണ്ട് എന്ന് യോഗത്തിൽ പരാമർശമുണ്ടായി. ഇതേപോലെ വളരെയധികം തുക കണ്ടെത്തേണ്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ച് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെട്ടുത്തിയ പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്** – KWA യിൽ നിന്ന് ലഭിച്ച റിപ്പോർട്ട് പ്രകാരം ആകെ 406 ഗ്രാമപഞ്ചായത്തുകൾ 5 കോടിയിലധികം രൂപ വിഹിതമായി വകയിരുത്തണം. (പൊതു വിഷയം ഖണ്ഡിക 3.6 തീരുമാന പ്രകാരം ജില്ലാ ആസൂത്രണ സമിതിയും വകുപ്പ് മേധാവികളും നടപടി സ്വീകരിക്കണം). ഇവയിൽ ചിലത് ഒന്നിലധികം പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകളാണ്. ചില സന്ദർഭങ്ങളിൽ പഞ്ചായത്തുകൾക്ക് ഈ തുകയ്ക്ക് പുറമേ ഗുണഭോക്തൃ വിഹിതവും ഭൂമി വാങ്ങുന്നതിനുള്ള തുകയും കൂടി കണ്ടെത്തേണ്ടതായി

വരുന്നുണ്ട്. സംസ്ഥാന വിഹിതത്തിന്റെ സർക്കാർ വിഹിതം ഉയർത്താനാകുമോ എന്ന് പരിശോധിക്കേണ്ടതാണ്.

**നടപടി:-1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) എല്ലാ ജില്ലാകളക്ടർമാരും**

## 2.4. ഖണ്ഡിക 3.9

നിലവിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി യോടെ സി.സി.റ്റി.വി ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കാവുന്നതാണ്. ആവശ്യമായ സ്ഥലങ്ങളിൽ തദ്ദേശവാസികൾ/റസിഡന്റ്സ് അസോസിയേഷൻ/ വ്യാപാരസ്ഥാ പനങ്ങൾ എന്നിവരുടെ സാമ്പത്തിക പങ്കാളിത്തത്തോടെ (ഗുണഭോക്തൃ വിഹിതം) സി.സി.റ്റി.വി സ്ഥാപിക്കാൻ അനുമതി നൽകുന്നതിന്റെ ഭാഗമായി ഇതു സംബന്ധിച്ച വിശദാംശങ്ങൾ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുമായി ചർച്ച ചെയ്ത് കില ഡയറക്ടർ ജനറൽ റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചിരുന്നു.

എങ്ങനെയുള്ള പൊതു സ്ഥലങ്ങളിലാണ് ഇത് സ്ഥാപിക്കേണ്ടത്, കമ്മ്യൂണിറ്റി സർവലൻസിനായി ഓരോ സ്ഥലത്തും അനുയോജ്യമായ സ്പെസിഫിക്കേഷൻ ഏതാകണം, തദ്ദേശഭരണസ്ഥാപന തലത്തിലുള്ള മോണിറ്ററിംഗ് സംവിധാനം എന്താകണം, പോലീസ് സ്റ്റേഷൻ അടക്കം സാഹചര്യമനുസരിച്ച് മറ്റ് എവിടെയൊക്കെ മോണിറ്റർ ചെയ്യണം, വിവരങ്ങളുടെ ബാക്ക് അപ് എങ്ങനെ, ഡേറ്റ എത്ര നാളത്തേക്ക് സൂക്ഷിക്കണം, ആന്വൽ മെയിന്റനൻസ് എപ്രകാരമാകണം, ഗുണഭോക്തൃ വിഹിതം (തദ്ദേശവാസികൾ, റസിഡന്റ്സ് അസോസിയേഷൻ, വ്യാപാരസ്ഥാപനങ്ങൾ എന്നിവരുടെ വിഹിതം എത്ര ശതമാനം വേണം) തുടങ്ങിയവ സംബന്ധിച്ച് മാർഗ്ഗരേ ഖയിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. ഇതനുസരിച്ച് കില ഡയറക്ടർ റിപ്പോർട്ട് നൽകി. പൊതുവിഷയം ഖണ്ഡിക 3.8 പ്രകാരം തീരുമാനമെടുത്തു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 2.4. ഖണ്ഡിക 3.10

സംസ്ഥാനത്തെ ചില നഗരസഭകളിൽ (ഉദാ:- പാലക്കാട്, തിരൂർ, കൊയിലാണ്ടി) പട്ടികവർഗ്ഗ കുടുംബങ്ങൾ ഇല്ല എന്ന് നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തു. എന്നാൽ ഈ നഗരസഭകൾക്ക് അനുബന്ധം IV പ്രകാരം റ്റി.എസ്.പി വിഹിതം അനുവദിച്ചിട്ടുണ്ട് എന്നും നഗരകാര്യ ഡയറക്ടർ അറിയിച്ചു. ഈ നഗരസഭകൾക്ക് 2021 -22 വർഷം അനുവദിച്ച തുക താഴെ പറയും പ്രകാരമാണ്.

| നഗരസഭയുടെ പേര് | റ്റി.എസ്.പി വിഹിതം |
|---|---|
| പാലക്കാട് മുനിസിപ്പാലിറ്റി | 1,30,000/- രൂപ |
| തിരൂർ മുനിസിപ്പാലിറ്റി | 21,25,000/- രൂപ |
| കൊയിലാണ്ടി | 5,19,000/- രൂപ |

ഈ നഗരസഭകൾക്ക് റ്റി.എസ്.പി വിഹിതം ചെലവഴിക്കാൻ സാധിക്കുന്നില്ല എന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചു. ഈ സാമ്പത്തികവർഷം അവസാനിക്കുന്ന സമയമായതിനാൽ ഈ വർഷം (2021-22) ഇതിന്മേൽ നടപടി സ്വീകരിക്കാൻ കഴിയുകയില്ല എന്നു യോഗം വിലയിരുത്തി. എന്നാൽ 2022-23 ലെ അനുബന്ധം IV – ലും ഈ പിശക് വന്നിട്ടുണ്ടെങ്കിൽ ഇതു പരിശോധിച്ച് നഗരകാര്യ ഡയറക്ടർ താഴെ പറയും പ്രകാരം നടപടി സ്വീകരിക്കണം.

2022-23 അനുബന്ധം IV-ൽ പട്ടികവർഗ്ഗ ജനസംഖ്യ ഇല്ലാത്തതും റ്റി.എസ്.പി വിഹിതം അനുവദിച്ചിട്ടുള്ളതുമായ നഗരസഭകളുടെ വിശദാംശം ശേഖരിച്ച് നഗരകാര്യ ഡയറക്ടർ നൽകണം. ഇത് ധനവകുപ്പിന് കൈമാറേണ്ടതായതിനാൽ കൃത്യത വരുത്തണം. ഇതിനായി ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ റിപ്പോർട്ട് / ശുപാർശ കൂടി അവലംബിക്കണം. അതുപോലെ പട്ടികവർഗ്ഗ കുടുംബങ്ങൾ വളരെ കുറവുള്ള നഗരസഭകളിൽ റ്റി.എസ്.പി വിഹിതം വിനിയോഗിക്കാൻ കഴിയില്ലെങ്കിൽ ആ വിവരവും നൽകണം. ഇങ്ങനെയുള്ള (രണ്ടാമത്തെ ഗണത്തിൽപ്പെട്ട) നഗരസഭയിലെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം അനുവദിച്ച തുക എത്ര (2022-23 ലെ അനുബന്ധം IV പ്രകാരം) എന്നിവ സഹിതം വേണം നൽകേണ്ടത്.

ഇത് അടിയന്തിരമായി ശേഖരിച്ച് തദ്ദേശസ്വയംഭരണവകുപ്പ് മുഖേന ധനവകുപ്പ് (എസ്.എഫ്.സി) നു നൽകാൻ തീരുമാനിച്ചു. പട്ടികവർഗ്ഗ ജനസംഖ്യ ഇല്ലാത്ത നഗരസഭകളിലെ റ്റി.എസ്.പി വിഹിതം മറ്റു തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകണമെന്ന് (2022-23 വർഷം) ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2)നഗരകാര്യ ഡയറക്ടർ**
**3)ധനവകുപ്പ്**

## 2.4. ഖണ്ഡിക 3.11

നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും ലഭിക്കുന്ന റ്റി.എസ്.പി വിഹിതം ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ചെലവഴിക്കാൻ ബുദ്ധിമുട്ടു നേരിടുന്നതായി നഗരകാര്യ ഡയറക്ടർ യോഗത്തിൽ അറിയിച്ചു. ഇത്തരം പ്രദേശങ്ങളിൽ നടപ്പാക്കാൻ അനുയോജ്യമായ പ്രോജക്ടുകൾ/നൂതന പ്രോജക്ടുകൾ കണ്ടെത്തി നടപ്പാക്കാൻ 14.07.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശം നൽകിയിരുന്നതാണ്. ഇത്തരം പ്രോജക്ടുകൾ നടപ്പാക്കാൻ നടപടി നഗരകാര്യ ഡയറക്ടർ സ്വീകരിക്കണം.

i) പട്ടികവർഗ വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസം പല കാരണങ്ങൾകൊണ്ട് വലിയ വെല്ലുവിളികൾ നേരിടുന്നു. ഇതിലൊന്നാണ് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ അപര്യാപ്തത. ആയതിനാൽ നഗരപ്രദേശങ്ങളിലെ കോളേജ് ക്യാമ്പസുകൾക്കുള്ളിലോ സമീപ പ്രദേശത്തോ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സൗകര്യങ്ങൾ പട്ടികവർഗ്ഗ വികസനവകുപ്പുമായി ചേർന്ന് തദ്ദേശഭരണസ്ഥാപനങ്ങളുടെ ടി.എസ്.പി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാവുന്നതാണ്.

ii) നഗരപ്രദേശങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് താമസിക്കുന്നതിനുള്ള സൗകര്യം (Stay homes / hostels) നിർമ്മിക്കാവുന്നതാണ്. ഇതിനായി അതതു ജില്ലകളിലെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും ടി.എസ്.പി ഫണ്ട് (പ്രത്യേകിച്ച് ചെലവഴിക്കാൻ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളിൽ) വിനിയോഗിക്കാവുന്നതാണ്.

ഇതു സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ താഴെ പറയും പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്** :- വകുപ്പിന് ആകെ 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളാണ് ഉള്ളത്. മുനിസിപ്പൽ കോർപ്പറേഷനുള്ള കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ഇല്ല. അനുയോജ്യമായ ഭൂമി ലഭ്യമാവുകയാണെങ്കിൽ വിവിധ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന റ്റി.എസ്.പി ഫണ്ട് പ്രോജക്ട് വച്ച് പൂൾ ചെയ്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കാവുന്നതാണ്. പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികളുടെ എണ്ണവും വിവരങ്ങളും വകുപ്പ് നൽകുന്നതാണ്. സർക്കാർ നൽകുന്ന ബോർഡിംഗ് ചാർജ്ജുമായി സംയോജിപ്പിക്കുവാനും കഴിയും. വിവിധ ആവശ്യങ്ങൾക്കായി നഗരപ്രദേശങ്ങളിലെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് സ്റ്റേഹോം/ ഹോസ്റ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും മേൽപറഞ്ഞരീതിയിൽ സംയുക്ത പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണ്.

ഇത് പതിനാലാം പഞ്ചവത്സരപദ്ധതിയുടെ കരട് മാർഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നഗരകാര്യ ഡയറക്ടറും, പട്ടികവർഗ്ഗ വികസന ഡയറക്ടറും ഇതനുസരിച്ച് നടപടി സ്വീകരിക്കണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) നഗരകാര്യ ഡയറക്ടർ**
**3) പട്ടികവർഗ്ഗ വികസന വകുപ്പ്**

**2.4. ഖണ്ഡിക 4.3**

**കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.01.2022 ലെ കത്തുകൾ (4 എണ്ണം), കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.12.2021 ലെ** C3/4569/21-ാം **നമ്പർ കത്തും, കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.12.21 ലെ 2(1)-ാം നമ്പർ തീരുമാനവും തദ്ദേശസ്വയംഭരണവകുപ്പ് എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 08.12.2021 ലെ** DB3 **ജനറൽ** / 2020-21-**ാം നമ്പർ കത്തും റിപ്പോർട്ടും (SRG 48/22- CC-709/2021, SRG 47/22- CC- 710/2021, SRG 51/22 – CC/ 706/2021, SRG 52/22 – CC / 705/ 2021).**

താഴെപറയുന്ന അഞ്ചുറോഡു പുനരുദ്ധാരണ പ്രവർത്തികൾ BM & BC നിലവാരത്തിൽ നടത്തുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. തനതുഫണ്ടുപയോഗിച്ചുള്ള ഈ പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

| ക്രമ നമ്പർ | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ (തനത് ഫണ്ട്) |
|---|---|---|---|
| 1 | 148/22 | മേച്ചേരി മുകൾ മലയിടം തുരുത്ത് റോഡ് പുനരുദ്ധാരണം വാർഡ് 4 (BM & BC) | 45,51,107/- രൂപ |
| 2 | 149/22 | ആശാൻ പടി താമരച്ചാൽ റോഡ് പുനരുദ്ധാരണം വാർഡ് 17 (BM & BC) | 95,43,900/- രൂപ |
| 3 | 35/22 | തക് ദീസ് ആശുപത്രി എടത്തിക്കാട് റോഡ് പുനരുദ്ധാരണം – വാർഡ് 1 (BM & BC) | 61,77,215/- രൂപ |
| 4 | 23/22 | വച്ചേരിപ്പാറ പൊയ്യം കുന്നം റോഡ് പുനരുദ്ധാരണം – വാർഡ് 12 (BM & BC) | 39,33,055/- രൂപ |

ഇതിന്മേൽ താഴെ പറയുന്ന വിശദാംശങ്ങൾ ശേഖരിച്ച് നൽകാൻ തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറേയും പഞ്ചായത്ത് ഡയറക്ടറേയും ചുമതലപ്പെടുത്തിയിരുന്നു.

i. BM & BC നിലവാരത്തിൽ ഈ റോഡു പണിയുന്നതിന്റെ ആവശ്യകതയും ട്രാഫിക് സെൻസസും പരിശോധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകണം. ഒപ്പം റോഡിന്റെ നീളം, വീതി എന്നിവയും നൽകണം.

ii. തനതുഫണ്ടായി ആകെ 2.42 കോടി രൂപയാണ് നാല് പ്രവർത്തികൾക്കായി വകയിരുത്തിയിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിന്റെ ലഭ്യത, ഗ്രാമപഞ്ചായത്തിന്റെ മറ്റു ചുമതലകൾ ഭംഗിയായി നിറവേറ്റിയതിനു ശേഷമാണോ ഇത്രയും തുക BM & BC റോഡുകൾക്കായി ഉപയോഗിക്കുന്നത് തുടങ്ങിയവ സംബന്ധിച്ച് പരിശോധിച്ച് പഞ്ചായത്തു ഡയറക്ടറർ റിപ്പോർട്ട് നൽകണം.

ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറും പഞ്ചായത്ത് ഡയറക്ടറും റിപ്പോർട്ട് നൽകി..

**റിപ്പോർട്ട്** – i) മുകളിൽ പറഞ്ഞ 4 റോഡുകൾ നിലവിൽ 3 Meter Carriage Way ഉൾപ്പെടെ ശരാശരി 8 മീറ്റർ വീതിയുള്ള റോഡുകളാണ്. ട്രാഫിക് സർവ്വെ നടത്തിയതിൽ എല്ലാ റോഡുകളും നിർദ്ദിഷ്ട cumulative No. of Standard Axles നു മുകളിൽ വരുന്നുണ്ട്. ഈ സാഹചര്യത്തിൽ BM&BC നിലവാരത്തിൽ റോഡ് നിർമ്മിക്കുന്നത് അഭികാമ്യമാണെന്ന് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു.

**റിപ്പോർട്ട്** – ii) തനത് ഫണ്ടിന്റെ കണക്ക് പരിശോധിച്ചതിൽ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള തുക നീക്കിയിരുത്തിയ

ശേഷം മേൽ പറഞ്ഞ പ്രോജക്ടുകൾക്ക് ആവശ്യമായ 2.42 കോടി രൂപ ഉള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു.

**തീരുമാനം: -** തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടേയും പഞ്ചായത്ത്ഡയറക്ടറുടേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നു.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.4 ഖണ്ഡിക 4.56**

**ആലപ്പുഴ നഗരസഭ**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.01.2022-ലെ കത്തും ആലപ്പുഴ മുനിസിപ്പൽ സെക്രട്ടറിയുടെ 13.01.2022-ലെ കുറിപ്പും (SRG/ 131/22 - CC/653/22)**

***പ്രോ.നം. 524/22*** ***അടങ്കൽ 23,90,000/- രൂപ (CFC Basic Grant))***

***പേര്:- ABC ജില്ലാ പഞ്ചായത്തിന് തുക നൽകൽ***

എ.ബി.സി. പദ്ധതിക്കായി 23.90 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിനു കൈമാറാനായി പ്രോജക്ട് ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബഹു. കേരള ഹൈക്കോടതിയുടെ 11.08.2021-ലെ **WP(C)1328-A1-2021** ഉത്തരവ് പ്രകാരം പ്രോജക്ട് നടപ്പാക്കാൻ തടസ്സമുണ്ടെന്ന് അറിയിച്ചിരിക്കുന്നു. എ.ബി.സി. പദ്ധതി നടപ്പാക്കുന്നതിന് അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരം ഇല്ലാത്തതിനാൽ കുടുംബശ്രീ മിഷന് തുക കൈമാറുന്നതിന് ബുദ്ധിമുട്ടുണ്ട്. ഇത് സംബന്ധിച്ച് വ്യക്തത വരുത്തണമെന്നതു സംബന്ധിച്ച്.

ഇതു സംബന്ധിച്ച് ബഹു. ഹൈക്കോടതിയിലെ കേസു കൂടി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്** – 27.12.21 ലെ മൃഗസംരക്ഷണ വകുപ്പിന്റെ സ.ഉ(സാധാ)നം.474/2021/ എ.എച്ച്.ഡി ഉത്തരവ് പ്രകാരം കുടുംബശ്രീ മുഖേനയുള്ള എ.ബി.സി പ്രവർത്തനം നിർത്തലാക്കി ഉത്തരവായിട്ടുണ്ട്.

**1)** കുടുംബശ്രീ എ.ഡബ്ളിയു.ബി.ഐ യുടെ എ.ബി.സി അംഗീകാരത്തിനായി അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും, അപേക്ഷയിൽ അന്തിമതീരുമാനം നാളിതുവരെ ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ എ.ഡബ്ളിയു.ബി.ഐ അംഗീകാരം കൂടാതെ എ.ബി.സി പദ്ധതി നടത്തിപ്പ് കുടുംബശ്രീ വഴി നടപ്പിലാക്കാൻ സാധിക്കില്ല. കൂടാതെ ഫണ്ട് കൈമാറുന്നത് നിലവിൽ ഹൈക്കോടതി ഉത്തരവ് മുഖേന തടഞ്ഞിട്ടുണ്ട്.

2) ബഹു.കോടതി ഉത്തരവിന് മുമ്പ് പൂർത്തീകരിച്ച എ.ബി.സി പദ്ധതിയുടെ ഫണ്ട് കുടുംബശ്രീ യൂണിറ്റുകൾക്ക് അനുവദിക്കുവാൻ തീരുമാനം ഉണ്ടാകണമെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

**തീരുമാനം: -** 1) ബഹു. ഹൈക്കോടതി ഉത്തരവിനു മുമ്പ് നടപ്പാക്കിയ എ.ബി.സി പദ്ധതിയുടെ തുക എത്രയെന്ന് കണക്കാക്കി ജില്ലാ പഞ്ചായത്തിനു കൈമാറാവുന്നതാണ്. ഇതനു സരിച്ച് ജില്ലാ പഞ്ചായത്ത് / ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ അർഹതപ്പെട്ട തുക കുടുംബശ്രീക്ക് നൽകേണ്ട താണ്.

2) ഇതു സംബന്ധിച്ച് ബഹു. ഹൈക്കോടതിയിലുള്ള കേസിന് ആവശ്യമായ വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കും നിയമവകുപ്പ് സെക്രട്ട റിക്കും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നൽകി ആവശ്യമായ തുടർ നടപടി സ്വീകരിക്കണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

## 3. പൊതുവിഷയം

### 3.1) ലൈഫ് ഭവനപദ്ധതി

i) തദ്ദേശഭരണസ്ഥാപനങ്ങൾ ലൈഫ് പദ്ധതിക്കായി 20 ശതമാനം തുക (വികസനഫണ്ട്–ജനറൽ, എസ്.സി.പി, റ്റി.എസ്.പി വിഹിതത്തിന്റെ) മാറ്റിവച്ചിട്ടുണ്ട്. ചില തദ്ദേശഭരണസ്ഥാപനങ്ങളിൽ ഈ തുക മുഴുവൻ ചെലവഴിക്കത്തക്കരീതിയിൽ ഗുണഭോക്താക്കൾ ഇല്ല. നിലവിലെ ലൈഫ് ലിസ്റ്റ പ്രകാരം മതിയായ ഗുണഭോക്താ ക്കൾ ഇല്ലാത്ത തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇതു സംബന്ധിച്ച് ലൈഫ് ജില്ലാ കോഓർഡിനേറ്ററുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മിച്ചമുള്ള തുക മറ്റാവശ്യത്തിന് ഉപയോഗിക്കാവുന്നതാണ്. ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ ലൈഫ് ജില്ലാ കോഓർഡിനേറ്ററുടെ സാക്ഷ്യപത്രം സഹിതം ആവശ്യപ്പെടുന്ന മുറയ്ക്ക് ഇതിനായി വാലിഡേഷൻ ഒഴിവാക്കി നൽകാൻ എസ്.ആർ.ജിയേയും ഐ.കെ.എം നേയും ചുമതലപ്പെടുത്തി. ഇങ്ങനെ ലഭിക്കുന്ന തുകയ്ക്ക് മറ്റു പ്രത്യേക വാലിഡേഷനോ നിബന്ധനയോ വർഷാവസാനമായതിനാൽ ഉണ്ടായിരിക്കുന്നതല്ല.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) എസ്.ആർ.ജി**
**3) ഐ.കെ.എം**

ii) ലൈഫ് ഭവനപദ്ധതിയിൽ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും 20 ശതമാനം (വികസനഫണ്ട് – ജനറൽ, എസ്.സി.പി, റ്റി.എസ്.പി വിഹിതത്തിന്റെ) തുക മാറ്റിവെച്ചിട്ടുണ്ട്. എന്നാൽ ചില തദ്ദേശഭരണസ്ഥാ പങ്ങളിൽ നിലവിലെ ലൈഫ് ലിസ്റ്റ പ്രകാരം ഗുണഭോക്താക്കൾ ഉണ്ടെങ്കിലും മാർച്ച് 31-നകം മുഴുവൻ തുകയും

ചെലവഴിക്കാൻ കഴിയില്ല. ഈ സാഹചര്യത്തിൽ ലൈഫ് ഗുണഭോക്താക്കൾ ഉണ്ടായിട്ടും ഈ സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിയാത്ത വിഹിതം അതത് തദ്ദേശഭരണസ്ഥാപനങ്ങളുടെ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ കുറഞ്ഞത് 3 മാസത്തേക്കെങ്കിലും (2022 ജൂൺ 30 വരെയെങ്കിലും) സ്പെഷ്യൽ റ്റി.എസ്.ബിയിൽ സൂക്ഷിച്ച് ചെലവഴിക്കാൻ അനുമതി നൽകണമെന്ന് ധനവകുപ്പി നോടാവശ്യപ്പെടാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച ഫയൽ ഉടനെതന്നെ ധനവകുപ്പിലേക്ക് തദ്ദേശസ്വയംഭരണവകുപ്പിൽ നിന്നും നൽകേണ്ടതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ധനവകുപ്പ്**

**3.2)** പല തദ്ദേശഭരണസ്ഥാപനങ്ങളും മാലിന്യം ശേഖരിക്കുന്നതിന് ഹരിതകർമ്മ സേനക്ക് വാഹനം വാങ്ങുന്നതിന് അനുമതി ആവശ്യപ്പെടുന്നുണ്ട്. ഹരിതകർമ്മസേന പ്രവർത്തന മാർഗ്ഗരേഖ ഖണ്ഡിക 6 പ്രകാരം ഹരിതകർമ്മ സേനകൾക്ക് തദ്ദേശഭരണസ്ഥാപനം ഗതാഗത സൗകര്യം ഒരുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വാഹനം വാങ്ങി നൽകി ആവർത്തന ചെലവടക്കം വഹിക്കുകയോ അല്ലാത്തപക്ഷം വാഹനം വാടകയ്ക്ക് എടുത്തു നൽകുകയോ ചെയ്യാവുന്നതാണെന്നും മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. എങ്കിലും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഇതനുസരിച്ച് വാഹനം വാങ്ങുന്നതിൽ വ്യക്തത കുറവുണ്ട് എന്ന് യോഗം വിലയിരുത്തി.

പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യം ശേഖരിക്കുന്നതിന് വാഹനം വാടകയ്ക്കെ ടുക്കുകയോ പ്രത്യേക രൂപകല്പന ചെയ്ത വാഹനം വാങ്ങുകയോ ചെയ്യാവുന്നതാണെന്ന് വ്യക്തത വരുത്തുന്നു. ഇതിനായി ശുചിത്വമിഷൻ വിഹിതമായി (സ്വച്ഛ്ഭാരതമിഷൻ) 70 ശതമാനം തുക നൽകും. ബാക്കിയുള്ള വിഹിതം (30 ശതമാനം) തദ്ദേശഭരണസ്ഥാപനം വകയിരുത്തണം. ഇതിനായി തനതുഫണ്ട് ഉപയോഗിക്കേണ്ടതാണ്. തനത് ഫണ്ട് ലഭ്യമല്ലാതെ വന്നാൽ വാഹനം വാങ്ങുന്നതിനായി വികസനഫണ്ട് - ജനറൽ / ധനകാര്യകമ്മീഷൻ റ്റൈഡ് ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകുന്നു. എന്നാൽ ശുചിത്വമിഷനിൽ നിന്നു വാഹനം ലഭിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ അധികമായി വാഹനം വാങ്ങാവുന്നതല്ല. വാഹനത്തിന്റെ ആവർത്തന ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതാണ്. സ്വന്തമായി വാഹനം വാങ്ങി ഡ്രൈവറെ പ്രത്യേകമായി നിയമിക്കുന്നതിനു പകരം ഹരിതകർമ്മ സേനാംഗങ്ങളെ തന്നെ നിയോഗിക്കുന്നത് പരമാവധി പരിഗണിക്കേണ്ടതാണ്.

ഇത് പതിനാലാം പഞ്ചവത്സരപദ്ധതിയുടെ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ**

**3.3) ക്യാരിഓവർ വിഹിതം അനുവദിക്കൽ**

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ സർക്കാർ അംഗീകരിച്ചതു പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയിൽ മുൻസാമ്പത്തിക വർഷം അനുവദിച്ച തുകയിൽ ചെലവഴിക്കാൻ കഴിയാത്ത തുക (അനുവദിച്ച തുകയുടെ പരമാവധി 20 %) അടുത്ത വർഷം ക്യാരിഓവർ വിഹിതമായി അനുവദിക്കുമെന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓരോ വിഭാഗത്തിലും പ്രത്യേകമായി ക്യാരിഓവർ അനുവദിക്കുമെന്നാണ് വ്യക്തമാക്കിയിരുന്നത്. ഇപ്രകാരം ക്യാരിഓവർ വിഹിതമായി ലഭിക്കാവുന്ന തുക കൂടി കണക്കിലെടുത്താണ് തദ്ദേശഭരണ സ്ഥാപനങ്ങൾ 2021 -22 വാർഷിക പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഇതുവരെ (10.03.2022) 23 ഗ്രാമപഞ്ചായത്തുകളും 6 മുനിസിപ്പാലിറ്റികളും പൊതുവിഭാഗം സാധാരണ വിഹിതത്തിൽ 100 ശതമാനം തുക ചെലവഴിച്ചു. കൂടാതെ 229 ഗ്രാമപഞ്ചായത്തുകളും 19 ബ്ലോക്കുപഞ്ചായത്തുകളും 45 നഗരസഭകളും 90 ശതമാനത്തിലധികം (100 ശതമാനത്തിനു താഴെ) പൊതുവിഭാഗം ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. ഇതേപോലെ റോഡ്, റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിഹിതത്തിന്റെ ചെലവും കൂടുതലാണ്.

കൂടുതൽ ചെലവു വന്നിരിക്കുന്നത് വികസനഫണ്ട് ജനറൽ, മെയിന്റനൻസ് ഗ്രാന്റ് (റോഡ്, റോഡിതരം) എന്നീ വിഹിതത്തിലാണ്. ഈ സാഹചര്യത്തിൽ 10.03.2022 വരെ 90 ശതമാനത്തിൽ കൂടുതൽ തുക ചെലവഴിച്ച തദ്ദേശഭരണസ്ഥാപനങ്ങൾക്ക് (ഏതു വിഹിതത്തിലാണോ 90 ശതമാനത്തിലധികം ചെലവ് വന്നത് ഈ വിഹിതം) ക്യാരിഓവർ വിഹിതം അനുവദിക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. ചെലവ് സംബന്ധിച്ച കണക്ക് ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ നൽകേണ്ടതാണ്. ഇതു സംബന്ധിച്ച ഫയൽ അടിയന്തിരമായി ധനവകുപ്പിനു നൽകാൻ തീരുമാനിച്ചു.

**നടപടി:- 1)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2)ധന വകുപ്പ്**
**3)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

**3.4)** കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022 ലെ തീരുമാനപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലാപ് ടോപ് GEM പോർട്ടൽ വഴി വാങ്ങാൻ അനുമതി നൽകിയിരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ, മത്സ്യതൊഴിലാളി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ എന്നിവർക്ക് പഠനാവശ്യത്തിനു വേണ്ട ലാപ് ടോപിന്റെ സ്പെസിഫിക്കേഷൻ ഐ.റ്റി.മിഷൻ ഡയറക്ടർ നിശ്ചയിച്ചു നൽകിയിരുന്നു. എന്നാൽ വില നിശ്ചയിച്ചു നൽകിയിരുന്നില്ല. അതിനാൽ GEM-ൽ ലഭ്യമായ വില അനുസരിച്ച് വാങ്ങാനാണ് അനുമതി നൽകിയിരുന്നത്.

എന്നാൽ GEM- പോർട്ടലിൽ വില കൂടുതലാണ് എന്ന് ചൂണ്ടികാണിച്ച് ഇ-ടെണ്ടർ മുഖേനയോ കെൽട്രോണിൽ നിന്നോ വാങ്ങാൻ ചില തദ്ദേശഭരണസ്ഥാപനങ്ങൾ

അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു യോഗം പരിശോധിച്ച് താഴെ പറയുന്ന തീരുമാനമെടുത്തു.

**തീരുമാനം: -** ഐ.റ്റി മിഷൻ വില നിശ്ചയിച്ചു നൽകാത്ത സാഹചര്യത്തിൽ GEM-ൽ നിന്നു തന്നെ വാങ്ങുന്ന രീതി തുടരുന്നതാണ് നല്ലതെന്നും ഗുണനിലവാരമുറപ്പാക്കി ഏറ്റവും കുറഞ്ഞ വിലയ്ക്ക് GEM ൽ നിന്നാണ് ലാപ് ടോപ് ലഭ്യമാകുന്നതെന്നും യോഗം വിലയിരുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ 10.02.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ തീരുമാന പ്രകാരം GEM പോർട്ടൽ വഴി തന്നെ ലാപ് ടോപ് വാങ്ങാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.5)** ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, താലൂക്ക് ആശുപത്രി, സി.എച്ച്.സി, പി.എച്ച്.സി-കൾക്കാവശ്യമായ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ (**KMSCL)** മുഖേനയും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ (കൊല്ലം) നിന്നുമാണ് വാങ്ങുന്നത്. ചിലപ്പോൾ ഈ സ്ഥാപനങ്ങളിൽ നിന്നു മരുന്നു ലഭിക്കാൻ താമസം നേരിടുന്നുണ്ട്. ഇത്തരം സാഹചര്യത്തിൽ പാലിയേറ്റീവ് പ്രവർത്തനത്തിനടക്കം അത്യാവശ്യമുള്ള മരുന്നുകൾ കാരുണ്യ, ജൻ ഔഷധി, സപ്ലൈകോ, നീതി സ്റ്റോർ എന്നിവയുടെ ഔട്ട് ലെറ്റുകളിൽ നിന്നു ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ / മെഡിക്കൽ ഓഫീസർമാർ മുഖേന വാങ്ങാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.6)** ജലജീവൻ പദ്ധതിപ്രകാരം ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ (ഗ്രാമപഞ്ചായത്തുകൾ) 15 ശതമാനം വിഹിതം നൽകണം. പഞ്ചായത്തു ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം KWA നൽകിയ വിവരമനുസരിച്ച് 406 ഗ്രാമപഞ്ചായത്തുകൾ 5.00 കോടി രൂപയിലധികം ഇപ്രകാരം അടയ്ക്കണം. എന്നാൽ ഒരു ഗ്രാമപഞ്ചായത്തു മാത്രമായി ഇത്രയും തുക അടയ്ക്കേണ്ടി വരില്ലെന്നും പദ്ധതിയുടെ ഗുണഭോക്തൃ പ്രദേശം (ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ചേർന്ന്) കണക്കാക്കിയാൽ ഓരോ ഗ്രാമപഞ്ചായത്തും അടയ്ക്കേണ്ട വിഹിതം ഇതിലും കുറവായിരിക്കുമെന്നും യോഗം വിലയിരുത്തി.

ഓരോ പ്രദേശത്തേയും പദ്ധതി ഏതാണെന്നും ഇതിന്റെ ആകെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഓരോ ഗ്രാമപഞ്ചായത്തും വകയിരുത്തേണ്ട തുക എത്രയാണെന്നും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്തുഡയറക്ടറെ ചുമതലപ്പെടുത്തി. ഇതോടൊപ്പം തദ്ദേശഭരണസ്ഥാപനങ്ങൾ വാങ്ങി നൽകേണ്ട ഭൂമിയുടെ വില എത്രയാണ്, ഗുണഭോക്താക്കൾ നൽകേണ്ട തുക എത്രയാണ് എന്നതു സംബന്ധിച്ച് റിപ്പോർട്ടിൽ ഉണ്ടാകണം. കൂടാതെ ഉപയോഗിക്കപ്പെടാതെ പ്രാദേശികമായുള്ള ജലസ്രോതസ്സുകൾ ഉണ്ടോ? ഉണ്ട് എങ്കിൽ അവ ഉപയോഗപ്പെടുത്താൻ കഴിയുമോ?

ഇതിന്റെ വിശദാംശങ്ങളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് ശേഖരിക്കണം. KWA ഉദ്യോഗസ്ഥരുമായി ചേർന്ന് വേണം ഈ വിവരങ്ങൾ ശേഖരിക്കേണ്ടത്.

കേന്ദ്ര വിഹിതം കൂടി ഉൾപ്പെടുത്തിയുള്ള ഒരു പദ്ധതിയാണ് ഇതെന്നതിനാൽ സമയബന്ധിതമായി ജലജീവൻ പദ്ധതി പൂർത്തിയാക്കാൻ ജില്ലാ ആസൂത്രണ സമിതി തലത്തിൽ പ്രത്യേകമായി മോണിറ്റർ ചെയ്യണം. ജില്ലാ ആസൂത്രണ സമിതികൾ ഈ വിഷയം മാത്രമായി പ്രത്യേകം പരിശോധിച്ച് റിപ്പോർട്ട് ഏപ്രിൽ 10നകം പഞ്ചായത്ത് ഡയറക്ടർ മുഖേന ലഭ്യമാക്കണം. ഇതിനാവശ്യമായ നടപടി ജില്ലാ കളക്ടർമാർ സ്വീകരിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) KWA മാനേജിംഗ് ഡയറക്ടർ**
**4) എല്ലാ ജില്ലാ കളക്ടർമാരും**

**3.7)** ജലജീവൻ പദ്ധതിയ്ക്ക് തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിരുന്നു. എങ്കിലും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിനു വേണ്ടി ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാമെന്ന് പാർലമെന്റിൽ ചോദ്യത്തിനു മറുപടി പറഞ്ഞ സാഹചര്യത്തിൽ ഈ വിഷയത്തിൽ വ്യക്തത ഉണ്ടാകാനായി വീണ്ടും കേന്ദ്രസർക്കാരിനോടാവശ്യപ്പെടാൻ യോഗം തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**3.8)** സംസ്ഥാനത്ത് ജനവാസം കുറഞ്ഞ മേഖലകളിലെ ജലസ്രോതസ്സുകളിലും പൊതു/സ്വകാര്യസ്ഥലങ്ങളിലും ശുചിമുറി മാലിന്യമുൾപ്പെടെയുള്ള മാലിന്യ നിക്ഷേപം വ്യാപകമായി കണ്ടുവരുന്നുണ്ട്. രാത്രികാലങ്ങളിൽ മാലിന്യം വാഹനങ്ങളിൽ കൊണ്ടുവന്ന് നിക്ഷേപിക്കുന്നതിനാൽ ഇത് കണ്ടുപിടിച്ച് തടയുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്കും മറ്റു അധികൃതർക്കും കഴിയാത്ത സാഹചര്യമുണ്ട്. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലെയും, മാർക്കറ്റുകൾ, ബസ് സ്റ്റാന്റുകൾ മുതലായ ഇടങ്ങളിലെയും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിച്ച് നടപടികൾ സ്വീകരിക്കുന്നതിനും നിലവിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്. ഈ സാഹചര്യത്തിൽ നിയമം ലംഘിക്കുന്നവരെ കണ്ടെത്തുന്നതിനും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും സി.സി.റ്റി.വി ക്യാമറ സ്ഥാപിച്ച് നിരീക്ഷണം നടത്തുന്നതിന് താഴെ പറയും പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്.

i. **C.C.T.V ക്യാമറ സ്ഥാപിക്കാവുന്ന സ്ഥലങ്ങൾ**

(i) മാലിന്യ നിക്ഷേപ സാദ്ധ്യതയുള്ള ജലസ്രോതസ്സുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങൾക്ക് മുൻഗണന നൽകണം.

(ii) സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യസ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ബസ് സ്റ്റാന്റ്/സ്റ്റോപ്പ്, തദ്ദേശസ്ഥാപനങ്ങളുടെ പാർക്കുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ടൗൺഹാൾ/കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ കോമ്പൗണ്ടിലും പരിസരങ്ങളിലും

(iii) തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസുകളിലും പരിസരങ്ങളിലും

ii. **മോണിറ്ററിംഗ്**

തദ്ദേശസ്ഥാപനത്തിന്റെ ഓഫീസ്, പ്രദേശത്തെ പോലീസ് സ്റ്റേഷൻ, പോലീസ് ഔട്ട്പോസ്റ്റുകൾ, ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ഓഫീസുകൾ എന്നിവയിൽ ഉചിതമായ കേന്ദ്രങ്ങളിൽ മോണിറ്റർ ചെയ്യാൻ ക്രമീകരണം ഉണ്ടാകണം. എന്നാൽ പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കുന്ന C.C.T.V ക്യാമറയിലെ വിവരങ്ങൾ സമീപത്തുള്ള പോലീസ് സ്റ്റേഷന് പ്രത്യേകമായി മോണിറ്ററിംഗ് നടത്താൻ കഴിയണം. ഭാവിയിൽ സ്മാർട്ട് ഗാർബേജ് ആപ്പുമായി സി.സി.റ്റി.വി ക്യാമറയിലെ വിവരങ്ങൾ ബന്ധിപ്പിക്കണം.

iii. **സ്പെസിഫിക്കേഷനും മറ്റ് ഇനങ്ങളും**

സ്പെസിഫിക്കേഷൻ, മോണിറ്ററിംഗ്, ബാക്ക് അപ്പ്, ഡാറ്റ സൂക്ഷിക്കൽ, ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ് എന്നിവ പ്രാദേശിക സാഹചര്യങ്ങൾ വിലയിരുത്തി നിശ്ചയിക്കാവുന്നതാണ്. പതിനാലാം പഞ്ചവത്സരപദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ ജില്ലാതലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി ഇലക്ട്രോണിക്സ് എഞ്ചിനീയർമാരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ഇലക്ട്രോണിക്ക് പ്രോജക്ടുകൾക്കുവേണ്ടിയുള്ള കമ്മിറ്റി വിഭാവനം ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റി മുഖേന മുകളിൽ പറഞ്ഞ സ്പെസിഫിക്കേഷൻ അടക്കം നിശ്ചയിച്ച് അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് തയ്യാറാക്കാവുന്നതാണ്. ഒപ്പം സാധ്യമായ പ്രദേശങ്ങളിലൊക്കെ എഞ്ചിനീയറിംഗ് കോളേജിന്റെ സാങ്കേതിക സഹായവും ഉപയോഗപ്പെടുത്തണം. ഇപ്രകാരം സ്പെസിഫിക്കേഷനും മറ്റും തയ്യാറാക്കുമ്പോൾ പ്രദേശത്തെ വ്യാപാരികൾ, റെസിഡൻസ് അസോസിയേഷൻ, വിവിധ സംഘടനകൾ, പോലീസ് അധികാരികൾ എന്നിവരുമായി ചർച്ച ചെയ്ത് വേണം എവിടൊക്കെ ക്യാമറകൾ സ്ഥാപിക്കണമെന്നും, എവിടെയൊക്കെ മോണിട്ടറിംഗ് നടത്തണമെന്നും തീരുമാനിക്കേണ്ടത്. കോർപ്പറേഷൻ പ്രദേശത്തെങ്കിലും മോണിറ്ററിംഗിനായി കൺട്രോൾ റൂം ഉണ്ടാകണം.

iv. **ഗുണഭോക്തൃ വിഹിതം**

തദ്ദേശസ്ഥാപന ഓഫീസ്, പൊതു സ്ഥലത്തെ മാലിന്യ നിക്ഷേപം തടയൽ എന്നിവ ഒഴികെ സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കുന്ന പ്രദേശത്തിനനുസരിച്ച് വ്യാപാരി വ്യവസായികൾ, റെസിഡൻസ് അസോസിയേഷൻ,

പ്രദേശവാസികൾ, സ്കൂൾ പി.ടി.എ, എച്ച്.എം.സി മുതലായ സംഘടന/സ്ഥാപനങ്ങളിൽ നിന്ന് അടങ്കൽ തുകയുടെ കുറഞ്ഞത് 25 ശതമാനം തുക ഗുണഭോക്തൃ വിഹിതമായി ഈടാക്കേണ്ടതാണ്.

ഇത് പതിനാലാം പഞ്ചവത്സരപദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തേണ്ടതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എസ്.ആർ.ജി**

**3.9) പദ്ധതി അന്തിമമാക്കൽ**

തദ്ദേശഭരണസ്ഥാപനങ്ങൾക്ക് 2021-22 ലെ വാർഷിക പദ്ധതിയിൽ ആവശ്യമായ ഭേദഗതി വരുത്തി അന്തിമമാക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇങ്ങനെ പദ്ധതി അന്തിമമാക്കി നൽകാനുള്ള അവസാന ദിവസം മാർച്ച് 10 ആയിരുന്നു. ഇനിയും 108 തദ്ദേശഭരണസ്ഥാപനങ്ങൾ കൂടി പദ്ധതി അന്തിമമാക്കി സമർപ്പിക്കാനുണ്ട്. (ഗ്രാമപഞ്ചായത്ത് 78, ബ്ലോക്ക് പഞ്ചായത്ത് 16, ജില്ലാ പഞ്ചായത്ത് 4, മുനിസിപ്പാലിറ്റി 8, കോർപ്പറേഷൻ 2). പദ്ധതി അന്തിമമാക്കി സമർപ്പിക്കാനുള്ള തീയതി ഇനി നീട്ടിനൽകേണ്ടതില്ലെന്നു യോഗം തീരുമാനിച്ചു. എന്നാൽ പദ്ധതി ഭേദഗതിക്കായി ജില്ലാ ആസൂത്രണ സമിതിയിൽ നിന്നു പ്രാഥമിക അനുമതി വാങ്ങി റിവിഷൻ നടപടി ആരംഭിച്ച തദ്ദേശഭരണസ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കാനുള്ള ക്രമീകരണം ചെയ്യാൻ എസ്.ആർ.ജിയേയും ഐ.കെ.എം-നേയും ചുമതലപ്പെടുത്തി. എന്നാൽ പദ്ധതി ഭേദഗതി വരുത്തുന്നതിന് പുതുതായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകേണ്ടതില്ല. ഇനി സമർപ്പിക്കാനുള്ള തദ്ദേശഭരണസ്ഥാപനങ്ങളോട് എത്രയും വേഗം നടപടി ക്രമങ്ങൾ പൂർത്തിയാക്കി അന്തിമ പദ്ധതി സമർപ്പിക്കാൻ വേണ്ട നിർദ്ദേശം പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും, ഗ്രാമവികസനകമ്മീഷണറും നൽകണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എസ്.ആർ.ജി**
**3) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**
**4) പഞ്ചായത്ത് ഡയറക്ടർ**
**5) നഗരകാര്യ ഡയറക്ടർ**
**6) ഗ്രാമവികസന കമ്മീഷണർ**

**3.10) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ചേർക്കാത്ത റോഡുകളുടെ അറ്റകുറ്റപ്പണി, മറ്റു നിർമ്മാണം**

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169 (പൊതു റോഡുകൾ ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കൽ) പ്രകാരം 1957 ലെ കേരള ഭൂസംരക്ഷണ ആക്ടിലോ (1958 ലെ 8) തത്സമയം പ്രാബല്യത്തിലുമുള്ള മറ്റു ഏതെങ്കിലും നിയമത്തിലോ എന്ത്

തന്നെ അടങ്ങിയിരുന്നാലും, സർക്കാർ ദേശീയ പാതയോ സംസ്ഥാന പാതയോ മേജർ ജില്ലാ റോഡോ ആയി തരം തിരിച്ചിട്ടുള്ള റോഡുകൾ ഒഴികെ, ഒരു പഞ്ചായത്തിന്റെ പ്രദേശത്തിനുള്ളിലുള്ള എല്ലാ പൊതുവഴികളും പാലങ്ങളും കലുങ്കുകളും കിടങ്ങുകളും അണകളും അവയുടെ മുകളിലോ വശങ്ങളിലോ ഉള്ള വേലികളും സംരക്ഷണ സംവിധാനവും അവയോടു ചേർന്നു കിടക്കുന്ന സ്വകാര്യ സ്വത്തല്ലാത്ത എല്ലാ ഭൂമിയും സഹിതം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിലുള്ള മറ്റു വില്ലേജ് റോഡുകളും പാതകളും വഴികളും അവയോടു ചേർന്നുള്ള എല്ലാ നടപ്പാതകളും കല്ലും മറ്റു സാധനങ്ങളും അവിടെ സ്ഥാപിച്ചിട്ടുള്ള മറ്റെല്ലാ സാധനസാമഗ്രികളും അപ്രകാരമുള്ള റോഡുകളിലോ അതിനോട് ചേർന്നോ അതിൻകീഴിലോ നിർമ്മിച്ചിട്ടുള്ള എല്ലാ അഴുക്കുചാലുകളും കലുങ്കുകളും അവയോടു ചേർന്നുള്ള എല്ലാ പണികളും സാധനസാമഗ്രികളും പൂർണ്ണമായും ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തതായും അവയിൽ നിക്ഷിപ്തമായതായും കണക്കാക്കാവുന്നതാണ് എന്ന് അനുശാസിക്കുന്നു. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 207 (പൊതു തെരുവുകളും അവയോടു ചേർന്നുള്ള വസ്തുക്കളും മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമാക്കൽ) ഉം ഇത്തരത്തിൽ അനുശാസിക്കുന്നു. ഈ നിയമത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് ഒരു തദ്ദേശ സ്വയംഭരണ പ്രദേശത്തിന്റെ പരിധിയിൽ വരുന്നതും ഇറിഗേഷൻ, വനം എന്നിവ അടക്കമുള്ള മറ്റു വകുപ്പുകളുടെ ഉടമസ്ഥതയിലുള്ളതും എന്നാൽ പൊതുജനങ്ങൾ ഉപയോഗിക്കുന്നതുമായ മേൽപ്പറഞ്ഞ വകുപ്പുകളുടെ പരിധിയിൽ വരുന്ന റോഡുകൾ, വഴികൾ എന്നിവ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനും അനുവദിനീയമായ വിവിധ ഫണ്ടുകൾ ഉപയോഗിച്ചു നിർമ്മാണ/ അറ്റകുറ്റ പണികൾ ചെയ്യുന്നതിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും കാര്യത്തിൽ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനൊപ്പം അവരെ വിവരം അറിയിക്കേണ്ടതാണ്.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഇ.ഡബ്ളിയു.ബി/ഡി.എ) വകുപ്പ്**

**4. പ്രത്യേക വിഷയം**

**====================**

**4.1 <u>പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്</u>**

**<u>തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.02.2022 ലെ കത്തും പഴയകുന്നുമ്മേൽ വി.ഇ.ഒ യുടെ 12.10.2021 ലെ കത്തും അനുബന്ധ രേഖകളും (SRG 187/22- CC /103/22)</u>**

ലൈഫ് ഫേസ് 3- ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്നതിന് ഈ വർഷം 60.00 ലക്ഷം രൂപയുടെ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിലുള്ള ശ്രീമതി തങ്കമ്മ, ചാലുവിള വീട് എന്ന ആൾക്ക് 3 1/2 സെന്റ് സ്ഥലം വാങ്ങി നൽകി. വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റു പ്രകാരം ഇവർക്ക് സ്വന്തമായി സ്ഥലമില്ലായിരുന്നു. വില രണ്ടു ലക്ഷം രൂപ. പ്രമാണം രജിസ്റ്റർ ചെയ്തു പോക്കുവരവു ചെയ്തെങ്കിലും സ്ഥലം

നൽകിയ ആൾക്ക് ഭൂമിയുടെ വില നൽകിയിട്ടില്ല. എന്നാൽ ഇവരുടെ ഏക മകൾക്ക് സ്വന്തമായി 7 സെന്റ് സ്ഥലവും വീട്ടുമുണ്ട്. ശ്രീമതി തങ്കമ്മയ്ക്ക് 81 വയസ്സുണ്ട്. ഇവർക്ക് പ്രത്യേകമായി ഏകാംഗ റേഷൻകാർഡ് ഉണ്ട്. വി.ഇ.ഒ യുടെ കത്തു പ്രകാരം മകളുടെ സംരക്ഷണയിലാണ് ഗുണഭോക്താവ് താമസിക്കുന്നത്. ഇവർക്ക് സ്ഥലവും വീടും നൽകാൻ കഴിയുമോ എന്ന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ശ്രീമതി തങ്കമ്മ മകളുടെ സംരക്ഷണയിലായതിനാൽ സ്ഥലവും വീടും നൽകുന്നതിന് തദ്ദേശഭരണസ്ഥാപന വിഹിതം ഉപയോഗിക്കാവുന്നതല്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.2 <u>ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത്</u>**

**<u>തൃശ്ശൂർ ജില്ല പ്ലാനിംഗ് ഓഫീസറുടെ 02.02.2022 ലെ കത്തും ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.01.2022 ലെ A-3/212/22-ാം (SRG 153/22 – CC /95/2022)</u>**

***പ്രോ.നം: 19/22*** — ***അടങ്കൽ 97,50,000/- രൂപ (വികസനഫണ്ട് ജനറൽ)***

***പേര് : ലൈഫ് രണ്ടാം ഘട്ടം - ജനറൽ***

മുകളിൽ പറഞ്ഞ പ്രോജക്ടടക്കം ഗ്രാമപഞ്ചായത്ത് ഈ വർഷം ആകെ 1,54,10,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ലൈഫ് ഗുണഭോക്താക്കൾ കുറവാണ്. എന്നാൽ PMAY പദ്ധതി പ്രകാരം 69 ഗുണഭോക്താക്കൾ ഉണ്ട്. ഇവർക്ക് ലൈഫിനുവേണ്ടി മാറ്റിവച്ചിരിക്കുന്ന വിഹിതം ഉപയോഗിച്ച് ആനുകൂല്യം നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ആവാസ് പ്ലസിൽ ലഭ്യമായ വിവരം അനുസരിച്ച് 7 PMAY ഗുണഭോക്താക്കൾ മാത്രമാണ് ഉള്ളതെന്ന് യോഗം വിലയിരുത്തി. ഈ ഏഴുപേർക്ക് കേന്ദ്ര-സംസ്ഥാന ധനസഹായമായി ലഭിക്കുന്ന 1.20 ലക്ഷം രൂപ (0.78 ലക്ഷം രൂപ + 0.42 ലക്ഷം രൂപ)യുടെ ബാക്കി തുക (ലൈഫ് നിരക്കായ 4.00 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി) നൽകാവുന്നതാണ്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കണം. നിലവിൽ ലൈഫ് ലിസ്റ്റിൽ ഇല്ലാത്ത മറ്റുള്ളവർക്ക് ധനസഹായം നൽകാവുന്നതല്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

### 4.3 ആലങ്ങാട് ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.02.2022 ലെ കത്തും അനുബന്ധ രേഖകളും (SRG 223/22 – CC/120/2022)**

നിലവിലെ മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ പുതിയ വീട് നിർമ്മിച്ച കുറഞ്ഞത് 8 വർഷം കഴിഞ്ഞു മാത്രമേ വീട്ടു പുനഃരുദ്ധാരണത്തിനോ അറ്റകുറ്റപ്പണിക്കോ ധനസഹായം നൽകാൻ കഴിയൂ. 2018 ലെ പ്രളയത്തിൽ വീട് തകർന്നവർക്ക് ഈ കാരണത്താൽ ധനസഹായം നൽകാൻ കഴിയുന്നില്ല. അതിനാൽ 8 വർഷം എന്നത് 6 വർഷമായി കുറയ്ക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം: -** പൊതുവായി അനുമതി നൽകുന്നില്ല. എന്നാൽ നിരാലംബരായ ആരെങ്കിലുമുണ്ടെങ്കിൽ അത്തരം കേസുകൾ പ്രത്യേകം പരിശോധിച്ച് തദ്ദേശഭരണസ്ഥാപനത്തിന് 14.09.2021 ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ താഴെ പറയുന്ന തീരുമാനം (ഖണ്ഡിക 2.2 **(1)**) പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

‘‘പ്രളയത്തിൽ 75 മുതൽ 100 ശതമാനം വരെ നാശനഷ്ടമുണ്ടായ ഭവനത്തിന് SDRF ൽ നിന്നും CMRDF ൽ നിന്നും ലഭിക്കുന്ന തുക ചേർത്ത് ആകെ 4.00 ലക്ഷം രൂപ ലഭിക്കും. ഇത്തരം കുടുംബത്തിന് തദ്ദേശഭരണസ്ഥാപനങ്ങൾ ഇനി വിഹിതം നൽകാവുന്നതല്ല. 60 മുതൽ 74 ശതമാനം വരെ നാശനഷ്ടമുണ്ടായ ഭവനങ്ങൾക്ക് (സമതല പ്രദേശവും മലയോര പ്രദേശവും) SDRF ൽ നിന്നും CMDRF ൽ നിന്നും ആകെ 2,50,000/- രൂപ ലഭിക്കും. എന്നാൽ പലപ്പോഴും ഈ തുക ഉപയോഗിച്ച് വീട് വാസയോഗ്യമാക്കാൻ കഴിയില്ല. ഇത്തരം കേസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ പ്രകാരം പുതിയ വീട്ടു നിർമ്മിതിക്കായി ബാക്കിവരുന്ന 1,50,000/- രൂപ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. 60 ശതമാനത്തിൽ താഴെ നാശനഷ്ടം സംഭവിച്ചവർക്ക് തദ്ദേശ ഭരണസ്ഥാപനത്തിൽ നിന്ന് പ്രത്യേക ധന സഹായം നൽകേണ്ടതില്ല. എന്നാൽ 2018, 2019 പ്രളയത്തിൽ വീട് പൂർണ്ണമായും തകർന്ന ഏതെങ്കിലും കേസുകളിൽ SDRF, CMDRF ൽ നിന്നോ മറ്റ് വിധത്തിലോ ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വീട്ടു നിർമ്മാണത്തിനു ലൈഫ് നിരക്ക് പ്രകാരം ധനസഹായം നൽകാവുന്നതാണ്’’.

പ്രളയത്തിൽ വീട്ടു പൂർണ്ണമായും തകർന്ന കേസുകളിൽ SDRF, CMDRFൽ നിന്നോ മറ്റു വിധത്തിലോ ലഭിച്ച തുകയുടെ ബാക്കി തുക (ലൈഫ് നിരക്കായ 4.00 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി) ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.4 കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.02.2022, 18.02.2022 തീയതികളിലെ കത്തും (2 എണ്ണം) കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.12.2021 ലെ 23(2)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG 280/22 – CC/156/22)**

കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ പന്തപ്ര പട്ടികവർഗ്ഗ സങ്കേതത്തിൽ കോളനി പുനരധിവാസ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് വീട്ടു നിർമ്മിച്ചു നൽകുന്നുണ്ട്. ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറാണ്. 57 കുടുംബങ്ങൾക്കാണ് വീട്ടു നിർമ്മിച്ചു നൽകുന്നത്. ഒരു വീടിന്റെ നിർമ്മാണത്തിന് വനം വകുപ്പ് സൗജന്യമായി ഒരു ക്യൂബിക് മീറ്റർ ആഞ്ഞിലി തടി നൽകും. ആഞ്ഞിലിത്തടിയുടെ കുറവു നികത്താൻ പ്ലാവ്, മരുതി, ഇരുൾ, ചടച്ചി എന്നിവയിലേതെങ്കിലും ഇനത്തിൽപ്പെട്ട തടിയും നൽകും. എന്നാൽ ഇത് ഉരുപ്പടികളാക്കി എല്ലാ ഗുണഭോക്താക്കൾക്കും നൽകുന്നതിന് വാഹന വാടക, കയറ്റിറക്കു കൂലി ഉൾപ്പെടെ ഏകദേശം ആകെ 4 മുതൽ 5 ലക്ഷം രൂപ വരെ ചെലവ് വരും. ഈ തുക എങ്ങനെ കണ്ടെത്തണമെന്ന് ഉത്തരവിലെവിടേയും പറയുന്നില്ല. ഈ സാഹചര്യത്തിൽ ഈ തുക ഗ്രാമപഞ്ചായത്തിൽ നിന്നു ചെലവഴിക്കാനായി പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്ന് ഈ തുക ലഭിക്കുമോ എന്നാരായണം. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് ഇതിനുള്ള വിഹിതം ലഭിക്കില്ലായെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മുഖേന ഗ്രാമപഞ്ചായത്തു വിഹിതം ഉപയോഗിക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.5 പറവൂർ ബ്ലോക്ക് പഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.02.2022 ലെ കത്തുകളും (2എണ്ണം) കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 തീയതി കൂടിയ യോഗതീരുമാനവും (SRG 281/22 – CC/161/22)**

പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ അഞ്ചു ഗ്രാമപഞ്ചായത്തുകളിലുമായുള്ള PMAY ഗുണഭോക്താക്കളിൽ പലർക്കും 2018-ലെ പ്രളയത്തെ തുടർന്ന് പ്രളയ ധനസഹായം ലഭിച്ചവരാണ്. അതിനാൽ ഇവർക്ക് PMAY പദ്ധതി പ്രകാരം ധനസഹായം നൽകാൻ തടസ്സം ഉണ്ട്. ഇവർക്ക് പ്രളയധനസഹായം ലഭിച്ചുവെങ്കിലും പലരുടേയും വീട് വാസയോഗ്യമല്ല. അതിനാൽ PMAY ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും 2.50 ലക്ഷത്തിൽ താഴെ പ്രളയ ധനസഹായം ലഭിച്ചിട്ടുള്ളവരു മായവർക്ക് ലൈഫ് നിരക്കായ 4.00 ലക്ഷം രൂപയുടെ ബാക്കി തുക VEO, LSGD അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. പ്രളയ ധനസഹായമായി 2,50,000/- രൂപയിൽ താഴെ ലഭിച്ചവരും എന്നാൽ വീട്ടു വാസയോഗ്യമല്ലാത്ത വരുമായി ഏകദേശം 250 കുടുംബങ്ങൾ ഉണ്ട്. (എസ്.സി 128, ജനറൽ 121, ന്യൂനപക്ഷ വിഭാഗം 1) എന്നറിയിച്ചിട്ടുണ്ട്.

**തീരുമാനം: -** 14.09.2021 തീയതിയിൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി യുടെ താഴെ പറയുന്ന തീരുമാനം (ഖണ്ഡിക 2.2(1) പ്രകാരം നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

''പ്രളയത്തിൽ 75 മുതൽ 100 ശതമാനം വരെ നാശനഷ്ട മുണ്ടായ ഭവനത്തിന് SDRF ൽ നിന്നും CMRDF ൽ നിന്നു ലഭിക്കുന്ന തുക ചേർത്ത് ആകെ 4.00 ലക്ഷം രൂപ ലഭിക്കും. ഇത്തരം കുടുംബത്തിന് തദ്ദേശഭരണസ്ഥാപനങ്ങൾ ഇനി വിഹിതം നൽകാവുന്നതല്ല. 60 മുതൽ 74 ശതമാനം വരെ നാശനഷ്ടമുണ്ടായ ഭവനങ്ങൾക്ക് (സമതല പ്രദേശവും മലയോര പ്രദേശവും) SDRF ൽ നിന്നും CMDRF ൽ നിന്നും ആകെ 2,50,000/- രൂപ ലഭിക്കും. എന്നാൽ പലപ്പോഴും ഈ തുക ഉപയോഗിച്ച് വീട് വാസയോഗ്യമാക്കാൻ കഴിയില്ല. ഇത്തരം കേസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ പ്രകാരം പുതിയ വീട്ടു നിർമ്മിതിക്കായി ബാക്കിവരുന്ന 1,50,000/- രൂപ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. 60 ശതമാനത്തിൽ താഴെ നാശനഷ്ടം സംഭവിച്ചവർക്ക് തദ്ദേശ ഭരണസ്ഥാപനത്തിൽ നിന്ന് പ്രത്യേക ധന സഹായം നൽകേ ണ്ടതില്ല. എന്നാൽ 2018, 2019 പ്രളയത്തിൽ വീട് പൂർണ്ണമായും തകർന്ന ഏതെങ്കിലും കേസുകളിൽ SDRF, CMDRF ൽ നിന്നോ മറ്റു വിധത്തിലോ ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീ യറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വീട്ടു നിർമ്മാ

ണത്തിനു ലൈഫ് നിരക്ക പ്രകാരം ധനസഹായം നൽകാവു ന്നതാണ്".

PMAY ഗുണഭോക്താക്കൾ ആണെങ്കിൽ SDRF/CMDRF ൽ നിന്ന് നൽകിയ തുകയുടേയും കേന്ദ്ര സംസ്ഥാന വിഹിതത്തി ന്റേയും ബാക്കി തുക അസിസ്റ്റന്റ് എഞ്ചിനീയർ / അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാ നത്തിൽ നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.6 കാട്ടാക്കട ഗ്രാമപഞ്ചായത്ത്**

**കാട്ടാക്കട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (ലഭിച്ചത് 25.02.2022) പഞ്ചായത്തിന്റെ തന്നെ 18.2.2022-ലെ 1(3)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 286/22)**

കാട്ടാക്കട ഗ്രാമപഞ്ചായത്ത് ലൈഫ് ഭവന പദ്ധതിക്കായി ഈ വർഷം മാറ്റി വച്ചിരിക്കുന്നതിൽ 14,68,380/- രൂപ വികസന ഫണ്ട് ജനറലും 27,31,620/- രൂപ സി.എഫ്.സി അടിസ്ഥാന വിഹിതവും ആണ്. ഇതു കൂടാതെ ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും 60.00 ലക്ഷം രൂപ വീതം മാറ്റിവച്ചിട്ടുണ്ട്. വികസന ഫണ്ടു ജനറൽ പൂർണ്ണമായും ചെലവഴിച്ചു. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതത്തിൽ 10.00 ലക്ഷം രൂപ ചെലവഴിച്ചു. ബാക്കിയുള്ള 17,31,620/- രൂപ ഈ വർഷം ചെലവഴിക്കാൻ ബുദ്ധിമുട്ടുണ്ട്. അതിനാൽ ഈ തുക ഗ്രാമപഞ്ചായത്ത് ഓഫീസിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നിരസിച്ചു. പൊതു തീരുമാനം ഖണ്ഡിക 3.1(ii) പ്രകാരം ധനവകുപ്പ് അനുമതി നൽകുകയാണെങ്കിൽ സ്പെഷ്യൽ റ്റി.എസ്.ബിയിൽ സൂക്ഷിച്ച് തുക ചെലവഴിക്കാ വുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.7 പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.02.2022 ലെ കത്തും പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.01.2022 ലെ 1(5)-ാം നമ്പർ തീരുമാനവും (SRG 200/22 – CC/111/22)**

*പ്രോ.നം: 65/22* *അടങ്കൽ 13,00,000/- രൂപ*

*( എസ്.സി.പി – 11,68,000/- രൂപ*

*തനത് ഫണ്ട് – 1,32,000/- രൂപ)*

*പേര് : വീട് വാസയോഗ്യമാക്കൽ (എസ്.സി)*

പ്രളയത്തിൽ തകർന്ന വീട്ടു വാസയോഗ്യമാക്കുന്നതിനാണ് പ്രോജക്ട്. 2018, 2019 വർഷങ്ങളിൽ പ്രളയത്തിൽ വീട്ടു തകർന്നവർക്ക് വീട്ടു പുനരുദ്ധാരണത്തിന് CMDRF/ SDRF നിന്ന് ധനസഹായം ലഭിച്ചിട്ടുണ്ട്. 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചവർക്ക് SDRF/CMDRF ൽ നിന്ന് 4.00 ലക്ഷം രൂപ ലഭിക്കും. എന്നാൽ 74 ശതമാനത്തിൽ താഴെ നാശനഷ്ടമുണ്ടായവർക്ക് നിലവിൽ എത്ര രൂപ ധനസഹായം നൽകാമെന്ന് വ്യക്തത വരുത്തണമെന്നും ഇവർക്ക് ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ലെ ഖണ്ഡിക 2.2(1) പ്രകാരം വ്യക്തത വരുത്തിയിട്ടുണ്ട്. ഖണ്ഡിക താഴെ ചേർക്കുന്നു. ഇതനുസരിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

"പ്രളയത്തിൽ 75 മുതൽ 100 ശതമാനം വരെ നാശനഷ്ടമുണ്ടായ ഭവനത്തിന് SDRF ൽ നിന്നും CMRDF ൽ നിന്നു ലഭിക്കുന്ന തുക ചേർത്ത് ആകെ 4.00 ലക്ഷം രൂപ ലഭിക്കും. ഇത്തരം കുടുംബത്തിന് തദ്ദേശഭരണസ്ഥാപനങ്ങൾ ഇനി വിഹിതം നൽകാവുന്നതല്ല. 60 മുതൽ 74 ശതമാനം വരെ നാശനഷ്ടമുണ്ടായ ഭവനങ്ങൾക്ക് (സമതല പ്രദേശവും മലയോര പ്രദേശവും) SDRF ൽ നിന്നും CMDRF ൽ നിന്നും ആകെ 2,50,000/- രൂപ ലഭിക്കും. എന്നാൽ പലപ്പോഴും ഈ തുക ഉപയോഗിച്ച് വീട് വാസയോഗ്യമാക്കാൻ കഴിയില്ല. ഇത്തരം കേസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ പ്രകാരം പുതിയ വീട്ടു നിർമ്മിതിക്കായി ബാക്കിവരുന്ന 1,50,000/- രൂപ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. 60 ശതമാനത്തിൽ താഴെ നാശനഷ്ടം സംഭവിച്ചവർക്ക് തദ്ദേശഭരണസ്ഥാപനത്തിൽ നിന്ന് പ്രത്യേക ധനസഹായം നൽകേണ്ടതില്ല. എന്നാൽ 2018, 2019 പ്രളയത്തിൽ വീട് പൂർണ്ണമായും തകർന്ന ഏതെങ്കിലും കേസുകളിൽ SDRF, CMDRF ൽ നിന്നോ മറ്റു വിധത്തിലോ ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വീട്ടു നിർമ്മാണത്തിനു ലൈഫ് നിരക്കു പ്രകാരം ധനസഹായം നൽകാവുന്നതാണ്."

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.8 **അനങ്ങനടി ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.02.2022 ലെ കത്ത് (SRG 245/22 – CC/170/2022)**

*പ്രോ.നം: 107/19* *അടങ്കൽ 5,80,000/- രൂപ*

*(മെയിന്റനൻസ് ഗ്രാന്റ് റോഡ് -5,00,000/- രൂപ*

*സി.എഫ്.സി - 80,000/- രൂപ))*

***പേര് : അത്തിക്കുണ്ട് ആയുർവേദ ഡിസ്പെൻസറി റോഡ് റീ ടാറിംഗ്***

അനങ്ങനടി ഗ്രാമപഞ്ചായത്തിലെ മുകളിൽ പറഞ്ഞ റോഡിനുവേണ്ടിയുള്ള പ്രോജക്റ്റ് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. 2018-19 ൽ തന്നെ പ്രവൃത്തി പൂർത്തിയാക്കുകയും ഇതേ വർഷം തന്നെ 3,67,750/- രൂപ ചെലവഴിക്കുകയും ചെയ്തു. ബാലൻസ് തുക നൽകാതെ തന്നെ പൂർത്തീകരണ പത്രം രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ ഇനിയും തുക നൽകാനുണ്ട്. പൂർത്തീകരണ പത്രം രേഖപ്പെടുത്തിയതിനാൽ സ്പിൽഓവർ ആയി കൊണ്ടു വരാൻ കഴിയില്ല. ഈ സാഹചര്യത്തിൽ പ്രോജക്റ്റിൽ ഉണ്ടായിരുന്ന ബാക്കി തുകയായ 2,12,250/- രൂപയ്ക്ക് തനതു ഫണ്ട വകയിരുത്തി പ്രോജക്റ്റ തയ്യാറാക്കാനും ബാലൻസ് തുക കരാറുകാരനു നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -**

1) ബാക്കി തുക നൽകാതെ പൂർത്തീകരണ പത്രം രേഖപ്പെടുത്തിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണെന്ന് യോഗം വിലയിരുത്തി.
2) ബിൽ പ്രകാരമുള്ള ബാലൻസ് തുക പുതിയ പ്രോജക്റ്റ് തയ്യാറാക്കി തനതുഫണ്ടിൽ നിന്നു നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.9 **മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.02.2022 ലെ കത്ത് (SRG 215/22 – CC/80/2022)**

*പ്രോ.നം: 138/22* *അടങ്കൽ 26,00,000/- രൂപ*

*(തനത് ഫണ്ട്)*

***പേര് : ജനകീയമുക്ക് കളരിക്കണ്ടിമുക്ക് റോഡ് ഇറിഗേഷൻ വകുപ്പിനു തുക കൈമാറൽ***

ഗ്രാമപഞ്ചായത്തിലെ ജനകീയമുക്ക് - കളരിക്കണ്ടിമുക്ക് റോഡിന് കുറുകെ 2.75 മീറ്റർ ഉയരത്തിൽ ഇറിഗേഷൻ വകുപ്പിന്റെ Aquaduct കടന്നു പോകുന്നുണ്ട്. മഴക്കാലത്തും കനാൽ തുറക്കുമ്പോഴും റോഡിന്റെ ഈ ഭാഗത്ത് വെള്ളക്കെട്ട് ഉണ്ടാകും. റോഡ് ഉയർത്തുകയോ അക്വാഡക്റ്റ് പൊളിച്ചുമാറ്റി പുതിയതു നിർമ്മിക്കുകയോ വേണമെന്ന് ഇറിഗേഷൻ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഇതിനായി ഇറിഗേഷൻ വകുപ്പിന് ഡിപ്പോസിറ്റായി

നൽകാൻ 26.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ തുക ഇറിഗേഷൻ വകുപ്പിനു ഡിപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഈ പ്രവൃത്തിയുടെ സാങ്കേതികമായ വിശദവിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**

**4.10 കീഴരിയൂർ ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.02.2022 ലെ കത്ത് (SRG 246/22 – CC/121/2022)**

***പ്രോ.നം: 53/22*** ***അടങ്കൽ 3,50,000/- രൂപ***
***(വികസനഫണ്ട് ജനറൽ)***

***പേര് : നടുക്കണ്ടി മുക്ക് പുതുശ്ശേരി മുക്ക് റോഡ് ടാറിംഗ്***

കീഴരിയൂർ ഗ്രാമപഞ്ചായത്തിലെ നടുക്കണ്ടി മുക്ക് പുതുശ്ശേരിമുക്ക് റോഡ് ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ്. ശോചനീയാവസ്ഥയിലുള്ള ഈ റോഡ് നന്നാക്കുന്നതിനാണ് പ്രോജക്ട്. എന്നാൽ ഇതിന് ഇറിഗേഷൻ വകുപ്പിൽ നിന്നും NOC ലഭിക്കുന്നില്ല. അതിനാൽ തുക ഇറിഗേഷൻ വകുപ്പിനു ഡെപ്പോസിറ്റ് ചെയ്ത് പ്രവർത്തി നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം: -** ഇറിഗേഷൻ വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്യാവുന്നതല്ല. തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയർ മുഖേന നേരിട്ട് പ്രവൃത്തി ചെയ്യാൻ നിർദ്ദേശിക്കുന്നു. പൊതു വിഷയം 3.10 ബാധകം

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.11 കീഴരിയൂർ ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.02.2022 ലെ കത്തും കീഴരിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 02.02.2022 ലെ** SC2-2339/2021-ാം **നമ്പർ തീരുമാനവും (SRG 247/22 – CC/123/2022)**

***പ്രോ.നം: 70/22*** ***അടങ്കൽ 3,50,000/- രൂപ***
***( മെയിന്റനൻസ് ഗ്രാന്റ് (റോഡ്) – 2,21,760/- രൂപ***
***വികസനഫണ്ട് (ജനറൽ) - 1,28,240/- രൂപ)***

***പേര് : കല്ലട ഭജന മഠം***

കീഴരിയൂർ ഗ്രാമപഞ്ചായത്തിലെ കല്ലട ഭജനമഠം റോഡ് മെയിന്റനൻസ് നടത്തുന്നതിനാണ് പ്രോജക്ട്. ഈ റോഡ് ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ്. ഈ

റോഡിന്റെ പ്രവൃത്തിക്കായി ഇറിഗേഷൻ വകുപ്പ് NOC നൽകാൻ തയ്യാറല്ല. അതിനാൽ ഇറിഗേഷൻ വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി നടത്താനുദ്ദേശിക്കുന്നു. തുക ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ഇറിഗേഷൻ വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്യാവുന്നതല്ല. മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഒഴിവാക്കി അനുവദനീയമായ മറ്റു വിഹിതം ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയർ മുഖേന നേരിട്ട് പ്രവൃത്തി ചെയ്യാൻ നിർദ്ദേശിക്കുന്നു. പൊതു വിഷയം 3.10 ബാധകം

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.12 കീഴരിയൂർ ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.02.2022 ലെ കത്ത് (SRG 248/22 – CC/122/2022)**

***പ്രോ.നം: 64/22*** ***അടങ്കൽ 3,50,000/- രൂപ***

***( മെയിന്റനൻസ് ഗ്രാന്റ് (റോഡ്)***

***പേര് : പെരുവിലാശ്ശേരി മഠത്തിലാട്ട് - ആച്ചേരി തോട് സബ് റോഡ്***

കീഴരിയൂർ ഗ്രാമപഞ്ചായത്തിലെ പെരുവിലാശ്ശേരി മഠത്തിലാട്ട് - ആച്ചേരി തോട് സബ് റോഡ് ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ്. ഇതിന്റെ മെയിന്റനൻസിനാണ് പ്രോജക്ട്. എന്നാൽ ഇതിനായി ഇറിഗേഷൻ വകുപ്പ് NOC നൽകിയില്ല. അതിനാൽ തുക ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി ചെയ്യാനുദ്ദേശിക്കുന്നു. തുക ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ഇറിഗേഷൻ വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്യാവുന്നതല്ല. മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഒഴിവാക്കി അനുവദനീയമായ മറ്റു വിഹിതം ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയർ മുഖേന നേരിട്ട് പ്രവൃത്തി ചെയ്യാൻ നിർദ്ദേശിക്കുന്നു. പൊതു വിഷയം 3.10 ബാധകം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.13 എലവഞ്ചേരി ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.02.2022 ലെ കത്തും എലവഞ്ചേരി ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ 05.02.2022 ലെ** Az-23/2022-ാം **നമ്പർ കത്തും അനുബന്ധ രേഖകളും (SRG 195/22 – CC/**65**/22)**

താഴെപ്പറയുന്ന 8 പ്രോജക്ടുകൾ 2019-20 ൽ വാർഷിക പദ്ധതിയിൽ എടുത്ത പ്രോജക്ടാണ്. ഇത് 2020-21 ൽ പൂർത്തിയായി. എം.ബുക്ക് തയ്യാറാക്കിയിരുന്നു

വെങ്കിലും ഇവയിൽ 5 പ്രവൃത്തികളുടെ എം.ബുക്ക് ഇപ്പോൾ ലഭ്യമല്ല. 3 പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെയാണ് പ്രവൃത്തി നടപ്പാക്കിയത്. ഈ കാരണങ്ങളാൽ ബിൽ തുക നൽകാൻ കഴിയുന്നില്ല.

| ക്രമ നമ്പർ | പ്രോ.നം | പ്രോജക്ടിന്റെ പേര് | അടങ്കൽ വിഹിതം (രൂപ) | തുക അനുവദിക്കാൻ കഴിയാത്തതിന്റെ കാരണം |
|---|---|---|---|---|
| 1 | 104/22 | കരിങ്കുളം ഈഴവ സമുദായം മന്ദ് റോഡ് പേവിംഗ് ബ്ലോക്ക് | 1,50,000/- സി.എഫ്.സി ബേസിക് ഗ്രാന്റ് | എം.ബുക്ക് ലഭ്യമല്ല |
| 2 | 105/22 | ുറ്റിപ്പാടി ഇടവഴി റോഡ് കോൺക്രീറ്റിംഗ്, പാർശ്വഭിത്തി | 1,50,000/- സി.എഫ്.സി ബേസിക് ഗ്രാന്റ് | എം.ബുക്ക് ലഭ്യമല്ല |
| 3 | 108/22 | മൊടക്കോട് ഇടവഴി റോഡ് മെറ്റലിംഗ് ടാറിംഗ് | 2,00,000/- മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | എം.ബുക്ക് ലഭ്യമല്ല |
| 4 | 109/22 | ുറ്റിപ്പാടം ബോർവെൽ | 43,907/- സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് | എം.ബുക്ക് ലഭ്യമല്ല |
| 5 | 111/22 | ുറ്റിപ്പാടം കുടിവെള്ള പദ്ധതി പൂർത്തീകരണം | 2,20,000/- സി.എഫ്.സി റ്റൈഡ് 1,20,200/- തനത് ഫണ്ട് 99800/- | എം ബുക്ക് ലഭ്യമല്ല |
| 6 | 106/22 | കൊളുമ്പ് മണ്ഡപം കുടും സബ്ബ് സെന്റർ മെയിന്റനൻസ് | 93,071/- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ചെക്ക് മെഷർ ചെയ്യാത്തതിനാലും |
| 7 | 107/22 | വട്ടെക്കാട് GUP സ്കൂളിന് തുറന്ന കിണർ | 4,93,000 സി.എഫ്.സി റ്റൈഡ് ഗ്രാന്റ് | റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ചെക്ക് മെഷർ ചെയ്യാത്തതിനാലും |
| 8 | 110/22 | പെരുതംകോട് മണ്ഡപം കുടം റോഡ് | 3,00,000 സി.എഫ്,സി ബേസിക് ഗ്രാന്റ് | നിർമ്മാണത്തിലെ അപാകത |

തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ മുഴുവൻ പ്രവൃത്തികളുടേയും ബിൽതുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്ന് വീഴ്ചയുണ്ടായി എന്നു യോഗം നിരീക്ഷിച്ചു. ഈ പ്രവൃത്തി സംബന്ധിച്ച് പല കാര്യത്തിലും വ്യക്തത കുറവുണ്ട് എന്നും യോഗം വിലയിരുത്തി. അതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ഓരോ പ്രവൃത്തിയും പ്രത്യേകം പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിൽ മറ്റു വിശദാംശങ്ങളോടൊപ്പം താഴെപറയുന്നവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

പ്രോജക്ട് തുടങ്ങിയ വർഷം, റ്റി.എസ് നൽകിയതിന്റെ വിശദാംശം, ടെണ്ടർ ചെയ്ത തീയതി, പ്രവൃത്തി പൂർത്തിയായ ദിവസം, എം.ബുക്ക് തയ്യാറാക്കിയോ?, തയ്യാറാക്കിയതാര്, റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകാത്തതിന്റെ കാരണം, ഈ പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ, നിർമ്മാണത്തിൽ അപാകതകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ എന്തൊക്കെ?

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനിക്കുന്നതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

## 4.14 തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം – തദ്ദേശഭരണസ്ഥാപനങ്ങളുടെ ആസ്തിരജിസ്റ്ററിലില്ലാത്ത റോഡുകളുടെ അറ്റകുറ്റപ്പണി, മറ്റു നിർമ്മാണം.

തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇറിഗേഷൻ അടക്കമുള്ള വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ ഉണ്ട്. ഇവ പൊതു ജനങ്ങൾ ഉപയോഗിക്കുന്നുണ്ട് എങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഇല്ല. ഇത്തരം റോഡുകളുടെ പുനർനിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നടത്താൻ കഴിയുമോ എന്നതു സംബന്ധിച്ച് വ്യക്തമായ സർക്കാർ നിർദ്ദേശം ഇല്ല. ഇതിന്മേൽ വ്യക്തത വരുത്തണം എന്നതു സംബന്ധിച്ച്.

കുടയത്തൂർ ഗ്രാമപഞ്ചായത്തിൽ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് (MVIP) യുടെ ഉടമസ്ഥതയിലുള്ള റോഡുകൾ ഉണ്ട്. MVIP യുടെ ഉടമസ്ഥതയിലുള്ള സുന്ദരി ക്കവല – കറുകയിൽ റോഡ് മെച്ചപ്പെടുത്തുന്നതിന് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് കോൺക്രീറ്റ് പ്രവൃത്തി ചെയ്യാനുദ്ദേശിച്ചിരുന്നു. ഇതിന് അനുമതി നൽകണമെന്ന

ആവശ്യം ചൂണ്ടികാണിച്ചാണ് ചീഫ് എഞ്ചിനീയർ മുകളിൽ പറഞ്ഞ ആവശ്യം ഉന്നയിച്ചിരിക്കുന്നത്.

**തീരുമാനം: -**

1) പൊതുവിഷയം 3.10 ബാധകം
2) ചീഫ് എഞ്ചിനീയർ പരാമർശിക്കുന്ന കുടയത്തൂർ ഗ്രാമ പഞ്ചായത്തിലെ റോഡ് സംബന്ധിച്ച് വിശദാംശം സഹിതം നൽകാൻ 13.08.2021 ൽ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിൽ നിന്ന് ഗ്രാമപഞ്ചായത്തിനെ അറിയിച്ചുവെങ്കിലും ഇതുവരെ മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ഇതു പരിഗണിച്ചില്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ / ഇ.ഡബ്ളിയു.ബി) വകുപ്പ്**

**4.15 ചേളന്നൂർ ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.02.2022 ലെ കത്ത് (SRG 217/22 – CC/60/2022)**

***പ്രോ.നം: 158/22*** ***അടങ്കൽ 5,00,000/- രൂപ (തനത് ഫണ്ട്)***

***പേര് : ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ധനസഹായം***

ഗ്രാമപഞ്ചായത്തിലെ നിർധനരായ രോഗികൾക്ക് ഡയാലിസിസിന് ധനസഹായവും രോഗികൾക്ക് ആവശ്യമായ മരുന്നും നൽകുന്നതിനാണ് പ്രോജക്ട്. ഇതു നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -**

**1)** ഡയാലിസിസിനു പ്രതിമാസം പരമാവധി 4000/- രൂപ വീതം ബന്ധപ്പെട്ട ആശുപത്രി മുഖേന നൽകാൻ അനുമതി നൽകുന്നു. എസ്.സി, എസ്.റ്റി, മത്സ്യത്തൊഴിലാളി കുടുംബം, ബി.പി.എൽ കുടുംബം എന്നിവർക്ക് മുൻഗണന നൽകണം.

**2)** മരുന്ന് രോഗികൾക്ക് നേരിട്ടു വിതരണം ചെയ്യുന്നതിനു പകരം ആവശ്യമായവ ബന്ധപ്പെട്ട പി.എച്ച്.സികളിൽ ശേഖരിച്ച് ഡോക്ടർ നിർദ്ദേശിക്കുന്ന പ്രകാരം നൽകാവു ന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.16 ഏഴോം ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.02.2022 ലെ കത്തും ഏഴോം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.02.2022 ലെ 22/2022-ാം നമ്പർ തീരുമാനവും (SRG 232/22 – CC/162/2022)**

*പ്രോ.നം: 82/22* *അടങ്കൽ 7,11,880/-/- രൂപ*

*(വികസനഫണ്ട് ജനറൽ - 5,03,120/- രൂപ*

*ജില്ലാ പഞ്ചായത്ത് വിഹിതം -2,00,000/- രൂപ*

*തനത് ഫണ്ട് - 8760/- രൂപ)*

***പേര് : സാന്ത്വന പരിചരണം***

ഗ്രാമപഞ്ചായത്തിൽ ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് പ്രതിമാസം 4000/-രൂപ നിരക്കിൽ ബന്ധപ്പെട്ട ആശുപത്രികൾക്ക് നൽകുന്നതിനാണ് പ്രോജക്ട്. ഇത് നടപ്പാക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം: -** ഡയാലിസിസിന് പ്രതിമാസം പരമാവധി 4000/- രൂപ വീതം ബന്ധപ്പെട്ട ആശുപത്രി മുഖേന നൽകാവുന്നതാണ്. എസ്.സി, എസ്.റ്റി, മത്സ്യതൊഴിലാളി കുടുംബം, ബി.പി.എൽ കുടുംബം എന്നിവർക്ക് മുൻഗണന നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.17 മാടായി ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.02.2022 ലെ കത്തും മാടായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.01.2022 ലെ 26/2022/8-ാം നമ്പർ തീരുമാനവും (SRG 234/22 – CC/157/2022)**

*പ്രോ.നം: 121/22* *അടങ്കൽ 7,00,000/- രൂപ*

*(തനത് ഫണ്ട് )*

***പേര് : ഡയാലിസിസ് രോഗികൾക്ക് ധനസഹായം***

ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് പ്രതിമാസം 4000/- രൂപ നിരക്കിൽ ബന്ധപ്പെട്ട ആശുപത്രി മുഖേന ധനസഹായം നൽകാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം: -** ഡയാലിസിസിന് പ്രതിമാസം പരമാവധി 4000/- രൂപ വീതം ബന്ധപ്പെട്ട ആശുപത്രി മുഖേന നൽകാവുന്നതാണ്. എസ്.സി, എസ്.റ്റി, മത്സ്യതൊഴിലാളി കുടുംബം, ബി.പി.എൽ കുടുംബം എന്നിവർക്ക് മുൻഗണന നൽകണം

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.18 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.02.2022 ലെ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 22.01.2022- ലെ 4(10)-ാം നമ്പർ തീരുമാനവും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24.02.2022 ലെ** P6/70/21-ാം **നമ്പർ കത്തും (SRG 221/22 – CC/152/2022)**

***പ്രോ.നം: 925/22*** ***അടങ്കൽ 10,00,000/-- രൂപ***

***( വികസനഫണ്ട് – ജനറൽ)***

***പേര് : അതിജീവനം – അവയവ മാറ്റ ശസ്ത്രക്രിയയ്ക്കും ഡയാലിസിസിനും ചികിത്സാ സഹായ പദ്ധതി.***

അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയമായവർക്കും ഡയാലിസിസ് ആവശ്യമായവർക്കും ചികിത്സാ ധനസഹായത്തിനാണ് പ്രോജക്ട്. ഡയാലിസിസിനു വിധേയമായിക്കൊണ്ടിരിക്കുന്ന രോഗികൾക്ക് പ്രതിമാസം പരമാവധി 4000/- രൂപയുടേയും അവയവ മാറ്റത്തിനു വിധേയമായവർക്ക് പ്രതിമാസം പരമാവധി 10,000/- രൂപയുടേയും മരുന്നുകൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും നേരിട്ടുവാങ്ങി വിതരണം ചെയ്യുന്നന്നതിന് ഉദ്ദേശിക്കുന്നു. കോഴഞ്ചേരി ജില്ലാ ആശുപത്രി സൂപ്രണ്ടു മുഖേനയാണ് പ്രോജക്ട് നടപ്പാക്കുന്നത്. ഇതിന് അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം: -** ജില്ലാപഞ്ചായത്ത് ഇത്തരം രോഗികൾക്ക് മരുന്ന് വാങ്ങി വിതരണം ചെയ്യാവുന്നതല്ല. . പകരം ആവശ്യമായ മരുന്ന് ജില്ലാ പഞ്ചായത്തിനു കൈമാറിയ ആശുപത്രിയിൽ ശേഖരിച്ച് ഡോക്ടർ നിർദ്ദേശിക്കും പ്രകാരം മരുന്നു നൽകുന്ന രീതി അവലംബിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.19 മലപ്പുറം ജില്ല – ഡയാലിസിസ് രോഗികൾക്ക് ധനസഹായം

**ബഹു. കോട്ടയ്ക്കൽ എം.എൽ.എയുടെ 04.02.2022 – ലെ 12.2022/**KTK **–ാം നമ്പർ കത്തും ബഹു.വള്ളിക്കുന്ന് എം.എൽ.എ യുടെ 04.02.2022 ലെ 15/വള്ളിക്കുന്ന്/ 2022-ാം നമ്പർ കത്തും (SRG 210/22- SRG 213/22)**

മലപ്പുറം ജില്ലയിൽ ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകുന്നതിന് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. നിലവിലെ സർക്കാർ നിർദ്ദേശ പ്രകാരം ധനസഹായ തുക ബന്ധപ്പെട്ട ആശുപത്രികൾക്ക് കൈമാറണമെന്നാണ്. ജില്ലയ്ക്കും സംസ്ഥാനത്തിനും പുറത്തുള്ള ചില ആശുപത്രികൾ കരാറിലേർപ്പെടാൻ തയ്യാറാകാത്ത സാഹചര്യത്തിൽ രോഗികൾക്കു ബുദ്ധിമുട്ടുണ്ടാകുന്നു. അതിനാൽ ധനസഹായ തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -**

1) അനുമതി നിരസിച്ചു. ഡയാലിസിസിന് പ്രതിമാസം പരമാവധി 4000/- രൂപ ബന്ധപ്പെട്ട ആശുപത്രിമുഖേന നൽകാവുന്നതാണ്. എസ്.സി, എസ്.റ്റി, മത്സ്യത്തൊഴിലാളി കുടുംബം, ബി.പി.എൽ കുടുംബം എന്നിവർക്ക് മുൻഗണന നൽകണം. ഇതാണ് സംസ്ഥാനത്താകമാനം എടുത്തിരിക്കുന്ന തീരുമാനം.
2) കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ലെ തീരുമാനം ഖണ്ഡിക 3.12, 4.32 എന്നിവ പാലിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.20. വാഴൂർ ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.02.2022 ലെ കത്തും അനുബന്ധരേഖകളും**

**(SRG 236/22 – CC/166/22)**

***പ്രോ.നം: 180/22***

***അടങ്കൽ - 16,22,020/- രൂപ***

***(ശുചിത്വമിഷൻ വിഹിതം – 11,86,080/- രൂപ***

***സി.എഫ്.സി റൈഡ് ഗ്രാന്റ് – 4,35,000/- രൂപ***

***തനത് ഫണ്ട് – 940/- രൂപ))***

***പേര് : ടേക്ക് എ ബ്രേക്ക് – പാതയോര ശൗചാലയനിർമ്മാണം.***

വാഴൂർ ഗ്രാമപഞ്ചായത്ത് 2020-21 ൽ എടുത്ത ടേക്ക് എ ബ്രേക്ക് പ്രോജക്ട് ഈ വർഷം സ്പിൽഓവറായി തുടരുന്നു. ഇതിനായി ദേശീയ പാതയോരത്ത് (ദേശീയ പാത 183) പൊതു ഭൂമി ലഭ്യമല്ലാത്തതിനാൽ സ്വകാര്യ ഭൂമി 25 വർഷക്കാലത്തേക്ക് പാട്ടത്തിനെടുക്കാൻ തീരുമാനിച്ചു. പത്ര പരസ്യത്തിലൂടെ റീസർവ്വേ നമ്പർ 266/3 – പ്രകാരമുള്ള ഭൂമിയിൽ നിന്ന് മഠത്തിൽ ഫാമിലി ട്രസ്റ്റിന്റെ 2.00 സെന്റ് സ്ഥലം പാട്ടത്തിനു കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ മാർക്കറ്റ് വാല്യു 2,06,478/- രൂപ (2 സെന്റിന്) യായി വില്ലേജ് ഓഫീസർ നിശ്ചയിച്ചു നൽകി. 1400/- രൂപ പ്രതിമാസ വാടകയും ഓരോ വർഷവും 5 ശതമാനം വർദ്ധനവിലുമാണ് ആണ് വാടക നിശ്ചയിച്ചിരിക്കുന്നത്. പാതയോരത്ത് വാഹനപാർക്കിംഗ് സൗകര്യമുണ്ടെന്നറിയിച്ചിരിക്കുന്നു. ടേക്ക് എ ബ്രേക്ക് പ്രോജക്ട് നടപ്പാക്കുന്നതിന് ഈ സ്ഥലം മുകളിൽ പറഞ്ഞ പ്രകാരം വാടകയ്ക്കെടുക്കാൻ അനുമതി നൽണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.21 ചെറുതാഴം ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.02.2022 ലെ കത്തും ചെറുതാഴം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.11.2021 ലെയും 06.06.2021 – ലെയും തീരുമാനവും (SRG 235/22 – CC/140/22)**

*പ്രോ.നം: 150/2018* *അടങ്കൽ - 57,00,000/- രൂപ*

*(സി.എഫ്.സി ബേസിക് ഗ്രാന്റ് – 10,52,500/- രൂപ*

*ജില്ലാപഞ്ചായത്ത് വിഹിതം – 25,00,000/- രൂപ*

*തനത് ഫണ്ട് – 21,47,500/- രൂപ))*

*പേര് : അത്തിപ്പറമ്പ് ശ്മശാനം നിർമ്മാണം*

മുകളിൽ പറഞ്ഞ പ്രോജക്ട് 2017-18 വാർഷിക പദ്ധതിയിലാണ് എടുത്തത്. പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഈ പ്രോജക്ട് SILK മുഖേനയാണ് നടപ്പാക്കിയത്. കഴിഞ്ഞ വർഷം പൂർത്തിയാക്കി. ഇതിനകം രണ്ടു ഗഡുക്കളായി 32,83,119/- രൂപ നൽകി. ഇതിന്റെ ഫൈനൽ ബിൽ തയ്യാറാക്കാനായി അസിസ്റ്റന്റ് എഞ്ചിനീയറെ ഏല്പിച്ചുവെങ്കിലും സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് ലഭ്യമല്ലാത്തതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപടി സ്വീകരിച്ചില്ല. ടെണ്ടർ നടപടി കൂടാതെയാണ് SILK നെ നിർവ്വഹണത്തിനായി ഏല്പിച്ചത്. അതിനാൽ ചെയ്ത നടപടിക്ക് സാധൂകരണം നൽകി ബാക്കി തുക കൂടി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** SILK ഇത്തരം പ്രോജക്ട് ചെയ്യുന്നതിന്റെ പി.എം.സി മാത്രമാണ്. പ്രവർത്തി നേരിട്ടേൽപ്പിച്ചതും എസ്റ്റിമേറ്റ് ലഭ്യമല്ല എന്നതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. യോഗ്യതയില്ലാതെ SILK പ്രവർത്തി നേരിട്ട് സ്വീകരിച്ചതും വീഴ്ചയാണ്. ഓഡിറ്റ് കുറിപ്പുണ്ടോ എന്നതടക്കമുള്ള കാര്യങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട്ടു പരിഗണിക്കുന്നതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**

**4.22 കൊടകര ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.02.2022 ലെ കത്തും (SRG 177/22 – CC/597/21)**

*പ്രോ.നം: 50/22* *അടങ്കൽ - 1,00,000/- രൂപ*

*(വികസനഫണ്ട് ജനറൽ)*

*പേര് : നിർമല – മെൻസ്ട്രുവൽ കപ്പ് പരിചയപ്പെടുത്തൽ - ജോലിക്കാരായ വനിതകൾക്ക്*

സാനിറ്ററി നാപ്കിനു പകരമായി മലിനീകരണം കുറവുള്ള മെൻസ്ട്രവൽ കപ്പ് ഉപയോഗിക്കുന്ന ശീലം ഉണ്ടാക്കുന്നതിനാണ് പ്രോജക്ട്. ആദ്യഘട്ടമായി ആശാ പ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ, കുടുംബശ്രീ സി.ഡി.എസ്/എ.ഡി.എസ് പ്രവർത്തകർ ഘടകസ്ഥാപനങ്ങളിലെ വനിതാ ഉദ്യോഗസ്ഥർ എന്നിവർക്ക് വിതരണം ചെയ്യാനും പരിചയപ്പെടുത്താനുമാണ് ലക്ഷ്യം. ആദ്യഘട്ടത്തിൽ മെഡിക്കൽ ഓഫീസറു ടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടേയും നേതൃത്വത്തിലാണ് പ്രോജക്ട് നടപ്പാക്കുന്നത്. ഇതു നടപ്പാക്കാൻ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** മെഡിക്കൽ ഓഫീസറുടെ ഉപദേശം കൂടി ഉപയോഗപ്പെടുത്തുമെന്ന ഗ്രാമപഞ്ചായത്തിന്റെ തീരുമാനം പാലിക്കണമെന്ന നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.23 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.02.2020 ലെ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 4(11)-ാം നമ്പർ തീരുമാനവും പത്തനംതിട്ട ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 10.03.2022 ലെ കത്തും (SRG 220/22- CC /153/22)**

1) ***പ്രോ.നം: 911/22*** ***അടങ്കൽ - 1,01,72,551/- രൂപ (സി.എഫ്.സി റ്റൈഡ് ഗ്രാന്റ്)***

***പേര് : സമ്പൂർണ്ണ ശുചിത്വം – സംയോജിത പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പദ്ധതി***

2) ***പ്രോ.നം: 912/22*** ***അടങ്കൽ - 48,27,449/- രൂപ (സി.എഫ്.സി റ്റൈഡ് ഗ്രാന്റ്)***

***പേര് : സമ്പൂർണ്ണ ശുചിത്വം – സംയോജിത പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പദ്ധതി – അധിക വിഹിതം***

പത്തനംതിട്ട ജില്ലയിൽ കുന്നന്താനത്ത് പ്ലാസ്റ്റിക് സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനാണ് പ്രോജക്ട്. ആകെ അടങ്കൽ 1.50 കോടി രൂപ. കുന്നന്താനത്തുള്ള വ്യവസായ പാർക്കിൽ ക്ലീൻകേരള കമ്പനിക്ക് വിട്ടു നൽകിയിട്ടുള്ള സ്ഥലത്താണ് പ്ലാസ്റ്റിക് സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നത്. ജില്ലാ പഞ്ചായത്തും ക്ലീൻകേരള കമ്പനിയുമായി ചേർന്നുള്ള സംയുക്ത സംരംഭമായാണ് പ്രോജക്ട നടപ്പാക്കുന്നത്. പ്രോജക്ട നിർവ്വഹണത്തിനായി തുക ക്ലീൻ കേരള കമ്പനിക്ക് ഡെപ്പോസിറ്റ് ചെയ്യുന്ന തിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** പ്രവൃത്തിയുടെ നിർവ്വഹണ പുരോഗതി അനുസരിച്ച് ക്ലീൻ കേരള കമ്പനിക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.24 ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.02.2022 ലെ കത്തും ഉടുമ്പൻ ചോല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.12.2022 ലെ 1(10) –ാം നമ്പർ തീരുമാനവും (SRG 181/22- CC /76/22)**

*പ്രോ.നം: 246/22* *അടങ്കൽ - 4,78,020/- രൂപ (സി.എഫ്.സി റ്റൈഡ് ഗ്രാന്റ്)*

***പേര് : ഹരിതകർമ്മസേന – പ്ലാസ്റ്റിക് മാലിന്യ ശേഖരണം – ക്യാരി ബാഗ് നൽകൽ***

പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി 2 വലിയ ക്യാരി ബാഗുകൾ വീതം ഓരോ വീട്ടിലും നൽകാനാണ് പ്രോജക്ട്. ഹരിതകർമ്മസേന മുഖേനയാണ് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫ് കളിലേക്ക് കൊണ്ടു പോകുന്നത്. ക്യാരി ബാഗ വാങ്ങി നൽകുന്നതിനുള്ള ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നിരസിച്ചു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി/ ഡബ്ളിയു.എം) വകുപ്പ്**

**4.25 കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.02.2022 ലെ കത്തും കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമതിയുടെ 19.01.2022 ലെ 1(4)-ാം നമ്പർ തീരുമാനവും (SRG 237/22 – CC/89/2022)**

*പ്രോ.നം: 158/22* *അടങ്കൽ 43,35,000/- രൂപ (സി.എഫ്.സി റ്റൈഡ് ഗ്രാന്റ് - 13,00,000/- രൂപ ശുചിത്വമിഷൻ വിഹിതം - 30,35,000/- )*

***പേര് : കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ നവീകരണം***

കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ 2009 മുതൽ 26 വർഷത്തേക്ക് *BOT* വ്യവസ്ഥയിൽ കൈരളി സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്ന സ്ഥാപനമാണ് ഏറ്റെടുത്ത് നടത്തുന്നത്. ഈ കാലയളവിൽ ഇതിന്റെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള ചുമതലകൾ ഈ ഏജൻസിയാണ് നടത്തേണ്ടത്. കംഫർട്ട് സ്റ്റേഷന്റെ സെപ്റ്റിക് ടാങ്ക് മഴക്കാലത്ത് നിറഞ്ഞൊഴുകി പരിസര മലിനീകരണത്തിന് കാരണമാകുന്നുണ്ട്. ഇതു പരിഹരിക്കാൻ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണം. ഇതിനു വലിയ മുതൽമുടക്ക് വരും എന്നതിനാൽ പഞ്ചായത്ത് നിർമ്മിച്ചു നൽകണമെന്ന് ഈ ഏജൻസി ആവശ്യപ്പെട്ടിരിക്കുന്നു. ശുചിത്വ മിഷന്റെ സാങ്കേതിക സഹായത്തോടെ പ്ലാന്റ് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നല്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

4.26 കോട്ടത്തറ ഗ്രാമപഞ്ചായത്ത്

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.02.2022 ലെ കത്ത് (SRG 270/22 – CC/113/22)**

*പ്രോ.നം: 232/22* *അടങ്കൽ 1,95,000/- രൂപ*
*( സി.എഫ്.സി റ്റൈഡ് ഗ്രാന്റ്)*

***പേര് : ഹരിതകർമ്മ സേനയ്ക്ക് ഇലക്ട്രോണിക് ബില്ലിംഗ് മെഷീൻ വാങ്ങൽ***

ഹരിതകർമ്മ സേനയ്ക്കായി ഇലക്ട്രോണിക് ബില്ലിംഗ് മെഷീൻ വാങ്ങുന്നതിനുള്ള ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം -** സ്മാർട്ട് ഗാർബേജ് ആപ്പ് സംവിധാനം നിലവിൽ വരുന്ന സാഹചര്യത്തിൽ അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി/ഡബ്ളിയു.എം ) വകുപ്പ്**

4.27 ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.02.2022 ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 18.02.2022 ലെ C2-250/21-ാം നമ്പർ കത്തും (SRG 282/22 – CC/172/22)**

*പ്രോ.നം: 103/22* *അടങ്കൽ 19,17,564/- രൂപ*
*( സി.എഫ്.സി റ്റൈഡ് ഗ്രാന്റ്)*

***പേര് : ടേക്ക് എ ബ്രേക്ക് - വഴിയോര വിശ്രമകേന്ദ്രം – ശുചി മുറി ഒരുക്കൽ***

ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃസംഘടന 2010-ൽ നടന്നപ്പോൾ അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് നിർത്തലാക്കുകയും പല ആസ്തികളും ചിറ്റുമല ബ്ലോക്കിന് കൈമാറുകയും ചെയ്തു. ഇങ്ങനെ ലഭിച്ച അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സ് കൊല്ലം കോർപ്പറേഷന്റെ പരിധിയിലാണ്. ഇവിടെ ടേക്ക് എ ബ്രേക്ക് ശുചിമുറി സമുച്ചയം നിർമ്മിക്കാൻ ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രദേശം കോർപ്പറേഷന്റെ പരിധിയിൽ ആയതിനാൽ ടേക്ക് എ ബ്രേക്ക് സമുച്ചയം പണിയാൻ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ഇതിന്റെ തുടർ പ്രവർത്തനവും ബ്ലോക്കു പഞ്ചായത്ത് ചെയ്യണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

4.28 ചിറക്കടവ് ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.02.2022 ലെ കത്ത് (SRG 268/22 – CC/91/22)**

*പ്രോ.നം: 259/22* *അടങ്കൽ 5,00,000/- രൂപ*
*( സി.എഫ്.സി റ്റൈഡ് ഗ്രാന്റ്)*

***പേര് : ഹരിതകർമ്മസേന – പ്ലാസ്റ്റിക് കളക്ഷൻ ബാഗ് വാങ്ങൽ***

പ്ലാസ്റ്റിക് ശേഖരിക്കുവാൻ പൊതുജനങ്ങൾക്ക് പ്ലാസ്റ്റിക് ബാഗവാങ്ങി നൽകാനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി/ ഡബ്ളിയു.എം) വകുപ്പ്**

**4.29 അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.01.2022 ലെ കത്ത് (SRG 129/22 – CC/37/2022)**

***പ്രോ.നം:** 81/22* ***അടങ്കൽ 6,00,000/- രൂപ (എസി.സി.പി)***

***പേര് : എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി***

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി നൽകുന്ന പ്രോജക്ടിൽ വർഷ സജീഷ് എന്ന കുട്ടി ഉൾപ്പെട്ടിട്ടുണ്ട്. ഈ കുട്ടിയുടെ അച്ഛന്റെ വസ്തുവിന്റെ ഉടമസ്ഥാവകാശം അച്ഛന്റെ അമ്മയായ ശ്രീമതി. ഓമനയുടെ പേരിലാണ്. സാമ്പത്തി കമായി പിന്നാക്കം നിൽക്കുന്ന കുടുംബമായതിനാൽ ശ്രീമതി. ഓമനയുടെ സമ്മതപത്രം വാങ്ങി പഠനമുറി നിർമ്മിച്ചു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.30 വോർക്കാടി ഗ്രാമ പഞ്ചായത്ത്**

**കാസർകോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.02.2022 ലെ കത്തും വോർക്കാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.12.2021 ലെ 1(5)-ാം നമ്പർ തീരുമാനവും (SRG 279/22 – CC/186/22)**

***പ്രോ.നം: 259/22*** ***അടങ്കൽ 1,00,000/- രൂപ ( റ്റി.എസ്.പി – 16,521/- രൂപ തനത് ഫണ്ട് – 83,479/- രൂപ)***

***പേര് : എസ്.റ്റി വിദ്യാർത്ഥികൾക്ക് പഠനമുറി.***

വോർക്കാടി ഗ്രാമപഞ്ചായത്ത് കർണ്ണാടക സ്റ്റേറ്റുമായി അതിർത്തി പങ്കിടുന്നതാണ്. ഇവിടുത്തെ ഭൂരിഭാഗവും കുട്ടികളും പഠിക്കുന്നത് കർണ്ണാടക സംസ്ഥാനത്താണ്. ''കേരളത്തിലെ പൊതു വിദ്യാഭ്യാസ വകുപ്പും ഉന്നതവിദ്യാഭ്യാസ വകുപ്പും അംഗീകരിച്ചി ട്ടുള്ള ഏതു കോഴ്സിനു പഠിക്കുന്നവരേയും വിദ്യാർത്ഥികളായി കണക്കാക്കി പഠനമുറിക്ക് ധനസഹായം നൽകാം'' എന്നാണ് മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്നത്. കർണ്ണാടകയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകാൻ കഴിയുമോ എന്ന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** കേരളത്തിൽ സ്ഥിര താമസക്കാരായ വിദ്യാർത്ഥികൾ എന്ന നിലയിൽ പഠനമുറിയ്ക്ക് ധനസഹായം നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.31 മാവേലിക്കര മുനിസിപ്പാലിറ്റി**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.02.2022 ലെ കത്ത് (SRG 256/22 – CC/147/22)**

***പ്രോ.നം: 19/22*** ***അടങ്കൽ 30,00,000/- രൂപ ( എസ്.സി. പി)***

***പേര് : പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി***

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുമ്പോൾ പഠനമുറിയുടെ തറവിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി 15.10.2018 ലെ സ.ഉ(സാധാ)നം. 2636/18/തസ്വഭവ ഉത്തരവ് പ്രകാരം 120 ച. അടിയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിലെ കെട്ടിടത്തിനു മുകളിൽ മുറിയും അനുബന്ധ സൗകര്യവും കൂടി പണിയുമ്പോൾ 120 ച. അടിയേക്കാൾ കൂടും. അതിനാൽ 120 ച. അടിയിൽ അധികരിക്കുന്ന പഠനമുറിക്കു കൂടി ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** വിസ്തീർണ്ണ പരിധിയിൽ ഇളവ് നൽകി പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.32 തെന്മല ഗ്രാപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.02.2022 ലെ കത്ത് (SRG 227/22 – CC/154/2022)**

***പ്രോ.നം: 8/22*** ***അടങ്കൽ 5,58,214/- രൂപ (വികസനഫണ്ട് -ജനറൽ)***

***പേര് : സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം***

വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിന് പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 6 സർക്കാർ സ്കൂളുകളും 4 എയ്ഡഡ് സ്കൂളുകളുമാണ് ഉള്ളത്. സർക്കാർ സ്കൂളുകളിലെ കുട്ടികൾക്കൊപ്പം എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും പ്രഭാതഭക്ഷണം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.33 **പിറവന്തൂർ ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.02.2022 ലെ കത്ത് (SRG 226/22 – CC/129/2022)**

***പ്രോ.നം: 26/22*** ***അടങ്കൽ 9,00,900/- രൂപ (വികസനഫണ്ട് ജനറൽ)***

***പേര് : പ്രഭാത ഭക്ഷണം***

വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിന് പ്രോജക്ട വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ സ്കൂളിലെ കുട്ടികൾക്കൊപ്പം എയ്ഡഡ് സ്കൂളിലെ കുട്ടികൾക്കും പ്രഭാതഭക്ഷണം നൽകാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.34 **തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.02.2022 ലെ കത്ത് (SRG 250/22 – CC/62/2022)**

***പ്രോ.നം: 63/22*** ***അടങ്കൽ 2,00,000/- രൂപ ( തനത്ഫണ്ട്)***

***പേര് : വിദ്യാലയങ്ങൾക്ക് പ്രഭാത ഭക്ഷണ പരിപാടി.***

ഗ്രാമപഞ്ചായത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകാൻ ഈ വർഷം തയ്യാറാക്കിയിരിക്കുന്ന പ്രോജക്റ്റിന് അനുമതി സംബന്ധിച്ച്.

**തീരുമാനം: -**

1) മുകളിൽ പറഞ്ഞ പ്രോജക്ട് നിർവ്വഹണം നടത്താൻ അനുമതി നൽകുന്നു.
2) കത്തിൽ മുൻവർഷങ്ങളിൽ എയ്ഡഡ് സ്കൂളിൽ പ്രഭാതഭക്ഷണം നൽകിയതിന്മേലുള്ള ഓഡിറ്റ് കുറിപ്പ് ഒഴിവാക്കി നൽകണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചില്ല. നടപടികൾക്കായി വകുപ്പുതലത്തിൽ നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ/എ.ബി) വകുപ്പ്**

4.35 **പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.02.2022 ലെ കത്തും പത്തനംതിട്ട .ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 22.01.2022 ലെ 4(8)-ാം നമ്പർ തീരുമാനവും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24.02.22-ലെ PC/70/21-ാം നമ്പർ കത്തും (SRG 219/22- CC /150/22)**

***പ്രോ.നം: 919/22*** ***അടങ്കൽ - 10,00,000/- രൂപ (വികസനഫണ്ട് ജനറൽ - 7,71,496/- രൂപ തനതുഫണ്ട് – 2,28,504/- രൂപ)***

***പേര് : കേരള വാട്ടർ അതോറിറ്റിക്ക് പൈപ്പ് ലൈൻ നീട്ടുന്നതിന് – അധിക വിഹിതം നൽകൽ***

ജില്ലയിൽ വിവിധ കുടിവെള്ള പദ്ധതിയ്ക്കായി 2020-21 വർഷം KWA ക്ക് തുക ഡെപ്പോസിറ്റ് ചെയ്തിരുന്നു. 18 പ്രവർത്തികൾക്കായി ആകെ 1,36,64,000/- രൂപയാണ് ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്. **KWA** നൽകിയ എസ്റ്റിമേറ്റ് പ്രകാരമാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. ഇപ്പോൾ 2018 ലെ **DSR** നിലവിൽ വന്നതിനാൽ പഴയ എസ്റ്റിമേറ്റ് നിരക്കിൽ വർക്ക് ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകുന്നില്ല. ഡി.എസ്.ആർ 2018 പ്രകാരം എസ്റ്റിമേറ്റ റിവൈസ് ചെയ്യുമ്പോൾ ഉണ്ടാകുന്ന അധിക തുക നൽകണമെന്ന് KWA ആവശ്യപ്പെട്ടിരിക്കുന്നു. ഈ തുക നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -**

1) KWA പ്രതിനിധിയുടെ കൂടി അഭിപ്രായപ്രകാരം അധിക തുക നൽകേണ്ടതില്ലെന്നു നിർദ്ദേശിക്കുന്നു.
2) മുൻപ് ഡെപ്പോസിറ്റ് ചെയ്ത തുക ഉപയോഗിച്ച് KWA വർക്ക് അറേഞ്ച് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.36 ദേശമംഗലം ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.02.2022 ലെ കത്തും ദേശമംഗലം ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ 02.02.2022 ലെ A6-7663/21-ാം നമ്പർ കത്തും** KWA **തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 22.11.2021 ലെ A2-5380/21-ാം നമ്പർ കത്തും (SRG 228/22 – CC/117/2022)**

***പ്രോ.നം: 102/22*** ***അടങ്കൽ 12,00,000/- രൂപ (സി.എഫ്.സി റൈഡ് ഗ്രാന്റ്)***

***പേര് : പള്ളം പമ്പ് ഹൗസ് -പുതിയ മോട്ടോർ സ്ഥാപിക്കൽ***

ദേശമംഗലം ഗ്രാമപഞ്ചായത്തിലെ 5,6,7,8,9,10 വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി പള്ളം പമ്പ് ഹൗസിൽ പുതിയ മോട്ടോർ സ്ഥാപിക്കാനാണ് പ്രോജക്ട്. 40 **HP** മോട്ടോർ പമ്പാണ് വാങ്ങുന്നത്. പമ്പ് ഹൗസ് KWA യുടെ അധീനതയിലാണ്. അതിനാൽ KWA ക്ക് തുക ഡെപ്പോസിറ്റ് ചെയ്ത് പ്രവർത്തി നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** മോട്ടോർ പമ്പ് മാറ്റേണ്ടത് KWA യുടെ ചുമതലയാണ് എന്ന് യോഗം നിരീക്ഷിച്ചു. എങ്കിലും ഗ്രാമപഞ്ചായത്തിലെ 6 വാർഡുകൾക്കു പ്രയോജനപ്പെടും എന്നതിനാൽ കാലതാമസമൊഴിവാക്കാൻ പ്രോജക്ടിന് അനുമതി നൽകുന്നു. എന്നാൽ

ഇതു സംബന്ധിച്ച് KWA യിൽ നിന്ന് എസ്റ്റിമേറ്റ് വാങ്ങി കരാറിന്റെ അടിസ്ഥാനത്തിലെ തുക ഡെപ്പോസിറ്റ് ചെയ്യാവു എന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.37 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.03.2022 ലെ കത്ത് (SRG 306/22 – CC/209/22).**

*പ്രോ.നം: 920/22* *അടങ്കൽ 30,00,000/- രൂപ*

*( സി.എഫ്.സി ബേസിക് ഗ്രാന്റ് – 8,04,000/- രൂപ*

*സി.എഫ്.സി റ്റൈഡ് ഗ്രാന്റ് – 21,96,000/- രൂപ)*

***പേര് : ഓമല്ലൂർ റൂറൽ വാട്ടർ സപ്ലൈ സ്കീമിനു മോട്ടോർ വാങ്ങൽ***

ഓമല്ലൂർ റൂറൽ വാട്ടർ സപ്ലൈ സ്കീമിൽ നിലവിലുള്ള പമ്പിംഗ് മോട്ടോറുകളിൽ രണ്ടെണ്ണം കേടുപാടുകൾ മൂലം പ്രവർത്തനക്ഷമമല്ല. KWA യുടെ സാമ്പത്തിക പ്രതിസന്ധി കാരണം KWA-ക്ക് പുതിയ മോട്ടോറുകൾ വാങ്ങി സ്ഥാപിക്കാൻ കഴിയുന്നില്ലെന്നും അതുകാരണം ജലവിതരണം തടസ്സപ്പെടുന്നുവെന്നും അറിയിച്ചിരിക്കുന്നു. അതിനാൽ കൂടുതൽ പമ്പിംഗ് ശേഷിയുള്ള മോട്ടോറുകൾ വാങ്ങാൻ KWA ക്ക് 30.00 ലക്ഷം രൂപ ഡിപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** പമ്പിംഗ് സ്റ്റേഷനിൽ മോട്ടോർ സ്ഥാപിക്കേണ്ടത് KWA യുടെ ചുമതലയാണ് എന്ന് യോഗം നിരീക്ഷിച്ചു. എങ്കിലും കുടിവെള്ളം മുടങ്ങാതിരിക്കാനും കാലതാമസമൊഴിലാക്കാനും പ്രോജക്ടിന് അനുമതി നൽകുന്നു. എന്നാൽ KWA യിൽ നിന്ന് എസ്റ്റിമേറ്റ് വാങ്ങി കരാറിന്റെ അടിസ്ഥാനത്തിലെ തുക ഡിപ്പോസിറ്റ് ചെയ്യാവു എന്നു നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.38 പത്തനംതിട്ട ജില്ലാ ആസൂത്രണ സമിതി** – KWA **ഡിപ്പോസിറ്റ് തുകയുടെ ഉപയോഗം**

തദ്ദേശഭരണസ്ഥാപനങ്ങൾ കുടിവെള്ള പ്രോജക്ടുകൾക്കായി തുക KWAയിൽ ഡെപ്പോസിറ്റ് ചെയ്യാറുണ്ട്. KWA യിൽ പുതിയ റേറ്റ് നിലവിൽ വന്നപ്പോൾ ഡെപ്പോസിറ്റ് ചെയ്ത തുക തികയാതെ വരുന്നു എന്ന് ജില്ലാതല അവലോകനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്. ഇങ്ങനെ വരുന്ന സാഹചര്യത്തിൽ KWA ഈ തുക അതതു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നുണ്ട്. ഒരിക്കൽ ചെലവായി രേഖപ്പെടുത്തിയതാണ് ഈ തുക എന്നതിനാൽ മാനദണ്ഡപ്രകാരം സർക്കാരിലേക്ക് അടയ്ക്കണം. ജലജീവൻ പദ്ധതിക്ക് തദ്ദേശഭരണസ്ഥാപനങ്ങളുടെ

വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് KWA തിരികെ നൽകുന്ന വിഹിതം ജലജീവൻ പദ്ധതിയിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതമായി ഉൾപ്പെടുത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** എസ്റ്റിമേറ്റിന്റെയും എഗ്രിമെന്റിന്റെയും അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയാണെങ്കിൽ KWA ഇങ്ങനെ തിരികെ നൽകുന്നത് ശരിയല്ല. ഇങ്ങനെയുള്ള പ്രവൃത്തികളുടെ ലിസ്റ്റ് (തുക അടച്ച വർഷം, തുക അടച്ചത് എസ്റ്റിമേറ്റിന്റേയും എഗ്രിമെന്റിന്റെയും അടിസ്ഥാനത്തിലാണോ, അടച്ച തുക എത്ര? ഈ വിവരങ്ങൾ ഓരോ പ്രവൃത്തിയും തിരിച്ച്) എന്നീ വിവരങ്ങൾ തദ്ദേശഭരണസ്ഥാപനം തിരിച്ച് ശേഖരിച്ച് നൽകാൻ പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറോട് നിർദ്ദേശിക്കുന്നു. ഈ വിവരങ്ങൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് നൽകണം. ഇങ്ങനെ ഡിപ്പോസിറ്റ് ചെയ്ത തുക തിരികെ നൽകുന്നു എന്ന് KWA ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് സഹിതം നൽകണം. ഇപ്രകാരം ലഭ്യമാകുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായി കണക്കാക്കുന്നതിലും അഭിപ്രായം രേഖപ്പെടുത്തണം. ഈ വിവരങ്ങൾ നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) ജില്ലാ പ്ലാനിംഗ് ഓഫീസർ, പത്തനംതിട്ട**

**4.39 മങ്കട ബ്ലോക്ക് പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.02.2022 ലെ കത്തും മങ്കട ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 04.02.2022 ലെ 1/1-ാം നമ്പർ തീരുമാനവും അനുബന്ധ രേഖകളും (SRG 206/22 – CC/141/2022)**

മങ്കട ബ്ലോക്ക പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും കുടിവെള്ളമെത്തിക്കാൻ ജലജീവൻ പദ്ധതി തയ്യാറാക്കിയിരുന്നു. ഇതിനായി ആകെ 184.00 കോടി രൂപയാണ് അടങ്കൽ. ഈ പദ്ധതിക്കായി ട്രീറ്റ്മെന്റ് പ്ലാന്റിനായി സ്ഥലം വാങ്ങി നൽകണം. ഇതിനായി മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ മോദിക്കയത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. വില നിർണ്ണയത്തിനായി റവന്യൂ അധികാരികളെ സമീപിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് 2017-18 മുതൽ 2020-21 വരെ വിവിധ (13 എണ്ണം) കുടിവെള്ള പ്രോജക്ടുകൾക്കായി ആകെ 71,12,895/- രൂപ KWA യിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവർത്തികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഈ തുക ട്രീറ്റ്മെന്റ് പ്ലാന്റിനു സ്ഥലം വാങ്ങുന്നതിന് ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** KWA യെ ഏല്പിച്ച പ്രവർത്തികളുടെ പുരോഗതി എന്താണെന്നും KWAക്ക് തുക തിരികെ നൽകാൻ കഴിയുമോ എന്നും കത്തിൽ വ്യക്തമാക്കിയിട്ടില്ല. തുക തിരികെ ലഭിക്കാൻ സാധ്യത ഉണ്ടോ എന്ന് ആരാഞ്ഞ് KWA മലപ്പുറം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് സഹിതം നൽകാൻ നിർദ്ദേശിക്കുന്നു. ഇതു കൂടി ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.40 തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.02.2022, 04.03.2022 തീയതികളിലെ കത്തുകളും (2 എണ്ണം) തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.02.2022, 31.03.22 എന്നീ തീയതികളിലെ C-1132/22-ാം നമ്പർ കത്തുകളും (2എണ്ണം) (SRG 253/22 – CC/175/2022, SRG 303/22 – CC 221/2022).**

*പ്രോ.നം: 219/22* *അടങ്കൽ 20,50,000/-- രൂപ*

*( സി.എഫ്.സി റൈഡ് ഗ്രാന്റ്)*

*പേര് : വാരനാട് മാക്ഡവൽ തോട് കല്ലുകെട്ടി സംരക്ഷണം*

കാലവർഷക്കാലത്ത് ഗ്രാമപഞ്ചായത്തിലെ അഞ്ച് വാർഡുകളിൽ വെള്ളപ്പൊക്കം നിയന്ത്രിക്കുന്ന തോടാണ് വാരനാട് മാക്ഡവൽ തോട്. വേലിയേറ്റം, കാലവർഷം എന്നീ സമയങ്ങളിൽ തോടിന്റെ വശങ്ങളിലെ മണ്ണിടിഞ്ഞുവീണ് തോടിന്റെ ആഴം കുറഞ്ഞ് സ്വാഭാവിക നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നുണ്ട്. ഇതു പരിഹരിക്കുന്നതിനായി തോടിന് കല്ലുകെട്ടി സംരക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഇറിഗേഷൻ വകുപ്പ് 20.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ തുക ഇറിഗേഷൻ വകുപ്പിനു ഡിപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** തദ്ദേശസ്വയംഭരണവകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തു നേരിട്ട് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു. ഇറിഗേഷൻ വകുപ്പിന്റെ അനുമതി ആവശ്യമുണ്ടെങ്കിൽ അത് നേടേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**4.41 മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.02.2022 ലെ കത്ത് (SRG 288/22 – CC/206/22)**

*പ്രോ.നം: 158/22* *അടങ്കൽ 29,60,286/- രൂപ*

*( തനതുഫണ്ട് – 19,60,286/- രൂപ*

*സംഭാവന – 10,00,000/- രൂപ)*

*പേര് : തൊടിയൂർ ആറാട്ട് കടവ് തോട് പുനരുജ്ജീവന പദ്ധതി*

തൊടിയൂർ ആറാട്ടുകടവ് തോട് പുനരുദ്ധാരണം എന്ന പ്രോജക്ട് (റ്റി.എ കനാൽ) 2019-20 വർഷം  പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതാണ്. ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. ഇതിൽ മെഷിനറി ഉപയോഗിച്ചുള്ള പ്രവർത്തികൾ മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന നിർവ്വഹിക്കുന്നതിനാണ് പ്രോജക്ടിൽ ഉദ്ദേശിക്കുന്നത്. ഈ തുക മൈനർ ഇറിഗേഷൻ വകുപ്പിനു ഡിപ്പോസിറ്റ് ചെയ്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുള്ള അനുമതി സംബന്ധിച്ച്. മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ എസ്റ്റിമേറ്റ് പ്രകാരം 10.00 ലക്ഷം രൂപയാണ് ഇങ്ങനെ അടയ്ക്കേണ്ടത്.

**തീരുമാനം: -** തദ്ദേശസ്വയംഭരണവകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തു നേരിട്ട് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു. ഇറിഗേഷൻ വകുപ്പിന്റെ അനുമതി ആവശ്യമുണ്ടെങ്കിൽ അത് നേടേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**4.42 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.02.2022 ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 29.12.2021 ലെ 5/80/21 (17)-ാം നമ്പർ തീരുമാനവും കോഴിക്കോട്ട ജില്ലാ കളക്ടറുടെ 03.06.2020 ലെ Dm/808/2020/F2 നമ്പർ ഉത്തരവ്  (SRG 218/22- CC /105/22).**

*പ്രോ.നം: 805/22* *അടങ്കൽ - 16,50,000/- രൂപ*
*(മെയിന്റനൻസ് ഗ്രാന്റ് - റോഡ്)*

***പേര് : ദുരന്തനിവാരണ നിയമം 2005 – 2018-19 ലെ പ്രളയത്തിൽ ഇരുവഴിഞ്ഞിപ്പുഴയിൽ വെള്ളപ്പൊക്കത്തിനു കാരണമായ  മുക്കം വെന്റ് പൈപ്പ് പാലവും പഴയ ഇലന്ത് കടവ് പാലവും പൊളിച്ചു മാറ്റൽ.***

കോഴിക്കോട് ജില്ലയിലെ മുക്കം മുനിസിപ്പാലിറ്റിയെയും കാരശ്ശേരി ഗ്രാമപഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന മുക്കം വെന്റ് പൈപ്പ് പാലവും തിരുവമ്പാടി കോടഞ്ചേരി ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഇലന്തക്കടവ് പാലവും 2019-ലെ പ്രളയത്തിൽ ഉപയോഗശൂന്യമായി. ഇതു പൊളിച്ചു മാറ്റാനും ഇതിനായി തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടുപയോഗിക്കാനും കോഴിക്കോട് ജില്ലാ കളക്ടർ 03.06.2020 ൽ ഉത്തരവിട്ടു. തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 17.90 ലക്ഷം  രൂപയായിരുന്നു എസ്റ്റിമേറ്റ്. കാലതാമസമൊഴിവാക്കാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ കൊണ്ടു  പ്രവർത്തി ചെയ്യിപ്പിച്ചു. ULCC നൽകിയ ഫൈനൽ ബിൽ പ്രകാരം ആകെ തുക 16,43,674/- രൂപയാണ്. ഇതിന്റെ തുക അനുവദിക്കണമെന്ന് ജില്ലാ കളക്ടറോടാവശ്യപ്പെട്ടുവെങ്കിലും തദ്ദേശഭരണസ്ഥാപനം തുക കണ്ടെത്താൻ നിർദ്ദേശിച്ചു കൊണ്ടു ബിൽ മടക്കി നൽകി. ഈ സാഹചര്യത്തിൽ ബിൽ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** തദ്ദേശഭരണസ്ഥാപനം നടപ്പാക്കിയ പ്രവൃത്തി അല്ലാത്തതി നാൽ അനുമതി നിരസിച്ചു. ഈ തുക ഭരണാനുമതി നൽകിയ ജില്ലാ കളക്ടർ (DDMA) നൽകേണ്ടതാണ് എന്ന് യോഗം നിരീക്ഷിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.43 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 4.02.2022 ലെ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 4(9)-ാം നമ്പർ തീരുമാനവും (SRG 222/22- CC /151/22)**

***പ്രോ.നം: 931/22*** ***അടങ്കൽ - 5,00,000/- രൂപ (വികസനഫണ്ട് ജനറൽ)***

***പേര് : ക്യാൻസർ മുക്ത ജില്ല – രോഗനിർണ്ണയവും ഹെൽത്ത് ഡയറക്ടറി തയ്യാറാക്കലും***

ജില്ലയെ ക്യാൻസർ മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ജില്ലയിലെ ആളുകളെ ക്യാമ്പുകളിലൂടെ പരിശോധനയ്ക്ക് വിധേയമാക്കി ക്യാൻസർ മുൻകൂട്ടി കണ്ടെത്തുന്നതിനും വിവരശേഖരണം നടത്തി സമഗ്രമായ ക്യാൻസർ ഡയറക്ടറി തയ്യാറാക്കുന്നതിനുമാണ് പ്രോജക്ട്. തുടർന്ന് ക്യാൻസർ ബോധവത്കരണവും പ്രതിരോധവും ലക്ഷ്യമിടുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ആണ് നിർവ്വഹണ ഉദ്യോഗസ്ഥൻ. ഒപ്പം കോഴഞ്ചേരി ജില്ലാ ക്യാൻസർ സെന്ററിന്റെ സേവനവും പ്രയോജനപ്പെടുത്താനു ദ്ദേശിക്കുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നല്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നൽകുന്നു. ഹെൽത്ത് ഡയറക്ടറി തയ്യാറാക്കി തുടർ പ്രവർത്തനവും നടത്തണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.44 രാമന്തളി ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.02.2022 ലെ കത്തും രാമന്തളി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 10.12.2021 ലെ 298/2021/-ാം നമ്പർ തീരുമാനവും (SRG 197/22- CC /97/22)**

***പ്രോ.നം: 112/22*** ***അടങ്കൽ - 5,00,000/- രൂപ (സി.എഫ്.സി ടൈഡ് ഗ്രാന്റ്)***

***പേര് : പൊതുസ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം തടയുന്നതിന് സി.സി.റ്റി.വികൾ സ്ഥാപിക്കൽ***

പൊതു സ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കുന്നതിനാണ് പ്രോജക്ട്. പുന്നക്കടവ് പാലം, പാലക്കോട് ഹാർബർ പരിസരം, എട്ടിക്കുളം ബീച്ച് പരിസരം, വടക്കുമ്പാട് സെൻട്രൽ,

രാമന്തള്ളി സെൻട്രൽ, വടക്കുമ്പാട് വായനശാല പരിസരം, കുന്നരുകോരൻ മാസ്റ്റർ മില്ലിനു പരിസരം, കോട്ടത്തും താഴെ ബോട്ടുജെട്ടി റോഡ് എന്നീ പ്രദേശങ്ങളിലാണ് സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** തദ്ദേശവാസികളുടെ സാമ്പത്തികമടക്കമുള്ള സഹകരണം ഉണ്ടാകണമെന്നും മോണിറ്ററിംഗിനായി പോലീസ് സ്റ്റേഷനു മായി ബന്ധിപ്പിക്കണമെന്നുമുള്ള നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി/ ഡബ്ളിയു.എം) വകുപ്പ്**

**4.45 പെരുമ്പളം ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 09.02.2021-ലെ കത്തും അനുബന്ധരേഖകളും (SRG 199/22- CC /115/22)**

പെരുമ്പളം ഗ്രാമപഞ്ചായത്ത് വേമ്പനാട്ട് കായൽ പ്രദേശത്തെ ഒരു ദ്വീപ് പഞ്ചായത്താണ്. വർഷകാലത്ത് വെള്ളം ഇടത്തോടുകൾ, ചെറുകാനകൾ എന്നിവയി ലൂടെ ഒഴുകിപോകും. ഇതു ചിലപ്പോൾ ചെളികേറി അടയാറുണ്ട്. 2019-ലെ കാലവർഷ കാലത്ത് വെള്ളപ്പൊക്കമുണ്ടായപ്പോൾ മോട്ടോറുകൾ വാടകയ്ക്കെടുത്ത് ഉപയോഗിച്ചും പൈപ്പും മറ്റും സ്ഥാപിച്ചുമാണ് വെള്ളം കായലിലേക്ക് ഒഴുക്കികളഞ്ഞത്. അടിയന്തി രമായി ചെയ്യേണ്ട പ്രവൃത്തി ആയതിനാൽ പ്രത്യേകം പ്രോജക്ട് രൂപീകരിക്കാതെയാണ് ഇതു നടപ്പാക്കിയത്. ഇങ്ങനെ ആറു വാർഡുകളിലായി (വാർഡ് നം. 5,6,7,8,11,12) പൈപ്പ് സ്ഥാപിച്ചും മോട്ടോർ ഉപയോഗിച്ചും വെള്ളം വറ്റിച്ചവകയിൽ ആകെ 60,703/- രൂപ (ബന്ധപ്പെട്ട എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം) സ്ഥാപനങ്ങൾക്കും / വ്യക്തികൾക്കും നൽകാനുണ്ട്. 2022-23 വർഷത്തിൽ ഇതിനായി പ്രോജക്ട് ഉൾപ്പെടുത്തി തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** മൂന്നുവർഷം മുൻപ് അടിയന്തിര സാഹചര്യത്തിൽ നടത്തിയ പ്രവർത്തി ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം തനതു ഫണ്ടിൽ നിന്ന് പ്രോജക്ട് കൂടാതെ തുക ഇപ്പോൾ തന്നെ നൽകാൻ അനുമതി നൽകുന്നു. തനതുഫണ്ട് ലഭ്യമല്ലെങ്കിൽ അടുത്ത വർഷം വികസന ഫണ്ടുപയോഗിച്ച് പ്രോജക്ട് തയ്യാറാക്കി തുക നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.46 കുരോപ്പട ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.02.2022 ലെ കത്തും കുരോപ്പട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.10.2022 ലെ 1/9-ാം നമ്പർ തീരുമാനവും (SRG 186/22- CC /112/22)**

താഴെപ്പറയുന്ന 10 പ്രവർത്തികൾ 2020-21 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. സാങ്കേതിക അനുമതി കൂടാതെ ഇവ ടെണ്ടർ ചെയ്ത് പ്രവർത്തി പൂർത്തീകരിച്ചു. ഈ പ്രവർത്തികൾക്ക് തുക നൽകുന്നതിന് "പൂർത്തീകരിച്ച പദ്ധതികൾക്ക് തുക നൽകൽ" എന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കി തനതുഫണ്ടുപയോഗിച്ച് തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**പ്രോജക്ടുകളുടെ വിശദവിവരങ്ങൾ**

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | അടങ്കൽ തുക (രൂപ) | വിഹിതം |
|---|---|---|---|---|
| 1 | 89/21 | ദളപതി റോഡ് പുനരുദ്ധാരണം | 2,00,000/- | സി.എഫ്.സി |
| 2 | 107/21 | എസ്.എൻ.പുരം പതാലിപ്പടി റോഡ് കോൺക്രീറ്റിംഗ് | 2,00,000/- | തനതുഫണ്ട് |
| 3 | 139/21 | കുരോപ്പട തോട്ടപ്പള്ളി റോഡിൽ കാരിമലപ്പടി ഭാഗത്ത് സൈഡ് കെട്ട് | 75,000/- | സി.എഫ്.സി |
| 4 | 162/21 | പങ്ങട എ.വി.എസ്. പാചകപ്പുര നവീകരണം | 3,00,000/- | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| 5 | 167/21 | പറയരുകുന്ന് അങ്കണവാടി മെയിന്റനൻസ് | 4,00,000/- രൂപ | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| 6 | 171/21 | ഇടയ്ക്കാട്ടുകുന്ന് അങ്കണവാടി നവീകരണം | 2,75,000/- | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| 7 | 176/21 | 17-ാം വാർഡ് ഗ്രാമകേന്ദ്രം പൂർത്തീകരണം | 3,54,792/- | സി.എഫ്.സി |
| 8 | 93/21 | കലയത്തോലി – പുലികുന്ന് റോഡ് കോൺക്രീറ്റിംഗ് | 6,15,681/- | സി.എഫ് സി & മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| 9 | 226/21 | രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിക്ക് ടാങ്ക് ഉയർത്തി സ്ഥാപിക്കൽ | 45,000/- | തനതുഫണ്ട് |
| **10** | 81/21 | ചെമ്പകപ്പടി – അന്തേരിപ്പടി റോഡിൽ കലുങ്ക് നിർമ്മാണം | 3,00,000/- രൂപ | തനത്ഫണ്ട് |
| | | **ആകെ** | **27,65,473/- രൂപ** | |

**തീരുമാനം: -** 1) പഞ്ചുപ്രോജക്ടുകൾ സാങ്കേതികാനുമതി കൂടാതെ പ്രവൃത്തി ചെയ്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്.

2) ഇതുവിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതല പ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗ ണിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**

**4.47 നാദാപുരം ഗ്രാമപഞ്ചായത്ത് – ആദർശ് കെ.പി**

**ആദർശ് കെ.പിയുടെ 03.02.2022 ലെ ഇ-മെയിൽ സന്ദേശം (SRG 169/22-N/10514/22)**

നാദാപുരം ഗ്രാമപഞ്ചായത്തിലെ ആദർശ് കെ.പി എന്ന വിദ്യാർത്ഥി പ്ലസ് ടു പാസ്സായി. ഡിഗ്രിക്കുവേണ്ടി തയ്യാറെടുക്കുന്നു. കാഴ്ച പരിമിതി നേരിടുന്ന വിദ്യാർത്ഥി യാണ്. അനുയോജ്യമായ ലാപ് ടോപ് / കമ്പ്യൂട്ടർ അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം: -** 1) കാഴ്ച പരിമിതർക്ക് അനുയോജ്യമായ ലാപ് ടോപ്/ കമ്പ്യൂട്ടർ നൽകാൻ നിലവിൽ സർക്കാർ അനുമതിയുണ്ട്. ഇതനുസരിച്ച് പരിഗണിക്കണമെന്ന് ഗ്രാമ പഞ്ചായത്തി നോട് നിർദ്ദേശിക്കുന്നു.

2) ഈ വിവരം കത്ത് നൽകിയ ആദർശ് കെ.പിയെ അറിയിക്കാൻ വകുപ്പ് നടപടി സ്വീകരിക്കണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) സെക്രട്ടറി, നാദാപുരം ഗ്രാമപഞ്ചായത്ത്**

**4.48 എറണാകുളം ജില്ലാപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.02.2022 ലെ കത്തും അനുബന്ധരേഖകളും (SRG 290/22 – CC/205/22, SRG 209/22)**

***പ്രോ.നം: 142/22*** ***അടങ്കൽ 20,00,000/- രൂപ (വികസനഫണ്ട് ജനറൽ )***

***പേര് : സമഗ്രകാർഷിക പാക്കേജ് – കേരഗ്രാമം തെങ്ങുകൃഷി വികസനം***

ജില്ലയിൽ പൊക്കം കൂടിയ തെങ്ങുകൾക്ക് പകരം കുറിയ ഇനം തെങ്ങുകൾ വ്യാപകമാക്കാൻ ലക്ഷ്യമിടുന്നു. ഇതിനായി ഈ വർഷം 50,000 തെങ്ങിൻ തൈകൾ വേണം. എല്ലാ കർഷകർക്കും നാലുവീതം കുള്ളൻ തെങ്ങിൻ തൈകളും ജൈവ വളവും നൽകാനാണ് ലക്ഷ്യം. നാളികേരവികസന ബോർഡിൽ ഇത്രയധികം തെങ്ങിൻ തൈകൾ ലഭ്യമല്ലാത്തിനാൽ തമിഴ് നാട്ടിൽ നിന്നു വാങ്ങാൻ ഉദ്ദേശിക്കുന്നു. കുറഞ്ഞ

വിലയ്ക്ക ലഭിക്കുമെന്നതിനാൽ ടെണ്ടർ നടപടി ക്രമം ഒഴിവാക്കി തെങ്ങിൻ തൈകൾ തമിഴ് നാട്ടിൽ നിന്നു വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** കൃഷിവകുപ്പ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തോടെ തമിഴ് നാട്ടിൽ നിന്നും തെങ്ങിൻ തൈകൾ വാങ്ങാൻ അനുമതി നൽകുന്നു. പ്രാദേശികമായി ലിമിറ്റഡ് ടെണ്ടർ നടത്തേണ്ട താണ്. പ്രോജക്റ്റ് ലക്ഷ്യം എസ്.ആർ.ജി മോണിറ്റർ ചെയ്യേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.49 എറണാകുളം ജില്ലാപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.02.2022 ലെ കത്തും അനുബന്ധ രേഖകളും (SRG 289/22 – CC/204/22)**

*പ്രോ.നം: 210/22* *അടങ്കൽ 10,00,000/- രൂപ (തനത്ഫണ്ട്)*

***പേര് : നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം ബഫലോ പാർക്ക്***

പോത്ത് കുട്ടികളെ വാങ്ങി സ്വാഭാവിക ആവാസവ്യവസ്ഥയിൽ വളർത്തുന്നതിനാണ് പ്രോജക്റ്റ്. ഇതിന് നൂറിൽ അധികം പോത്തുകുട്ടികളെ ആവശ്യമുണ്ട്. ആവശ്യമായ പോത്തുകുട്ടികളെ കേരളത്തിൽ ലഭ്യമല്ലാത്തതിനാൽ തമിഴ് നാട്ടിൽ നിന്നു വാങ്ങാൻ ഉദ്ദേശിക്കുന്നു. തമിഴ് നാട്ടിൽ നിന്ന് ടെണ്ടർ കൂടാതെ പോത്ത് കുട്ടികളെ വാങ്ങാൻ അനുമതി സംബന്ധിച്ച് നേര്യമംഗലം ഫാമിൽ തൊഴുത്ത് നിർമ്മിച്ച് വളർത്താനും അതുവഴി ഫാം ടൂറിസവും ലക്ഷ്യമിടുന്നു.

**തീരുമാനം: -** മൃഗസംരക്ഷണവകുപ്പ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പോത്തുകുട്ടികളെ തമിഴ് നാട്ടിൽ നിന്നും വാങ്ങാൻ അനുമതി നൽകുന്നു. പ്രാദേശികമായി ലിമിറ്റഡ് ടെണ്ടർ നടത്തേണ്ടതാണ്. പ്രോജക്റ്റ് സംസ്ഥാന വ്യാപകമാക്കാനാവുമോ എന്നതും പ്രോജക്റ്റ് ലക്ഷ്യവും എസ്.ആർ.ജി മോണിറ്റർ ചെയ്യേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.50 മങ്കര ഗ്രാമപഞ്ചായത്ത്

**മങ്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.01.2022 ലെ കത്തും ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ 31.01.2022 ലെ** A3-3187/2021-ാം **നമ്പർ കത്തും (SRG 211/22)**

മങ്കര ഗ്രാമപഞ്ചായത്തിന് 2012-13, 2013-14, 2014-15 വർഷങ്ങളിലായി **Backward Regions Grant Fund (BRGF)** ആയി ആകെ 24,68,640/- രൂപ ലഭിച്ചു. ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതടക്കമുള്ള ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് ഇതിനകം 23,90,966/- രൂപ ചെലവഴിച്ചു. ഇനിയും 77,674/- രൂപ

ബാക്കിയുണ്ട്. ഈ തുക ഉപയോഗിച്ച് പഞ്ചായത്തിന് കമ്പ്യൂട്ടർ വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.51 മലബാർ റൂറൽ ഡവലപ്മെന്റ് ഫൗണ്ടേഷൻ**

**മലബാർ റൂറൽ ഡവലപ്മെന്റ് ഫൗണ്ടേഷൻ** (MRDF) **ചെയർമാന്റെ 02.02.2022 ലെ കത്ത് (SRG 212/22)**

ഇന്ത്യൻ ട്രസ്റ്റ് ആക്ട് പ്രകാരം സ്ഥാപിച്ചിട്ടുള്ള മലബാർ റൂറൽ ഡവലപ്മെന്റ് ഫൗണ്ടേഷൻ (MRDF) വിവിധ ഇനം കാലിത്തീറ്റകൾ, ഫാം മെഷ്യനറികൾ, ഭക്ഷ്യ ഉല്പന്നങ്ങൾ, റ്റി.എം.ആർ. (Total Mix Ration) കാലിതീറ്റ, ചാണകപ്പൊടി എന്നിവ വിതരണം ചെയ്യുന്നുണ്ട്. ഭക്ഷ്യ ഉല്പന്നങ്ങൾ സ്വയം നിർമ്മിക്കുന്നവയും ഉണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് മുകളിൽ പറഞ്ഞവ MRDF ൽ നിന്ന് നേരിട്ട് വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** MRDF-ന്റെ ഉല്പന്നങ്ങളുടെ ഗുണമേന്മയും വിലയും പരിശോധിച്ച് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകണം. ഇതിനായി പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**
**2)മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ**
**3)പഞ്ചായത്ത് ഡയറക്ടർ**

**4.52 മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.01.2022 ലെ കത്ത് (SRG /130/22 – CC /55/2022)**

മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിലെ പ്രീതികുളങ്ങര ടാഗോർ മെമ്മോറിയൽ എൽ.പി സ്കൂൾ ഗ്രാമപഞ്ചായത്തിനു കൈമാറി കിട്ടിയതാണ്. MLA SDF-ൽ നിന്ന് ഈ സ്കൂളിന് ഒരു വാഹനം ലഭിച്ചിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ ഈ വാഹനം ഉപയോഗിക്കാതെ കിടന്നു. ഇപ്പോൾ അറ്റകുറ്റപ്പണി നടത്തി ഇൻഷ്വറൻസ് അടയ്ക്കണം. അതിനായി 45910/- രൂപ ആവശ്യമുണ്ട്. പി.റ്റി.എ 20,000/- രൂപ സ്വരൂപിച്ചു. ശേഷിക്കുന്ന 25910/- രൂപ തനതുഫണ്ടിൽ നിന്ന് ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** കുറച്ചു തുക പി.റ്റി.എ വിഹിതമായി ഉള്ള സ്ഥിതിക്ക് പ്രത്യേകാനുമതി നൽകുന്നു. സ്കൂൾ തുറന്നു പ്രവർത്തിച്ചതിനു ശേഷം ഭാവിയിലെ ആവർത്തന ചെലവ് പി.റ്റി.എ വഹിക്കണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.53 **കടയ്ക്കൽ ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ** പ്ലാനിംഗ് **ഓഫീസറുടെ 21.01.2022 ലെ കത്ത്** (SRG 124/22 – CC /8/2022)

*പ്രോ.നം: 316/22* *അടങ്കൽ 2,00,000/- രൂപ (തനത് ഫണ്ട്)*

***പേര് : CFLTC കെട്ടിടം തിരിച്ച നൽകുന്നതിനുവേണ്ടി നവീകരിക്കൽ***

കൊവിഡ്-19 പ്രതിരോധ പരിരക്ഷാ പ്രവർത്തനത്തിന്റെ ഭാഗമായി കടയ്ക്കൽ പഞ്ചായത്ത് CFLTC തുടങ്ങിയിരുന്നു. കാഞ്ഞിരത്തുംമൂട് മുസ്ലീം ജമാ അത്തിന്റെ ഉടമസ്ഥതയിലുള്ള AMJ ഓഡിറ്റോറിയത്തിലാണ് CFLTC പ്രവർത്തിച്ചിരുന്നത്. ഓഡിറ്റോറിയം തിരികെ നൽകുമ്പോൾ സ്ഥാപനം പൂർവ്വസ്ഥിതിയിലാക്കി നൽകാമെന്ന് ഗ്രാമപഞ്ചായത്ത് കെട്ടിട ഉടമയ്ക്ക് ഉറപ്പ് നൽകിയിരുന്നു. ഇതനുസരിച്ച് കെട്ടിടം നവീകരിക്കാൻ 2.00 ലക്ഷം രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ഓഡിറ്റോറിയം സൗജന്യമായാണ് നൽകിയിരുന്നതെന്ന് പഞ്ചായത്തിൽ നിന്നറിയിച്ച പ്രകാരം ഓഡിറ്റോറിയം പൂർവ്വ സ്ഥിതിയിലാക്കുന്നതിന് തനതുഫണ്ട ചെലവഴിക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

4.54 **പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.2022 ലെ കത്ത് (SRG 136/22 – CC /77/2022)**

*പ്രോ.നം: 84/22* *അടങ്കൽ 8,00,000/- രൂപ (വികസന ഫണ്ട് - 6,00,000/- രൂപ തനത് ഫണ്ട് - 2,00,000/- രൂപ)*

***പേര് : ഓതറ കുറ്റൂർ ഡിവിഷനുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ***

കുറ്റൂർ ഗ്രാമപഞ്ചായത്തിൽ ഓതറ ഭാഗത്ത് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നിരസിച്ചു. ഗ്രാമപഞ്ചായത്തിന്റെ നിലാവ് പദ്ധതി യ്ക്കായി തുക കൈമാറാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

4.55 **മലപ്പുറം ജില്ലാ പഞ്ചായത്ത്**

**ബഹു. രാജ്യസഭാ എം.പി ശ്രീ അബ്ദുൾ വഹാബിന്റെ 08.02.2022 ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 17.01.2022 ലെ DPM/MPM/10/2021-ാം നമ്പർ കത്തും മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.02.2022 ലെ 111/2021-22/ DPC/DPO/MPM നമ്പർ കത്തും (SRG 160/22 – SRG /272/2022)**

മലപ്പുറം ജില്ലയിൽ ഭൂജലവകുപ്പ് മുഖേന കുടിവെള്ള പ്രോജക്ട് നടപ്പാക്കുന്നുണ്ട്. കുഴൽ കിണർ കുഴിക്കുന്നതിന് ഭൂജല വകുപ്പിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വേണം. എന്നാൽ വകുപ്പിലെ ജീവനക്കാരുടെ കുറവുമൂലം ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാൻ വൈകുന്നു. ഈ സാഹചര്യത്തിൽ ഭൂജല വകുപ്പിൽ നിന്നു വിരമിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ജില്ലാ ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കണമെന്നും ഇവരുടെ മേൽനോട്ടത്തിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും സംബന്ധിച്ച്.

**തീരുമാനം: -** ഈ നിർദ്ദേശം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മേധാവിയോടാവശ്യപ്പെടുന്നു. ഇതിനായി പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്**
**3) പഞ്ചായത്ത് ഡയറക്ടർ**

4.56 **വിജയപുരം ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.02.2022 ലെ കത്ത് (SRG 260/22 – CC/177/2022)**

***പ്രോ.നം:*** *309/22* ***അടങ്കൽ 8,00,000/- രൂപ (തനത് ഫണ്ട്)***

***പേര് : ഡിജിറ്റൽ ഡോക്യുമെന്റേഷൻ പദ്ധതി***

ഗ്രാമപഞ്ചായത്തിലെ എല്ലാ കുടുംബങ്ങളുടേയും വിവരങ്ങൾ, പൊതു വിവരങ്ങൾ, ആസ്തി വിവരങ്ങൾ, പദ്ധതി വിവരങ്ങൾ, പരാതികൾ മുതലായവ ഡിജിറ്റലൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നു. ഈ വിവരങ്ങൾ ശേഖരിക്കുന്നതിനായി സർവ്വേ, ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ നിർമ്മാണം, അതിനുള്ള വെബ്ചാർജ്ജ് എന്നിവ ചെലവിനത്തിൽ ഉൾപ്പെടുന്നു. എല്ലാ വിവരങ്ങളും അതിന്റെ ലൊക്കേഷൻ അധിഷ്ഠിതമായി ഡിജിറ്റലായി സൂക്ഷിക്കാനാണ് ലക്ഷ്യം. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്

**തീരുമാനം: -** ഇതുമായി ബന്ധപ്പെട്ട് ഐ.കെ.എം വിവിധ മോഡ്യൂകളിലായി സൗകര്യം ചെയ്തിട്ടുണ്ട്. അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.57 മാവേലിക്കര മുനിസിപ്പാലിറ്റി**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.02.2022 ലെ കത്ത് (SRG 201/22 – CC/104/2022)**

*പ്രോ.നം: 141/22* *അടങ്കൽ 6,00,000/- രൂപ (എസ്.സി.പി)*

***പേര് : പട്ടികജാതി വിഭാഗക്കാർക്ക് ആട്ടുവിതരണം***

പട്ടികജാതി വിഭാഗക്കാർക്ക് ആട്ട വിതരണത്തിന് 100 ശതമാനം സബ്സിഡി യോടെ പ്രളയ ധനസഹായ ഫണ്ടുപയോഗിച്ച് 2019-20 ൽ പ്രോജക്ട തയ്യാറാക്കിയിരുന്നു. അന്ന് പ്രോജക്ട് നടപ്പാക്കാൻ കഴിഞ്ഞില്ല. ഈ വർഷത്തെ പദ്ധതി വിഹിതമുപയോഗിച്ച് പുതിയതായി തയ്യാറാക്കിയിരിക്കുന്ന ഈ പ്രോജക്ടിൽ ആടിനെ 100 ശതമാനം സബ്സിഡിയോടെ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -**

1) അനുമതി നിരസിച്ചു.
2) ഇപ്പോൾ വകയിരുത്തിയിരിക്കുന്നത് ഈ വർഷത്തെ വികസന ഫണ്ടായതിനാൽ പദ്ധതി ആസൂത്രണ മാർഗ്ഗ രേഖ പ്രകാരമുള്ള സബ്സിഡി നിരക്ക് (75 ശതമാനം) പാലിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.58 ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.02.2022 ലെ കത്ത് (SRG 203/22 – CC/127/2022)**

*പ്രോ.നം: 150/22* *അടങ്കൽ 3,00,000/- രൂപ (തനത് ഫണ്ട്)*

***പേര് : ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് - മൊബൈൽ ആപ്ലിക്കേഷനും വെബ്സൈറ്റും***

ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ 7 ഗ്രാമപഞ്ചായത്തുകളുടേയും ഗ്രാമസഭകൾ, വാർഷിക പദ്ധതി രൂപീകരണ പ്രവർത്ത നങ്ങൾ, പദ്ധതികളുമായി ബന്ധപ്പെട്ട അറിയിപ്പുകൾ, ഗുണഭോക്താക്കളെ തെരഞ്ഞെ ടുക്കുന്നതുമായി ബന്ധപ്പെട്ട അറിയിപ്പുകൾ, അപേക്ഷ സ്വീകരിക്കൽ, ജനകീയാസൂത്രണ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കൽ എന്നിവയ്ക്കായി ഒരു മൊബൈൽ ആപ്ലിക്കേഷനും അതിനായി ഒരു വെബ് സൈറ്റ് രൂപീകരിക്കാനും ആണ് പ്രോജക്ട്. ഇതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

4.59 കട്ടിപ്പാറ ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.02.2022 ലെ കത്തും കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.12.2021 ലെ 14/1-ാം നമ്പർ തീരുമാനവും (SRG 216/22 – CC/108/2022)**

*പ്രോ.നം: 28/22* *അടങ്കൽ 2,00,000/- രൂപ (വികസനഫണ്ട് ജനറൽ)*

***പേര് : വിശപ്പ് രഹിത കേരളം ജനകീയഹോട്ടൽ***

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ ജനകീയ ഹോട്ടലിന് പാത്രങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങി നൽകുന്നതിനും വൈദ്യുതി ബിൽ, കെട്ടിടവാടക എന്നിവയ്ക്കുമാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ജനകീയ ഹോട്ടൽ പ്രവർത്തനമാർഗ്ഗരേഖ പ്രകാരം പാചക പാത്രങ്ങൾ വാങ്ങുന്നതിന് കുടുംബശ്രീ 50,000/- രൂപ റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കണമെന്നാണ്. ഈ തുക ലഭിക്കാൻ വൈകും എന്നതിനാൽ ഹോട്ടലിലേക്ക് പാത്രങ്ങൾ വാങ്ങുന്നതിനായി തുക ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

പ്രോജക്ട് പ്രകാരം പാത്രങ്ങൾ വാങ്ങാൻ 40,000/- രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഫർണിച്ചറിന് 98,000/- രൂപ, കറന്റ് ചാർജ്ജ് 27,000/- രൂപ, കെട്ടിക വാടക 35,000/- രൂപ എന്നിങ്ങനെയാണ് മറ്റ വകയിരുത്തൽ.

**തീരുമാനം: -** പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

4.60 മാനന്തവാടി മുനിസിപ്പാലിറ്റി

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.02.2022 ലെ കത്തും മാനന്തവാടി മുനിസിപ്പൽ അസി. എഞ്ചിനീയറുടെ 28.012.2021 ലെ E1/261/21-ാം നമ്പർ കത്തും (SRG 249/22 – CC/57/2022)**

*പ്രോ.നം: 311/22* *അടങ്കൽ 1,85,000/- രൂപ ( വികസനഫണ്ട് ജനറൽ - 50,000/- രൂപ തനത് ഫണ്ട് - 1,35,0000/- രൂപ)*

***പേര് : പയ്യമ്പള്ളി ടൗൺ ലോമാസ്റ്റ് ലൈറ്റ്***

മാനന്തവാടി നഗരസഭയിൽ 2017-18 വർഷം പയ്യമ്പള്ളിയിൽ ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 2.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. PWD ഇലക്ട്രിക് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ഇതിനായി 1,84,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിയും നൽകിയിരുന്നു. ഇതിന്റെ പ്രവൃത്തി ടെണ്ടറിലൂടെ അലുമിന ഇലക്ട്രോണിക്സ് എന്ന സ്ഥാപനം വഴി പൂർത്തിയാക്കി. PWD ഇലക്ട്രിക് വിഭാഗത്തിന്റെ മേൽനോട്ടത്തിലല്ല പ്രവൃത്തി നടന്നതെന്നതിനാൽ PWD ഇലക്ട്രിക് അസിസ്റ്റന്റ് എഞ്ചിനീയർ വാല്യുവേഷൻ എടുത്ത് ബിൽ നൽകിയില്ല. അതിനാൽ ഇതുവരെ പ്രവൃത്തി ചെയ്ത ഏജൻസിക്ക് തുക നൽകാൻ കഴിഞ്ഞില്ല. തുടർന്ന്

ഇലക്ട്രിക്കൽ പ്രവർത്തികൾക്കുള്ള ജില്ലാതല കമ്മിറ്റിയോട് ഇതിന്റെ വാല്യുവേഷൻ എടുത്ത് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറോടാവശ്യപ്പെട്ടെങ്കിലും കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി നൽകാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശിച്ചു. ഈ സാഹചര്യത്തിൽ ബിൽ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ഇലക്ട്രിക്കൽ പ്രവർത്തികൾക്കായി രൂപീകരിച്ചിരിക്കുന്ന ജില്ലാതല കമ്മിറ്റിയുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക നൽകാൻ നിർദ്ദേശിക്കുന്നു. ഇതിനാവശ്യമായ നടപടി തദ്ദേശസ്വയംഭരണവകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (വയനാട്) സ്വീകരിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.61 കോട്ടയം ജില്ലാ പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.02.2022 ലെ കത്തും കോട്ടയം ജില്ലാ പഞ്ചായത്ത് ഭരണസമതിയുടെ 14.02.2022 ലെ 1(17)-ാം നമ്പർ തീരുമാനവും (SRG 277/22 – CC/198/2022)**

*പ്രോ.നം: 495/22*

*അടങ്കൽ 1,05,00,000/-- രൂപ*
*( വികസനഫണ്ട് ജനറൽ - 68,00,000/- രൂപ*
*ഗ്രാമപഞ്ചായത്തുകളുടെ വിഹിതം - 37,00,000/- രൂപ)*

***പേര് : ക്യാൻ കോട്ടയം ഫിറ്റ് കോട്ടയം***

കോട്ടയം ജില്ലയിലെ വിവിധ തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ക്യാൻസർ രോഗികൾക്ക് റേഡിയേഷൻ നടത്തുന്നതിനായി പാല ജനറൽ ആശുപത്രിയിൽ കോബോൾട്ട് മെഷീൻ സ്ഥാപിക്കാനായി 2020-21 വർഷം ജില്ലാപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഇതിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2021 കൂടിയ യോഗം അനുമതി നൽകുകയും അതനുസരിച്ച് സർക്കാർ ഉത്തരവിറക്കുകയും ചെയ്തിരുന്നു. എന്നാൽ ഇതു താലൂക്ക് തലത്തിലെ ആശുപത്രിയാണ് എന്ന് ചൂണ്ടികാണിച്ച് വെറ്റിംഗ് ഓഫീസർ (ആരോഗ്യ വകുപ്പ് ഡയറക്ടർ) അനുമതി നിരസിച്ചു.

എന്നാൽ ഇതു ജനറൽ ആശുപത്രിയാണെന്നും ആരോഗ്യവകുപ്പിനു കീഴിലുള്ള 25 ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ ഒന്നാണ് ഇതെന്നും ജില്ലാപഞ്ചായത്ത് അറിയിച്ചിരിക്കുന്നു. ഇവിടെ എല്ലാവിധ ക്യാൻസർ ചികിത്സയും കീമോതെറാപ്പിയും ചെയ്തു വരുന്നുണ്ടെന്നും റേഡിയേഷൻ ഓങ്കോളജിസ്റ്റ് ഉണ്ടെന്നും അറിയിച്ചിട്ടുണ്ട്. അതിനാൽ കോഓർഡിനേഷൻ കമ്മിറ്റി മുമ്പ് നല്കിയ അനുമതി പ്രകാരം ക്യാൻസർ റേഡിയേഷൻ ചികിത്സയ്ക്ക് കോബോൾട്ട് മെഷീൻ സ്ഥാപിക്കാൻ അനുവദിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ഈ ആശുപത്രിയിൽ ക്യാൻസർ ചികിത്സയും കീമോ തെറാപ്പിയും ഉള്ളതാണെന്നതു പരിഗണിച്ച് 10.02.2021 ലെ കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നൽകുന്നു. ഇതനുസരിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.62 കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.02.2020ലെ കത്തും കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.02.2021 ലെ A3-500/21—ാം നമ്പർ കത്തും (SRG 275/22 – CC/167/2022)**

*പ്രോ.നം: 41/22* *അടങ്കൽ 8,04,000/-- രൂപ*

*( വികസനഫണ്ട് ജനറൽ - 4,00,000/- രൂപ*

*ഗുണഭോക്തൃ വിഹിതം – 4,02,000/- രൂപ*

*തനത് ഫണ്ട് – 2,000/- രൂപ)*

***പേര് : മുട്ടക്കോഴി വിതരണം (വനിതാ ഗ്രൂപ്പുകൾക്ക്)***

അഞ്ചുപേർ വീതമടങ്ങുന്ന 67 ഗ്രൂപ്പുകൾക്കായി 6700 മുട്ടക്കോഴികളെ വിതരണം ചെയ്യുന്നതിനാണ് പ്രോജക്റ്റ്. വെറ്റിംഗ് നടപടി പൂർത്തിയാക്കി നിർവ്വഹണ ഘട്ടത്തിലാണ് പ്രോജക്റ്റ്. എന്നാൽ ഗ്രൂപ്പ് സംരംഭമായതിനാൽ സബ്സിഡി നൽകാൻ സാധിക്കില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ അറിയിച്ചിരിക്കുന്നു. അതിനാൽ പ്രോജക്റ്റ് നടപ്പാക്കാൻ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** പ്രത്യേകാനുമതി നൽകുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ പ്രോജക്റ്റ് വെറ്റിംഗ് നടപടി പൂർത്തിയാക്കിയതിനുശേഷം നിർവ്വഹണ യോഗ്യമല്ല എന്നുള്ള വെറ്റിനറി സർജന്റെ നിലപാട് ഉചിതമല്ല എന്നു യോഗം വിലയിരുത്തി. ഇതിന്റെ വിശദീകരണം തേടാൻ ജില്ലാ ആസൂത്രണസമിതിയെ ചുമതലപ്പെടുത്തി.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)ജില്ലാ കളക്ടർ, കണ്ണൂർ**

**4.63 വേങ്ങര ബ്ലോക്ക് പഞ്ചായത്ത്**

**വേങ്ങര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 18.02.2022 ലെ** B-143/2022-ാം **നമ്പർ കത്ത് (SRG 274/22)**

വേങ്ങര ബ്ലോക്ക് പഞ്ചായത്തിലെ സാമൂഹ്യാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിച്ചു. ഇവിടെ മുൻപ് കിടത്തി ചികിത്സ ഉണ്ടായിരുന്നു. ഇവിടെ വീണ്ടും കിടത്തി ചികിത്സ ആരംഭിക്കുന്നതിനായി താഴെ പറയുന്ന രീതിയിൽ അധികമായി

പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിക്കാനും ഇതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ വികസനഫണ്ട് / തനതു ഫണ്ടുപയോഗിക്കാനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**അധികമായി നിയമിക്കേണ്ട സ്റ്റാഫ്.**

1) സ്റ്റാഫ് നേഴ്സ് – 4
2) നേഴ്സിംഗ് അസിസ്റ്റന്റ് – 2
3) ആശുപത്രി അറ്റൻഡർ / ക്ലീനിംഗ് സ്റ്റാഫ് – 4
4) എക്സ് റേ ടെക്നീഷ്യൻ -

**തീരുമാനം: -** അനുമതി നിരസിച്ചു. ആവശ്യം ആരോഗ്യവകുപ്പിനു നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.64 വാമനപുരം ബ്ലോക്ക് പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.02.2022 ലെ Plg.50/2021-22/**DPC/DPO/ **തിരുവനന്തപുരം നമ്പർ കത്തും വാമനപുരം ബ്ലോക്കു പഞ്ചായത്തു സെക്രട്ടറിയുടെ 09.02.2022 ലെ** BP2 -/439/22/VPM **നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2022 ലെ യോഗതീരുമാനവും (SRG 291/22)**

വാമനപുരം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നതും വനാതിർത്തി പങ്കിടുന്നതുമായ താഴെപ്പറയുന്ന പഞ്ചായത്തിൽ ഭൂരിപക്ഷം ജനങ്ങളും കാർഷികവൃത്തി ചെയ്തു ഉപജീവനം നടത്തുന്നവരാണ്. ഇവിടെ കാട്ടുപന്നി, കരടി, കുരങ്ങു മുതലായ വന്യമൃഗങ്ങളുടെ ശല്യം ഉണ്ട്. അത് പരിഹരിക്കുന്നതിനായി വാമനപുരം ബ്ലോക്ക് പഞ്ചായത്തും താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകളും സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് സംയുക്തമായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാനാണ് ഉദ്ദേശിക്കുന്നത്. വിശദാംശം താഴെ ചേർക്കുന്നു.

| **ക്രമ നം** | **തദ്ദേശഭരണസ്ഥാപന ത്തിന്റെ പേര്** | **പ്രോജക്ട് നമ്പർ** | **പ്രോജക്ടിന്റെ പേര്** | **അടങ്കൽ തുക (വികസനഫണ്ട് -ജനറൽ)** |
|---|---|---|---|---|
| 1 | നെല്ലനാട് ഗ്രാമപഞ്ചായത്ത് | 22/22 | സോളാർ ഫെൻസിംഗ് | 7,70,000/- രൂപ |
| 2 | പാങ്ങോട് ഗ്രാമപഞ്ചായത്ത് | 2/22 | വന്യമൃഗങ്ങളിൽ നിന്ന് കാർഷിക വിളകളെ രക്ഷിക്കുന്നതിനായി സൗര വേലി നിർമ്മിക്കു ന്നതിനുള്ള പ്രോജക്ട് | 11,70,000/- രൂപ |

| | | | | |
|---|---|---|---|---|
| 3 | പെരിങ്ങമല ഗ്രാമപഞ്ചായത്ത് | 6/22 | സോളാർ ഫെൻസിംഗ് | 4,80,000/- രൂപ |
| 4 | വാമനപുരം ബ്ലോക്ക് പഞ്ചായത്ത് | 80/22 | കൃഷിയിടങ്ങളെ വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം ഫെൻസിംഗിന് വിഹിതം നൽകൽ | 2,00,000/- രൂപ |

സോളാർ വേലി സ്ഥാപിക്കുന്നതിനുള്ള അംഗീകൃത നിരക്ക് അനർട്ട് ഉൾപ്പടെയുള്ള ഒരു സ്ഥാപനത്തിലും ലഭ്യമല്ല. കൂടാതെ പ്രസ്തുത പ്രവർത്തിക്ക് ബാധകമായ സബ്സിഡി നിരക്ക് എത്രയാണെന്ന് മാർഗ്ഗരേഖയിലും ഇല്ല. അതിനാൽ ഇതിന്റെ അംഗീകൃത നിരക്കും സബ്സിഡി നിരക്കും നിശ്ചയിച്ച് നൽകണമെന്ന തിരുവനന്തപുരം ജില്ലാ കളക്ടറുടെ ആവശ്യം 11.01.2022 ലെ യോഗം പരിഗണിച്ചിരുന്നു. ഫെൻസിംഗ് നടത്താനുദ്ദേശിക്കുന്ന പ്രദേശത്തെ വിശദാംശം നൽകുമ്പോൾ നിരക്കും നിശ്ചയിച്ച് നൽകാൻ വനം വകുപ്പ് / അനെർട്ടിനു നൽകാൻ 11.01.2022-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചു.

ഇതനുസരിച്ച് ജില്ലാ പ്ലാനിംഗ് ഓഫീസർ വിശദാംശം നൽകി.

| **ക്രമ നമ്പർ** | **ഗ്രാമപഞ്ചായത്ത് (കൃഷിഭവൻ)** | **വിളയുടെ പേര്** | **സോളാർ ഫെൻസിംഗ് ചെയ്യേണ്ടുന്ന കൃഷിഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ)** | **കർഷകരുടെ എണ്ണം** |
|---|---|---|---|---|
| 1 | പാങ്ങോട് | മരച്ചീനി – 53 ha<br>വാഴ – 35 ha<br>പച്ചക്കറി – 21 ha | 109 | 391 |
| 2 | നെല്ലനാട് | വാഴ – 100 ha<br>മരച്ചീനി – 50 ha<br>പച്ചക്കറി – 50 ha<br>നെല്ല് – 5 ha | 205 | 520 |
| 3 | പെരിങ്ങമ്മല | വാഴ – 10 ha<br>പച്ചക്കറി – 5 ha<br>മറ്റ് വിളകൾ - 50 ha | 65 | 140 |
| | ആകെ | | 379 | 1051 |

<u>Type of Solar Fencing</u>

**<u>Fencing using</u>**

1. Concrete Poles (2-3”)
2. GI Pipes (1.5”)

Height – 7 feet

Battery – 80 – 120 Ah

**Panel**

1) Poly Crystalline
2) Mono Crystallin

**Fencing using**

1) GI Wire
2) Fencing Wire

No. of wires between Poles – 4-5

**തീരുമാനം: -** ഇതിന്റെ സിവിൽ വർക്കു സംബന്ധിച്ച നിരക്ക് തയ്യാറാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. സൗരോർജ്ജം ഉപയോഗിക്കുന്നതിന്റെ നിരക്കും മറ്റു വിശദാംശങ്ങളും അനെർട്ടിന്റെ സഹായത്തോടെ തയ്യാറാക്കാനും ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**
**3) ഡയറക്ടർ, അനെർട്ട്**

**4.65 തഴക്കര ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.02.2022 ലെ കത്ത് (SRG 257/22 – CC/159/22)**

***പ്രോ.നം: 46/22*** ***അടങ്കൽ 5,71,809/- രൂപ***
***( എസ്.സി. പി)***

***പേര് : കോളേജ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്***

ഐ.റ്റി.ഐകളിൽ പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥി കൾക്ക് ലാപ് ടോപ് വാങ്ങി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം: -** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.66 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 22.02.2022 ലെ** PL-216/2021-ാം **നമ്പർ കത്ത് (SRG 266/22)**

ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2021-22 വർഷം എസ്.എസ്.കെ വിഹിതം നൽകുന്നതിന് പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നില്ല. കുട്ടികൾക്ക് പാഠപുസ്തകങ്ങൾ, യൂണിഫോം തുടങ്ങിയവ നൽകുന്നതിന് ജില്ലാ പഞ്ചായത്ത് നൽകേണ്ട 2.86 കോടി രൂപ നൽകണമെന്ന് എസ്.എസ്.കെ ജില്ലാ പ്രോജക്ട് ഓഫീസർ ആവശ്യപ്പെട്ടി ട്ടുണ്ട്. ഇതിനു തുക കണ്ടെത്താൻ കഴിയുന്നില്ല. അതിനാൽ വനിതാഘടക പദ്ധതി, വൃദ്ധർക്കുള്ള പ്രത്യേക പദ്ധതി എന്നിവയിൽ പൂർത്തിയാക്കാൻ കഴിയാത്ത

പ്രോജക്ടുകൾ ഒഴിവാക്കി തുക കണ്ടെത്തി എസ്.എസ്.കെ വിഹിതം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇങ്ങനെ വനിതാഘടക പദ്ധതി, വയോജന ക്ഷേമം എന്നിവയിലുണ്ടാകുന്ന കുറവ് അടുത്ത വർഷം പരിഹരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

**തീരുമാനം: -** ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ ഇതുവരെയുള്ള ചെലവ് 48.66 ശതമാനം മാത്രമാണെന്ന് യോഗം വിലയിരുത്തി. വനിതാഘടക പദ്ധതി, വയോജന ക്ഷേമം എന്നിവയിലെ തുക മാറ്റുന്നതിനുപകരം മറ്റു പ്രോജക്ടുകളിൽ ചെലവഴിക്കാൻ കഴിയാത്ത വിഹിതമോ, പ്രോജക്ടുകൾ ബഹുവർഷ പ്രോജക്ടുകളാക്കി മാറ്റി കൊണ്ടോ തുക കണ്ടെത്താൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.67 രാമനാട്ടുകര മുനിസിപ്പാലിറ്റി**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.02.2022 ലെ കത്തും രാമനാട്ടുകര നഗരസഭാ ചെയർമാന്റെ 8.11.2021 ലെ** A1-2019/19-ാം **നമ്പർ കത്തും (SRG 263/22 – CC/556/21)**

***പ്രോ.നം: 180/22*** ***അടങ്കൽ 3,95,000/- രൂപ ( എസ്.സി. പി)***

***പേര് : പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്***

പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്നതിനാണ് പ്രോജക്ട്. കഴിഞ്ഞ വർഷം ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സ്, ഡിപ്ലോമ എന്നിവയ്ക്ക് പഠിച്ചിരുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകിയില്ല. ഇങ്ങനെ 19 വിദ്യാർത്ഥികൾ ഉണ്ട്. ഇവർ 2021 മാർച്ചിനു ശേഷം കോഴ്സ് പൂർത്തിയാക്കി. ഇവർക്ക് സ്കോളർഷിപ്പ് നൽകാൻ സ്പിൽ ഓവർ ആയി പ്രോജക്ട് ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** മാർഗ്ഗരേഖപ്രകാരമുള്ള നിരക്കിൽ സ്കോളർഷിപ്പ് നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.68 അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്**

**ഗ്രാമവികസന കമ്മീഷണറുടെ 24.01.2022 ലെ കത്തും** CRD/2075/2021-DP3-ാം **നമ്പർ കത്തും അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 30.07.2021- ലെ** C-740/2021-ാം **നമ്പർ കത്തും അനുബന്ധരേഖകളും (SRG 284/22 – LSGD – DD2/404/2021- LSGD)**

അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിൽ റ്റി.എസ്.പി വിഹിതം ഉൾപ്പെടുത്തിയിരിക്കുന്ന താഴെ പറയുന്ന പ്രോജക്ടുകൾ അട്ടപ്പാടി പട്ടികവർഗ്ഗ

ഊരുകളിൽ നടത്താനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഊരുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് പ്രോജക്ട്. ഗ്രാമപഞ്ചായത്തുകളുടെ ഫണ്ടു കൊണ്ടു മാത്രം ഇത്തരം ഭൗതിക സൗകര്യം ഒരുക്കാൻ കഴിയില്ലാത്തതിനാലാണ് ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിരിക്കുന്നത്. ഇതു നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**പ്രോജക്ട വിശദാംശങ്ങൾ**

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | വിഹിതം |
|---|---|---|---|---|
| 1 | 7/22 | പലകയൂർ ഊര് നവീകരണം | 7,00,000/- രൂപ | റ്റി.എസ്.പി |
| 2 | 22/22 | ഉമ്മത്താംപടി ഊര് നവീകരണം | 6,36,400/-രൂപ | റ്റി.എസ്.പി |
| 3 | 27/2 | വെന്തവെട്ടി ഊര് നവീകരണം | 6,00,000/-രൂപ | റ്റി.എസ്.പി |
| 4 | 34/22 | നല്ലശിങ്ക ഊര് നവീകരണം | 6,00,000/- രൂപ | റ്റി.എസ്.പി |
| 5 | 90/22 | ഭൂതിവഴിമേലെ ഊര് താഴെ ഊര് ഇന്റർലോക്ക് | 5,00,000/-രൂപ | റ്റി.എസ്.പി |
| 6 | 92/22 | മാമണ ഊര് നവീകരണം | 5,00,000/-രൂപ | റ്റി.എസ്.പി |
| 7 | 93/22 | ജെല്ലിപ്പാറ ഊര് നവീകരണം | 5,00,000/-രൂപ | റ്റി.എസ്.പി |

**തീരുമാനം: -**

1) പ്രത്യേക അനുമതി നൽകുന്നു. എന്നാൽ മുകളിൽ പറഞ്ഞവയിൽ 6 പ്രോജക്ടുകളും ഊര് നവീകരണം എന്നാണ് പറഞ്ഞിരിക്കുന്നത്. എന്തുതരം പ്രവർത്തനങ്ങൾ ആണെന്ന് അറിയിച്ചിട്ടില്ല. നവീകരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ച് ആവശ്യമുള്ളതാണോ എന്ന് ഗ്രാമവികസന കമ്മീഷണർ ഉറപ്പാക്കേണ്ടതാണ്. ഇതനുസരിച്ചേ പ്രോജക്ട് നടപ്പാക്കാവൂ.
2) 2018-19 ൽ ബ്ലോക്ക് പഞ്ചായത്തു മുകളിൽ പറഞ്ഞ രീതിയിലുള്ള പ്രോജക്ടുകൾ ഏറ്റെടുത്തതിന്മേലുള്ള ഓഡിറ്റ് കുറിപ്പ് സംബന്ധിച്ച് തുടർനടപടിക്കായി വകുപ്പിനു നൽ കേണ്ടതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2) ഗ്രാമവികസനകമ്മീഷണർ**

## 4.69 പാലക്കാട് ജില്ലാ പഞ്ചായത്ത്

### പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 11.02.2022-ലെ കത്ത് (SRG 311/22)

പാലിയേറ്റീവ് കെയർ പദ്ധതി തദ്ദേശഭരണസ്ഥാപനങ്ങൾ അവർക്ക് കൈമാറി കിട്ടിയ ആരോഗ്യ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്. സർക്കാരിൽ നിന്ന് Kerala Medical Service Corporation (KMSCL) വഴി മരുന്നു ലഭിക്കാൻ പലപ്പോഴും താമസമുണ്ടാകും. ഈ അവസരത്തിൽ പാലിയേറ്റീവ് പ്രവർത്തനം മുടങ്ങാതിരിക്കാൻ കൊല്ലത്തുള്ള കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്നാണ് മരുന്നു

വാങ്ങുന്നത്. എന്നാൽ ഇവിടെ നിന്ന് മരുന്ന് മുടക്കം കൂടാതെ ലഭിക്കുന്നില്ല. പാലക്കാട് ജില്ലയിൽ 2021 മാർച്ച് മുതൽ 63 PHC/CHC കളിൽ നിന്നു നൽകിയ ഓർഡർ പ്രകാരമുള്ള മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. കാരുണ്യ ഫാർമസി ഡിപ്പോയിൽ നിന്നുപോലും മരുന്നു ലഭിക്കാൻ ഇങ്ങനെ കാലതാമസമുണ്ടാകുന്നത് രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ മരുന്നുകൾ കാലതാമസം കൂടാതെ ലഭ്യമാക്കാൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -**

1) കാലതാമസം കൂടാതെ മരുന്നു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് യോഗത്തിൽ പങ്കെടുത്ത KMSCL ജനറൽ മാനേജർ അറിയിച്ചു.
2) KMSCL, കാരുണ്യ ഫാർമസി ഡിപ്പോ എന്നിവിടങ്ങളിൽ നിന്ന് മരുന്ന് ലഭിക്കാൻ താമസമുള്ള സാഹചര്യങ്ങളിൽ അത്യാവശ്യ ഘട്ടം വന്നാൽ കാരുണ്യ, ജൻ ഔഷധി, സപ്ലൈകോ, നീതി സ്റ്റോർ- ഔട്ട് ലെറ്റുകളിൽ നിന്ന് ആവശ്യമായ മരുന്ന് നേരിട്ട് വാങ്ങുവാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.70 ആലപ്പുഴ മുനിസിപ്പാലിറ്റി**

**ആലപ്പുഴ ജില്ല പ്ലാനിംഗ് ഓഫീസറുടെ 02.03.2022 ലെ കത്തും ആലപ്പുഴ നഗരസഭാ ചെയർപേഴ്സന്റെ 15.02.2022 ലെ കത്തും ആലപ്പുഴ നഗരസഭാ കൗൺസിലിന്റെ 28.02.2022 ലെ 25-ാം നമ്പർ തീരുമാനവും (SRG 299/22 – CC/212/22).**

നഗരസഭാ പ്രദേശത്തെ പല വീടുകൾക്കും 2018-19 വർഷത്തെ പ്രളയത്തിൽ നാശനഷ്ടമുണ്ടായി. കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 തീയതിലെ തീരുമാന പ്രകാരം 60 ശതമാനം വരെ നാശനഷ്ടമുണ്ടായ ഭവനങ്ങൾക്ക് SDRF/ CMDRF-ൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്. ഈ ധനസഹായ തുക ഉപയോഗിച്ച് വീട് വാസയോഗ്യമാക്കാൻ കഴിയില്ലെങ്കിൽ SDRF/CMDRF ൽ നിന്നു ലഭിച്ച ധനസഹായത്തിന്റെ ബാക്കി തുക (നാലു ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി) നൽകാൻ മുകളിൽ പറഞ്ഞ കോഓർഡിനേഷൻ കമ്മിറ്റി യോഗം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. എന്നാൽ 60 ശതമാനത്തിൽ താഴെയാണ് നാശനഷ്ടം സംഭവിച്ചതെങ്കിൽ വീടു വാസയോഗ്യമാക്കാൻ SDRF/CMDRF ധനസഹായത്തിനു പുറമെ ധനസഹായം നൽകാൻ പൊതു അനുമതി ഇല്ല. 60 ശതമാനത്തിൽ താഴെ നാശനഷ്ടം സംഭവിച്ചവരുടെ ഗണത്തിൽപ്പെട്ടവരുടെ വീടു വാസയോഗ്യമല്ലായെങ്കിൽ ഇവർക്ക് വീടു നിർമ്മിക്കാൻ മുനിസിപ്പാലിറ്റിയിൽ നിന്ന് PMAY/ലൈഫ് പദ്ധതി പ്രകാരം ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021-ാം തീയതിയിലെ താഴെ പറയുന്ന തീരുമാനപ്രകാരം (ഖണ്ഡിക 2.2(1))

നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. 60 ശതമാനത്തിൽ താഴെ നഷ്ടം സംഭവിച്ച ഭവനങ്ങൾക്ക് അസ്സിസ്റ്റന്റ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഇതു പ്രകാരം തീരുമാനമെടുക്കാവുന്നതാണ്.

''പ്രളയത്തിൽ 75 മുതൽ 100 ശതമാനം വരെ നാശനഷ്ടമുണ്ടായ ഭവനത്തിന് SDRF ൽ നിന്നും CMRDF ൽ നിന്നു ലഭിക്കുന്ന തുക ചേർത്ത് ആകെ 4.00 ല ക്ഷം രൂപ ലഭിക്കും. ഇത്തരം കുടുംബത്തിന് തദ്ദേശഭരണസ്ഥാപനങ്ങൾ ഇനി വിഹിതം നൽകാവുന്നതല്ല. 60 മുതൽ 74 ശതമാനം വരെ നാശനഷ്ടമുണ്ടായ ഭവനങ്ങൾക്ക് (സമതല പ്രദേശവും മലയോര പ്രദേശവും) SDRF ൽ നിന്നും CMDRF ൽ നിന്നും ആകെ 2,50,000/- രൂപ ലഭിക്കും. എന്നാൽ പലപ്പോഴും ഈ തുക ഉപയോഗിച്ച് വീട് വാസയോഗ്യമാക്കാൻ കഴിയില്ല. ഇത്തരം കേസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ പ്രകാരം പുതിയ വീട്ടു നിർമ്മിതിക്കായി ബാക്കിവരുന്ന 1,50,000/- രൂപ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. 60 ശതമാനത്തിൽ താഴെ നാശനഷ്ടം സംഭവിച്ചവർക്ക് തദ്ദേശഭരണസ്ഥാപനത്തിൽ നിന്ന് പ്രത്യേക ധനസഹായം നൽകേണ്ടതില്ല. എന്നാൽ 2018, 2019 പ്രളയത്തിൽ വീട് പൂർണ്ണമായും തകർന്ന ഏതെങ്കിലും കേസുകളിൽ SDRF, CMDRF ൽ നിന്നോ മറ്റു വിധത്തിലോ ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വീട്ടു നിർമ്മാണത്തിനു ലൈഫ് നിരക്കു പ്രകാരം ധനസഹായം നൽകാവുന്നതാണ്.''

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി / ഡി.ബി) വകുപ്പ്**

**4.71 നെന്മണ്ട ഗ്രാമപഞ്ചായത്ത്**

**പഞ്ചായത്ത് ഡയറക്ടറുടെ 22.04.2021-ലെ PAN / 5062/2021- G1 (DP) നമ്പർ കത്തും നെന്മണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.02.2021 ലെ A6-5823/20-ാം (SRG 297/22 – DA1/664/2018- LSGD).**

നെന്മണ്ട ഗ്രാമപഞ്ചായത്തിൽ 2015 ഏപ്രിൽ മുതൽ രണ്ടാമത്തെ മാവേലിസ്റ്റോർ (ചിക്കിലോട്) പ്രവർത്തിക്കുന്നുണ്ട്. PWD നിശ്ചയിച്ച പ്രകാരം വാടക 8044/- രൂപയാണ്. ഇത് ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ നിന്ന് നൽകി വരുന്നു. 04.02.2013 ലെ 301/13/തസ്വഭവ ഉത്തരവു പ്രകാരം വാടക തദ്ദേശഭരണസ്ഥാപന

ത്തിനു നൽകാമെങ്കിലും മാവേലിസ്റ്റോറുകളുടെ വിറ്റു വരവ് പ്രതിമാസം 4.00 ലക്ഷം രൂപയെങ്കിലും ആകണമെന്നുണ്ട്. 2020 ഏപ്രിൽ വരെ ഈ മാവേലിസ്റ്റോറിന്റെ പ്രതിമാസ വിറ്റുവരവ് 4.00 ലക്ഷം രൂപയ്ക്കു മുകളിലായിരുന്നു. എന്നാൽ തുടർന്ന് കോവിഡ് പശ്ചാത്തലത്തിലും റേഷൻകട വഴി സൗജന്യ അവശ്യസാധന കിറ്റു നൽകിയതിനാലും വിറ്റുവരവ് 4.00 ലക്ഷം രൂപയിൽ താഴെയായി. ഈ സാഹചര്യത്തിൽ പ്രതിമാസ വിറ്റുവരവ് 4.00 ലക്ഷം രൂപയിൽ കുറവാണെങ്കിലും വാടക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** വാടകനൽകുന്നതിനും മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിനും 11.01.2022 ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റിയോഗം പ്രത്യേകമായി ചർച്ച ചെയ്ത് പൊതു തീരുമാനമെടുത്തിട്ടുണ്ട്. ഈ തീരുമാനപ്രകാരം "വാടക രഹിത കെട്ടിടം തദ്ദേശഭരണസ്ഥാപനം സപ്ലൈകോയുടെ മാവേലി സ്റ്റോറുകൾക്ക് നൽകിയ കേസുകളിൽ അവ പ്രവർത്തിക്കുന്ന കാലമത്രയും കാലപരിധിയില്ലാതെ വാടക തുടർന്നും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിനു നൽകാം". ഇതനുസരിച്ച് തദ്ദേശഭരണസ്ഥാപനത്തിനു താല്പര്യമുണ്ടെങ്കിൽ വാടക നൽകാൻ തടസ്സമില്ല. 10.03.2022 തീയതിയിലെ സ.ഉ (സാധാ) നമ്പർ 587/2022/തസ്വഭവ വാടകനൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.72 മുതല ഗ്രാമപഞ്ചായത്ത്**

**ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 03.03.2022 ലെ LM/4456/CC/ ലൈഫ് നമ്പർ കത്തും മുതല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.02.2022 ലെ A5-6105/21 ലെ കത്തും ബഹു. കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 25.11.2021 ലെ CRMP 8563/09/C2/2021/ Ke SCPCR നമ്പർ ഉത്തരവും (SRG 301/22).**

മുതല ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിലെ ശ്രീ മുഹമ്മദ് ഷാഫിക്ക് ലൈഫ് ഭവനപദ്ധതി പ്രകാരം സ്ഥലവും വീടും ലഭ്യമാക്കണമെന്നാണാവശ്യം. ഇദ്ദേഹത്തിന്റെ മാതാവ് കിടപ്പിലാണ്. ഭാര്യ റ്റി.ബിയും, മെനഞ്ചൈറ്റിസും ബാധിച്ച രോഗിയാണ്. 13ഉം, 7 ഉം വയസ്സുള്ള രണ്ടു കുട്ടികളുണ്ട്. അപേക്ഷകൻ പിതാവിന്റെ സഹോദരന്റെ വീട്ടിലാണ് താമസം. ഈ കുടുംബത്തിലെ റേഷൻ കാർഡിൽ അപേക്ഷകൻ ഉൾപ്പെട്ടിട്ടുണ്ട്. പൊതുവിഭാഗത്തിൽപ്പെട്ട ആളായതിനാൽ ലൈഫ് മാനദണ്ഡപ്രകാരം സ്ഥലവും വീടും ഇവർക്ക് ലഭിക്കാൻ അർഹനല്ല. ഇവർക്ക് വീടു അനുവദിക്കണമെന്ന് ബഹു.കേരള സംസ്ഥാന ബാലാവകാശ കമ്മീഷന് പരാതി നൽകി. ഈ കുടുംബത്തിനും കുട്ടികൾക്കും താമസയോഗ്യമായ വീടു നൽകുന്നതിന്

നടപടി സ്വീകരിക്കണമെന്ന് ബഹു. കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ മുതല ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇതനുസരിച്ച് ഈ കുടുംബത്തിന് ലൈഫ് ഭവനപദ്ധതിയിൽപ്പെടുത്തി സ്ഥലവും വീടും നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം: -** തനത്ഫണ്ട് അല്ലെങ്കിൽ ലൈഫ് പദ്ധതിക്കായി മാറ്റി വച്ചിരിക്കുന്ന വികസനഫണ്ടിന്റെ (ജനറൽ, എസ്.സി.പി, റ്റി.എസ്.പി) 20 ശതമാനത്തിനു പുറത്തുള്ള വിഹിതം ഉപയോഗിച്ച് സ്ഥലും വീടും നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.73 ദേവികുളം ഗ്രാമപഞ്ചായത്ത്**

**ദേവികുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.02.2022 ലെ P5-2021(1)-ാം നമ്പർ കത്തും ദേവികുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.02.22 ലെ 1(2)ാം നമ്പർ തീരുമാനവും (SRG 300/22).**

ദേവികുളം ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 18 വാർഡുകളിൽ 17 വാർഡുകളും എസ്റ്റേറ്റ് മേഖലയിലാണ്. 15 വാർഡുകൾ KDHP യുടെ ഉടമസ്ഥതയിലും 2 വാർഡുകൾ ഹാരിസൺ മലയാളം ലിമിറ്റഡിന്റെ ഉടമസ്ഥതയിലുമാണ്. അതിനാൽ ധനകാര്യ കമ്മീഷൻ (പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് – റ്റൈഡ് ഗ്രാന്റ്) ഉപയോഗിക്കാൻ ബുദ്ധിമുട്ട് നേരിടുന്നു. ഇതേ വിഷയം സി.എഫ്.സി അടിസ്ഥാന ഗ്രാന്റുപയോഗിക്കുന്നതിനും ഉണ്ടായിരുന്നു. കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2022 ലെ തീരുമാന പ്രകാരം (ഖണ്ഡിക 4.7) പൊതുജനങ്ങൾക്ക് എസ്റ്റേറ്റ് റോഡ് ഉപയോഗിക്കുന്നതിന് അനുമതി നൽകാം എന്ന് എസ്റ്റേറ്റ് കമ്പനിയും ഗ്രാമപഞ്ചായത്തും കരാർ വയ്ക്കണമെന്ന നിബന്ധനയോടെ എസ്റ്റേറ്റു പ്രദേശത്തെ റോഡുകളുടെ നിർമ്മാണ / പുനരുദ്ധാരണത്തിന് അനുമതി നൽകിയിരുന്നു. ഒപ്പം പൊതുജനങ്ങൾ ഉപയോഗിക്കുന്ന റോഡുതന്നെയാണെന്ന് ഉറപ്പാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതേ രീതിയിൽ സി.എഫ്.സി. റ്റൈഡ് ഗ്രാന്റും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കാൻ അനുമതി നല്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** എസ്റ്റേറ്റ് മേഖലയിലും സി.എഫ്. സി. റ്റൈഡ് ഗ്രാന്റ് ഉപയോഗിച്ച് മാനദണ്ഡപ്രകാരമുള്ള പൊതു ആസ്തികൾ സൃഷ്ടിക്കുന്നതിന് താഴെ പറയുന്ന നിബന്ധനയോടെ അനുമതി നൽകുന്നു. ധനകാര്യകമ്മീഷൻ - ടൈഡ് ഗ്രാന്റ് ഉപയോഗിക്കുന്നതിനുള്ള മാനദണ്ഡം പാലിക്കണം. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ പൊതുജനങ്ങൾക്ക് വേണ്ടിയുള്ളതാകണം. ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ പൊതുജന

ങ്ങൾക്ക് ഉപയോഗിക്കുന്നതിന് പൂർണ്ണമായി ലഭ്യമാക്കും എന്നും ആസ്തികൾ നശിപ്പിക്കില്ല എന്നും ഗ്രാമപഞ്ചായത്തും എസ്റ്റേറ്റ് കമ്പനിയും തമ്മിൽ കരാറിലേർപ്പെടണം.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.74 <u>പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്</u>**

**<u>വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.03.2022 ലെ കത്തും പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04.03.2022 ലെ A5-01/2021-ാം നമ്പർ കത്തും (SRG 314/22 – CC/42/2022).</u>**

***പ്രോ.നം: 233/22*** ***അടങ്കൽ 9,10,501/- രൂപ***

***( മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്)***

***പേര് : പാക്കം പി.എച്ച്.സി – ലാബ് നിർമ്മാണം – കരാറുകാരന് തുക അനുവദിക്കൽ***

പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രത്തോടു ചേർന്ന് ഡോക്ടേഴ്സ് റൂം, ലബോറട്ടറി നിർമ്മാണം എന്ന പേരിൽ പ്രോജക്ട് എടുത്തു. അടിയന്തിര സാഹചര്യം പരിഗണിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ പ്രൈസ് സോഫ്റ്റ് വെയർ മുഖാന്തിരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങി ടെണ്ടറിലൂടെ കരാറുകാരനെ കണ്ടെത്തി പ്രവർത്തി പൂർത്തീകരിച്ചു. എന്നാൽ ഇതു സുലേഖ സോഫ്റ്റ് വെയറിൽ ചേർത്തിരുന്നില്ല. അതിനാൽ സാംഖ്യയിലൂടെ ബിൽ എടുക്കാൻ കഴിയില്ല. ടെണ്ടർ നടത്തി പ്രോജക്ട് പൂർത്തീകരിച്ചതിനാൽ ഇനി പുതിയ പ്രോജക്ട് എന്ന നിലയിൽ സുലേഖ സോഫ്റ്റ് വെയറിൽ ചേർക്കാൻ കഴിയില്ല. പകരം ചെയ്ത പ്രവർത്തിക്ക് കരാറുകാരന് തുക അനുവദിക്കൽ എന്ന രീതിയിൽ പ്രോജക്ട് സുലേഖ സോഫ്റ്റ് വെയറിൽ ചേർക്കാനേ കഴിയൂ. അതിനാൽ ഈ രീതിയിൽ പ്രോജക്ട് തയ്യാറാക്കി കരാറുകാരനു തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** 1) സുലേഖ സോഫ്റ്റ് വെയറിൽ ചേർക്കാതെ പ്രോജക്ട നടപ്പാക്കിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. ഇനി ഇതാവർത്തിക്കരുത് എന്ന് നിർദ്ദേശിക്കുന്നു.

2) പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.75 വയലാർ ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.03.2022 ലെ കത്ത് (SRG 327/22 – CC/160/2022).**

***പ്രോ.നം: 207/22*** ***അടങ്കൽ 13,30,000/- രൂപ***

***( സി.എഫ്.സി റ്റൈഡ് ഗ്രാന്റ് – 10,00,000/- രൂപ***

***ഗുണഭോക്തൃവിഹിതം – 3,30,000/-)***

***പേര് : പി.വി.സി ടാങ്ക് വിതരണം***

പി.വി.സി ടാങ്ക് വിതരണത്തിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉണ്ട്. പൊതു വിഭാഗത്തിൽപ്പെട്ട ബി.പി.എൽ. കുടുംബത്തിനാണ് ടാങ്ക് നൽകുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരിഭാഗം പേർക്കും ടാങ്ക് ഇതിനകം നൽകി. 500 ലിറ്ററിന്റെ 440 ടാങ്കുകളാണ് നൽകുന്നത്. യൂണിറ്റ് വില 3000 രൂപ, ഇതിൽ 25 ശതമാനം ഗുണഭോക്തൃവിഹിതവും. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** പ്രത്യേകാനുമതി നൽകുന്നു. എന്നാൽ എസ്.സി, എസ്.റ്റി, മത്സ്യത്തൊഴിലാളി വിഭാഗത്തിന് ഇനിയും ടാങ്ക് നൽകാനുണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.76 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 09.03.22 ലെ P6-ജന/22-ാം നമ്പർ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്തു ഭരണസമിതിയുടെ 17.02.2022 ലെ 13/22(1)-ാം നമ്പർ തീരുമാനവും (SRG 332/22)**

സാംസ്കാരിക വകുപ്പിന് കീഴിൽ കൊണ്ടോട്ടിയിൽ മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയുടെ ഒരു ഉപകേന്ദ്രം നാദാപുരത്ത് ഉണ്ട്. ഇവിടെ സാംസ്കാരിക കേന്ദ്രത്തിനായി പുതിയതായി ഒരു കെട്ടിടം പൂർത്തിയായിട്ടുണ്ട്. ഇതിന്റെ താഴത്തെ നിലയിലെ ഓഡിറ്റോറിയത്തിലേക്ക് സ്റ്റേജ്, സൗണ്ട് സിസ്റ്റം, ഫർണിച്ചർ മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയ്ക്കായി ഒരു പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** വിശദാംശം ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകാൻ നിർദ്ദേശിക്കുന്നു. ജില്ലാ ആസൂത്രണ സമിതിയുടെ തീരുമാനത്തിനുശേഷം ആവശ്യമെങ്കിൽ കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.77 **തൃശ്ശൂർ ജില്ലാ പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 27.01.2022 ലെ DPT/B4-5339/2014-ാം നമ്പർ കത്ത്.**

തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഈ യൂണിറ്റിന്റെ പ്രവർത്തനത്തിന് നിയമിക്കപ്പെടുന്ന താൽക്കാലിക ജീവനക്കാർക്ക് വേതനം, യൂണിറ്റിനാവശ്യമായ മരുന്ന്, ഉപകരണങ്ങൾ മറ്റ് ആവർത്തന ചെലവുകൾ എന്നിവയ്ക്കായി ഓരോ വർഷവും 50 ലക്ഷം രൂപ ആവശ്യമായി വരും. ഇതിനായി ജില്ലാ പഞ്ചായത്ത് 23.00 ലക്ഷം രൂപയും വടക്കാഞ്ചേരി നഗരസഭയും വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തും 6.00 ലക്ഷം രൂപ വീതവും എരുമപ്പെട്ടി, തെക്കുംകര, ദേശമംഗലം, വരവൂർ, മുള്ളൂർക്കര എന്നീ ഗ്രാമപഞ്ചായത്തുകൾ 3.00 ലക്ഷം രൂപ വീതവും വകയിരുത്തി വടക്കാഞ്ചേരി മെഡിക്കൽ സൂപ്രണ്ടിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നതിന് ഈ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നും ഇങ്ങനെ ലഭിക്കുന്ന തുക മുകളിൽ പറഞ്ഞ ആവശ്യത്തിനുപയോഗിക്കാൻ അനുമതി നൽകണമെന്നതും സംബന്ധിച്ച്.

**തീരുമാനം: -**

1) ഇതിനായി തനത്ഫണ്ട് / വികസനഫണ്ട് ജനറൽ ഉപയോഗിക്കുന്നതിന് അതത് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് തീരുമാനമെടുക്കാൻ അനുമതി നൽകുന്നു. തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിലേക്ക് ധനവകുപ്പിന്റെ മാനദണ്ഡപ്രകാരം കൈമാറാവുന്നതാണ്.

2) ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനത്തിനായി മുകളിൽ പറഞ്ഞ ആവശ്യത്തിന് ഈ തുക ഉപയോഗിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.78 **തൃശ്ശൂർ ജില്ലാ പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 20.10.2021 ലെ DPT/DP3/3380/2019-ാം നമ്പർ കത്ത് (SRG 331/22)**

തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ ധനസഹായത്തോടെ 1997-98 കാലഘട്ടത്തിൽ തൃശ്ശൂർ ജില്ലാ വനിതാ ട്രാൻസ്പോർട്ട് സഹകരണ സംഘത്തിന്റെ കീഴിൽ ബസ് സർവ്വീസ് ആരംഭിച്ചു. വനിതകളാണ് സർവ്വീസ് നടത്തുന്നത്. ഇപ്പോൾ ഒരു ബസാണുള്ളത്. കൊവിഡ് മഹാമാരിയെ തുടർന്ന് ഒന്നര വർഷം ബസ് സർവ്വീസ് നടത്തിയില്ല. കൊവിഡ് വ്യാപനം കുറഞ്ഞതോടെ ബസ് സർവ്വീസ് പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നു. എന്നാൽ സർവ്വീസ് പുനരാരംഭിക്കാൻ ബസിന് മെയിന്റനൻസ് നടത്തണം. എസ്റ്റിമേറ്റ് പ്രകാരം 2,16,050/- രൂപ ഇതിനു

ചെലവാകും. ഇതിനായി ജില്ലാ പഞ്ചായത്തിൽ നിന്നും തുക ചെലവഴിക്കാൻ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** വനിതാസംഘമായതിനാൽ പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.79 ഗുരുവായൂർ നഗരസഭ**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.03.2022 ലെ കത്തും ഗുരുവായൂർ മുനിസിപ്പൽ കൗൺസിലിന്റെ 20.02.2022 ലെ 3-ാം നമ്പർ തീരുമാനവും (SRG 332/22 – CC /245/22)**

*പ്രോ.നം:* 207/22 *അടങ്കൽ 25,00,000/- രൂപ*
*( സി.എഫ്.സി റൈഡ് ഗ്രാന്റ്)*

***പേര് : നഗരസഭയ്ക്ക് കുടിവെള്ള ടാങ്കർ വാങ്ങൽ***

കുടിവെള്ളക്ഷാമം നേരിടുന്ന വിവിധ വാർഡുകളിലും 5 വാട്ടർ ATM കളിലും കുടിവെള്ള വിതരണം ചെയ്യുന്നതിനായി 2 മിനി ടാങ്കർ ലോറികൾ വാങ്ങാനാണ് പ്രോജക്റ്റ്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.80 കൊല്ലം ജില്ലാ പഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.03.2022 ലെ കത്തും കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 08.03.2022 ലെ കത്തും (SRG 333/22)**

ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് മുഴുവൻ ജനങ്ങളേയും ബോധവത്കരിച്ച് കൊല്ലം ജില്ലയെ സമ്പൂർണ്ണ ഭരണഘടനാ സാക്ഷരതാ ജില്ലയാക്കി മാറ്റാനുള്ള പദ്ധതി കൊല്ലം ജില്ലയിൽ നടപ്പാക്കുന്നു. കൊല്ലം ജില്ലാ ആസൂത്രണ സമിതിയും കൊല്ലം ജില്ലാ പഞ്ചായത്തും KILAയും ചേർന്നാണ് ''ദി സിറ്റിസൺ 2022'' എന്ന പേരിൽ പദ്ധതി തയ്യാറാക്കുന്നത്. ഇതിനായി ആകെ 308.00 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഈ തുക ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുടേയും പങ്കാളിത്തത്തോടെ വികസനഫണ്ട് / തനതുഫണ്ടിനത്തിൽ നിന്നു കണ്ടെത്താൻ ഉദ്ദേശിക്കുന്നു. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ഇതു സംബന്ധിച്ച് വിശദാംശങ്ങൾ ഇല്ലാത്തതിനാൽ പരിഗണിച്ചില്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.81 മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.02.2022 ലെ കത്തുകൾ (2 എണ്ണം) (SRG 204/22 – CC /485/22)**

*പ്രോ.നം: 32/22* *അടങ്കൽ 5,00,000/- രൂപ*

*( വികസനഫണ്ട് – ജനറൽ)*

***പേര് : മലബാർ കലാപം – നൂറാം വാർഷികം പ്രമാണിച്ച് ഡോക്യുമെന്ററി തയ്യാറാക്കൽ***

സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി നടന്ന മലബാർ സ്വാതന്ത്ര്യ സമരത്തിന്റെ നൂറാം വാർഷികമായ 2021 വർഷത്തിൽ ചരിത്ര സംഭവങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഡോക്യുമെന്ററി തയ്യാറാക്കാൻ മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഉദ്ദേശിക്കുന്നു. ഇതിനു പ്രോജക്ട് തയ്യാറാക്കിയെങ്കിലും ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചരിത്ര വിഭാഗത്തിന്റെ നേതൃത്വത്തിലാണ് ഡോക്യുമെന്ററി തയ്യാറാക്കുന്നത്. യൂണിവേഴ്സിറ്റിയ്ക്ക് സാമ്പത്തിക ബാധ്യത ഇല്ലാത്ത രീതിയിൽ ഡോക്യുമെന്ററി തയ്യാറാക്കി തരാൻ ആവശ്യമായ അക്കാദമിക സഹായം നൽകാമെന്ന് യൂണിവേഴ്സിറ്റി അറിയിച്ചിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ഈ തുക യൂണിവേഴ്സിറ്റിക്കു കൈമാറുന്ന രീതിയിൽ പ്രോജക്ട് നടപ്പാക്കാവുന്നതല്ല. യൂണിവേഴ്സിറ്റിയുടെ അക്കാദമിക് സഹായത്തോടെ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് പ്രോജക്ട് നടപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.82 തൃശ്ശൂർ ജില്ലാ പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 03.09.2021 ലെ DPT D2-2884/20-ാം നമ്പർ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 26.07.2021 ലെ 16-ാം നമ്പർ തീരുമാനവും (SRG 335/22 LSGD – EM2/24/22/2022/LSGD)**

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്ക് ലാപ് ടോപ് വാങ്ങുന്നതിന് ഓരോ അംഗത്തിനും പരമാവധി 30,000/- രൂപ ജില്ലാ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്ന് മുൻകൂറായി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. പിന്നീട് 15 തുല്യ പ്രതിമാസ ഗഡുക്കളായി ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ ഓണറേറിയത്തിൽ നിന്ന് തിരിച്ചുപിടിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

**4.83 തിരുവനന്തപുരം കോർപ്പറേഷൻ**

**തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 04.03.2022 ലെ J1/7624/21-ാം നമ്പർ കത്തും തിരുവനന്തപുരം നഗരസഭാ കൗൺസിലിന്റെ 28.01.2022 ലെ 3(B)2-നമ്പർ തീരുമാനവും (SRG 336/22)**

ശുചിത്വ പരിപാലനത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി താഴെ പറയുന്നവ വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. നഗരസഭയുടെ മൂന്ന് ജെ.സി.ബി-കൾ കാലപഴക്കം മൂലം കണ്ടം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

i. ശുചിത്വപരിപാലനത്തിനു വാങ്ങുന്ന ഉപകരണങ്ങൾ

1. ജെ.സി.ബി (Back Hoe Loadder) - 2 എണ്ണം
2. ഹിറ്റാച്ചി (5 Ton – Mini excavator) - 1 എണ്ണം
3. ടിപ്പർ / മിനി ലോറികൾ - 2 എണ്ണം

ii. വിവിധ സോണൽ ഓഫീസുകളിലേക്ക് തപാൽ നൽകുന്നതിനും ഫീൽഡ് പരിശോധനയ്ക്കും ഗിയർലെസ് സ്കൂട്ടർ - 30 എണ്ണം

**തീരുമാനം: -** 1) അനുവദനീയ വിഹിതം ഉപയോഗിക്കണമെന്നും ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി വാങ്ങണമെന്നുമുള്ള നിബന്ധനയോടെ ശുചിത്വ പരിപാലനത്തിന് മുകളിൽ ക്രമനമ്പർ (i)ൽ പറഞ്ഞ മൂന്ന് ഉപകരണങ്ങൾ വാങ്ങാവുന്നതാണ്. മറ്റ് നടപടി ക്രമങ്ങൾ പാലിക്കണം.

2) സ്കൂട്ടർ വാങ്ങുന്നതിനുള്ള അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.84 കാസർകോഡ് ജില്ലാ പഞ്ചായത്ത്**

**കാസർകോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 08.03.22 ലെ കത്തും ജില്ലാ പഞ്ചായത്തു സെക്രട്ടറിയുടെ 08.03.22 ലെ E1-1824/21-ാം നമ്പർ കത്തും (SRG 337/22)**

***പ്രോ.നം:* 592/22** ***അടങ്കൽ 50,00,000/- രൂപ***

***( വികസനഫണ്ട് – ജനറൽ)***

***പേര് : ദർപ്പണം – വനിതകൾക്ക് നൈപുണ്യ വികസന പരിശീലനം***

കാസർകോഡ് ജില്ലാ പഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്ററെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കി നടപ്പിലാക്കുന്ന പദ്ധതിയാണ് ''ദർപ്പണം.'' പദ്ധതി പ്രകാരം കാസർകോഡ് ജില്ലയിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 500 വനിതകൾക്ക് ദീർഘകാല ലക്ഷ്യമെന്ന നിലയിൽ നൈപുണ്യ വികസന പരിശീലനം നൽകി തുടർന്ന് ബിരുദധാരികളാക്കുന്നതിനാണ് പ്രോജക്ട്. ഇത് നൂതന പദ്ധതിയായി ജില്ലാതല വിദഗ്ധ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. 02.03.2022 ൽ ചേർന്ന നൂതന പദ്ധതി പരിശോധിക്കുന്നതിനുള്ള ജില്ലാ

വിദഗ്ധ സമിതി യോഗം പദ്ധതി ശുപാർശകൾ /കാരണങ്ങൾ ചൂണ്ടികാട്ടി താഴെ പറയുന്ന നിരീക്ഷണങ്ങളോടെ തിരിച്ചയച്ചു.

1. പ്രോജക്ടിന്റെ പേരിലും പ്രവർത്തന ഇനങ്ങളിലും വ്യക്തതവരുത്തണം. (ബിരുദം എന്നത് രണ്ടാം ഘട്ടത്തിലെ ലക്ഷ്യമാണ്. ആദ്യ ഘട്ടത്തിൽ നൈപുണ്യ വികസന പരിശീലനം തന്നെയാണ്. അതുകൊണ്ട് തന്നെ പദ്ധതിയുടെ പേര് മാറ്റം വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്).
2. ഗുണഭോക്താക്കളെ നേരിട്ട് തെരഞ്ഞെടുത്ത രീതി.
3. നൈപുണ്യ പരിശീലനം നൽകുന്ന മേഖല വ്യക്തമല്ല.
4. പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.

കാസർഗോഡ് ജില്ലയിലെ പ്ലസ്ടു വിദ്യാഭ്യാസം പൂർത്തീകരിച്ച 500 വനിതകൾക്ക് ASAP (Additional Skill Acquisition Programme) മായി സഹകരിച്ചാണ് പ്രോജക്ട നടപ്പാക്കുന്നത്.

ഈ പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച് പത്ര പരസ്യത്തിലൂടെ അറിയിപ്പ് നൽകുകയും Need Based Assessment നടത്തി ASAP കണ്ടെത്തിയ 650 പേരിൽ നിന്നും ബി.പി.എൽ വിഭാഗത്തിൽപ്പെട്ട 250 പേരെ പദ്ധതിയ്ക്കായി ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുമുണ്ട്. ഈ പദ്ധതിയ്ക്കായി നേരിട്ട് വിവിധ ഗ്രാമപഞ്ചായത്തുകളുടെ ഗ്രാമസഭകളിൽ നിന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ട് നിലനിൽക്കുന്നുണ്ട്. കൊവിഡ് സാഹചര്യവും വിവിധ ഗ്രാമപഞ്ചായത്തു കളിലേക്ക് പദ്ധതിയുടെ ആശയം കൈമാറുന്നതിനുള്ള ബുദ്ധിമുട്ടും കണക്കിലെടുത്താണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഈ രീതിയിൽ അവലംബിക്കുകയും തെരഞ്ഞെടുപ്പിന് ശേഷം പട്ടിക ഗ്രാമസഭകളുടെ സാധൂകരണം തേടുക എന്ന രീതി അവലംബിച്ചി രിക്കുന്നതും. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റിയാണ് ബിരുദം നൽകുന്നതെന്നും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തൊഴി ൽ ദാതാക്കളാകണമെന്ന നയം അനുസരിച്ച് കൂടുതൽ തൊഴിൽ അവസരം സൃഷ്ടിക്കുവാൻ വേണ്ടി സർക്കാർ ഏജൻസിയായ അസാപ് (Additional Skill Acquisition Programm) വഴിയാണ് നൈപുണ്യ വികസന പരിശീലനം നൽകുന്നതെന്നും ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. പത്രപരസ്യം മുഖേനയും സാക്ഷരതാ പ്രേരക് മുഖേനയും ലഭ്യമായ 560 അപേക്ഷകർക്ക് ഒന്നാം ഘട്ട കൗൺസിലിംഗ് രണ്ടു മേഖലകളിലായി നൽകിയതിനു ശേഷം അഭിരുചി ടെസ്റ്റ്, ഓൺലൈൻ ഇന്റർവ്യൂ എന്നിവ നടത്തിയാണ് നിലവിൽ 250 പേരെ തെരഞ്ഞെടുത്തിരിക്കുന്നത് എന്നും

ഇവർ കോഴ്സ് പൂർത്തിയാക്കുമ്പോൾ ജില്ലാ പഞ്ചായത്ത് മുൻകൈ എടുത്തും തൊഴിൽമേള നടത്തിയും ജില്ലാ പഞ്ചായത്ത് പ്രോജക്ടുകൾ മുഖേനയും തൊഴിൽ ലഭ്യമാക്കുമെന്നും ഇതിൽ ഒരു ഗുണഭോക്താവിന് 20,000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം കൂടാതെ 2000 രൂപ ഗുണഭോക്തൃ വിഹിതമായിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. മുൻ മാതൃകകളില്ലാത്ത പ്രോജക്ട് എന്ന നിലയിൽ അസാപ് മുഖേന നടത്തുന്ന ജില്ലാ പഞ്ചായത്ത് പ്രോജക്ടിന് അനുമതി നൽകുന്നു. അസാപ് തുക കൈമാറുന്നതിന് ധനകാര്യ മാർഗ നിർദ്ദേശങ്ങൾ പ്രകാരം അനുമതി നൽകുന്നു. പദ്ധതി പ്രവർത്തനം ജില്ലാ ആസൂത്രണ സമിതി മോണിറ്റർ ചെയ്യേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.85 വരൾച്ച – കുടിവെള്ള വിതരണം**

**ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 10.03.22 ലെ KGPA/LM/FR/2022031002-ാം നമ്പർ കത്ത്)**

വേനൽ കാലത്ത് പല ഗ്രാമപഞ്ചായത്തുകളിലും കുടിവെള്ള വിതരണം നടത്തേണ്ടത് അനിവാര്യമാണ്. ഗ്രാമപഞ്ചായത്തുകൾക്ക് കുടിവെള്ള വിതരണം നടത്തുന്നതിന് വേണ്ട അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** 1) വരൾച്ചമൂലം കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും കുടിവെള്ള വിതരണ ത്തിന് താഴെ പറയുന്ന നിരക്കു പ്രകാരം അനുമതി നൽകുന്നു.

| **തദ്ദേശഭരണ സ്ഥാപനം** | **31.03.2022 വരെ ചെലവഴിക്കാവുന്ന തുക** | **01.04.2022 മുതൽ 31.05.2022 വരെ ചെലവഴിക്കാവുന്ന തുക** |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | 5.50 ലക്ഷം രൂപ | 11.00 ലക്ഷം രൂപ |
| മുനിസിപ്പാലിറ്റികൾ | 11.00 ലക്ഷം രൂപ | 16.50 ലക്ഷം രൂപ |
| കോർപ്പറേഷൻ | 16.50 ലക്ഷം രൂപ | 22.00 ലക്ഷം രൂപ |

2) വരൾച്ച ബാധിത പ്രദേശമായി ജില്ലാകളക്ടർ പ്രഖ്യാപിച്ചാൽ ഇങ്ങനെ ചെലവാക്കുന്ന തുക ജില്ലാ കളക്ടർ റീഇംബേഴ്സ് ചെയ്യാറുണ്ട്. അങ്ങനെ വന്നാൽ ഇതിനായി

വന്ന ചെലവിന്റെ ബില്ലുകൾ ജില്ലാ കളക്ടർക്ക് നൽകി റീഇംപേഴ്സ് ചെയ്തു ലഭിക്കാൻ നടപടി സ്വീകരിക്കണം. ഇതിനായി തനതുഫണ്ട്/ വികസനഫണ്ട് (ജനറൽ) ഉപയോഗിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

യോഗം വൈകുന്നേരം 6.30 മണിക്ക് അവസാനിച്ചു

**അനുബന്ധം**

## യോഗത്തിൽ പങ്കെടുത്തവർ

1. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പ് മന്ത്രി
2. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
4. പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് (പ്രതിനിധി)
5. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് (പ്രതിനിധി)
6. ഡയറക്ടർ, നഗരകാര്യ വകുപ്പ് (പ്രതിനിധി)
7. ഗ്രാമവികസന കമ്മീഷണർ
8. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ (പ്രതിനിധി)
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
10. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ (പ്രതിനിധി)
11. മിഷൻ ഡയറക്ടർ, MGNREGS (പ്രതിനിധി)
12. ഡയറക്ടർ, ശുചിത്വമിഷൻ
13. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
14. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
15. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
16. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് (പ്രതിനിധി)
17. ഡയറക്ടർ, ആരോഗ്യവകുപ്പ് (പ്രതിനിധി)
18. ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് (പ്രതിനിധി)
19. മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
20. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി (പ്രതിനിധി)
21. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (പ്രതിനിധി)
22. ജനറൽമാനേജർ, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്